# അല്ലാമാ ഇഖ്ബാൽ

എൻ. എ. മജീദ് II B. Sc. (തൃക്കരിപ്പൂർ)

വിശ്വസാഹിത്യനഭോമണ്ഡലത്തിൽ മിന്നിത്തിളങ്ങുന്ന അപൂർവ്വം ചില തേജോഗോളങ്ങളിൽ അല്ലാമാ ഇഖ്ബാലിന്റെ രൂപം മായാതെ കിടക്കുന്നു. ഈ കവികോകിലത്തിന്റെ കേളീരംഗം ഉറുദുസാഹിത്യവും, പേർഷ്യൻ സാഹിത്യവും ആണെങ്കിലും അദ്ദേഹത്തിന്റെ കലാസൃഷ്ടി ഈ രണ്ട് ഭാഷകൾ കൈകാര്യം ചെയ്യുന്ന ജനവിഭാഗങ്ങളിലോ, രാജ്യങ്ങളിലോ മാത്രമല്ല, മറിച്ച് വിശ്വം മുഴുവനും പ്രസിദ്ധി ആർജ്ജിച്ചവയാണ്. കല, സൗന്ദര്യബോധം, തത്വശാസ്ത്രം എന്നിവയുടെ സമഞ്ജസമായ ലയനമാണ് ഇഖ്ബാൽ കൃതികളിൽ പ്രതിബിംബിച്ചുകാണുന്നത്. അന്ധകാരത്തിലും, അജ്ഞതയിലും മുഴുകിയിരുന്ന ഒരു ജനവിഭാഗത്തെ ഉണർത്തി ഉത്തേജിപ്പിച്ചു കർമ്മധീരരാക്കുവാൻ അദ്ദേഹത്തിന്റെ ആ സൗന്ദര്യബോധത്തിനു കഴിഞ്ഞു. അന്നു ഭാരതത്തിൽ നടമാടിയിരുന്ന വർഗ്ഗീയ ചിന്താഗതിയെ ഉന്മൂലനം ചെയ്യാൻ വളരെയേറെ സഹായിച്ച ഒന്നായിരുന്നു അദ്ദേഹത്തിന്റെ തത്വശാസ്ത്രം. ദേശാഭിമാനവും, രാജ്യസ്നേഹവും തുളുമ്പുന്ന അദ്ദേഹത്തിന്റെ കവിതാശകലങ്ങൾ ജനലക്ഷങ്ങളെ സ്വാതന്ത്ര്യബോധവാന്മാരാക്കി. മനുഷ്യവർഗ്ഗത്തിന്റെ ആധിവാസപരിധിയോളം തന്റെ കവിതാവാഹിനിയും ചെന്നെത്തണമെന്ന് അദ്ദേഹം ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ കവിതകളിൽ നിഴലിച്ചുകാണുന്ന ഒരു വസ്തുതയാണത്.

കഥാപുരുഷന്റെ ജീവിതത്തെ പുരസ്കരിച്ചുകൊണ്ട് ഉറുദു, പേർഷ്യൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ നിരവധി ഗ്രന്ഥങ്ങൾതന്നെ വിരചിതമായിട്ടുണ്ട്. 17–ാം നൂറ്റാണ്ട് മുതൽ പഞ്ചാബിൽ താമസമാക്കി വന്നിരുന്ന ഒരു കാശ്മീരികുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. കൃത്യമായി പറഞ്ഞാൽ 1873 ഫിബ്രവരി മാസം 22–ാംനയാണ് അദ്ദേഹത്തിന്റെ ജന്മദിനം. വിദ്യാഭ്യാസതല്പരനായ അദ്ദേഹത്തിന്റെ പിതാവ് വീട്ടിൽനിന്നും, മദ്രസകളിൽനിന്നും, സ്കൂളുകളിൽ ചെന്നും മകന്റെ വിദ്യാഭ്യാസകാര്യത്തിൽ അതീവതാല്പര്യം പ്രകടിപ്പിച്ചുവന്നിരുന്നു. അതിബുദ്ധിമാനായിരുന്ന ഇഖ്ബാലിന്റെ ബുദ്ധിസാമർത്ഥ്യത്തിൽ അദ്ധ്യാപകർ ആശ്ചര്യം പ്രകടിപ്പിച്ച പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം അദ്ദേഹം സിയാൽകോട്ടിലെ മിഷ്യൻ കോളേജിൽ ചേർന്ന് എഫ്. എ. പാസ്സായി. പിന്നീട് ലാഹോർ കോളേജിൽചേർന്ന് തത്വശാസ്ത്രത്തിൽ ബി. എ. ബിരുദവും സമ്പാദിച്ചു. ഏകദേശം ആ കാലഘട്ടത്തിൽതന്നെ ഒരു യുവകവിയെന്ന നിലയിൽ അദ്ധ്യാപകവിദ്യാർത്ഥികളുടെയിടയിൽ അദ്ദേഹം പ്രശസ്തനായിരുന്നു. ആയിടക്ക് പ്രസിദ്ധതത്വചിന്തകനായ പ്രഫസർ ആർനോൾഡുമായി അദ്ദേഹത്തിനു ബന്ധം പുലർത്തുവാൻ സാധിച്ചു. ആർനോൾഡ് പ്രഫസറായിരുന്ന ലാഹോർ ഗവർമ്മെണ്ട്കോളേജിൽ അദ്ദേഹം ബിരുദാനന്തരപഠനം തുടരുകയും ഒന്നാമനായി വിജയം കൈവരിക്കയും ചെയ്തു.

വിദ്യാഭ്യാസാനന്തരം അദ്ധ്യാപകനായി പല കോളേജുകളിലും ജോലി നോക്കി. പക്ഷെ വിജ്ഞാനദാഹിയായിരുന്ന അദ്ദേഹം വീണ്ടും വിദേശത്തുചെന്ന് ഉപരിപഠനം തുടരുവാൻ തീരുമാനിച്ചു. ഇംഗ്ലണ്ടിൽചെന്ന് അദ്ദേഹം കേംബ്രിഡ്ജ് സർവ്വകലാശാലയിൽനിന്നും തത്വശാസ്ത്രത്തിൽ ഉന്നതബിരുദം സമ്പാദിച്ചു. അതേയവസരം തന്നെ അദ്ദേഹം ബാരിസ്റ്റർ ഡിഗ്രിയും നേടിക്കഴിഞ്ഞിരുന്നു. പിന്നീട് അദ്ദേഹം "School of Political Science" എന്ന സ്ഥാപനത്തിൽനിന്നും Political Science–ൽ ഒരു ഉന്നതബിരുദം സമ്പാദിച്ചു. അതിനുശേഷം ജർമ്മനിയിൽനിന്നും പേർഷ്യൻ തത്വശാസ്ത്രത്തിൽ ഡാക്ടർ ബിരുദം സമ്പാ

ദിച്ചു. ആയിടക്ക് പേർഷ്യൻ സംസ്കാരത്തെ പുരസ്കരിച്ച് അദ്ദേഹം ഉറുദുവിലെഴുതിയ ലേഖനം ആംഗ്ലേയഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ടതോടെ ഒരു ദാർശികനെന്ന നിലയിൽ യൂറോപ്പ് മുഴുവനും അദ്ദേഹം അറിയപ്പെടുവാൻ തുടങ്ങി.

ഇംഗ്ലണ്ടിൽവെച്ചും പ്രഫസർ ആർനോൾഡിന്റെ സാമീപ്യം അദ്ദേഹത്തിനു താങ്ങും തണലുമായിരുന്നു. കവിതയെഴുത്തു നിർത്തുവാൻ ഒരുമ്പെട്ട ഇഖ്ബാലിനെ അതിൽനിന്നും പിന്തിരിപ്പിച്ചതു് ആർനോൾഡായിരുന്നു.

പാശ്ചാത്യസാഹിത്യഭണ്ഡാഗാരത്തിനു മുതൽക്കൂട്ട് വർദ്ധിപ്പിക്കുന്നതിൽ ഇഖ്ബാൽ കൃതികൾ സ്തുത്യർഹമായ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പല കൃതികളിലും പാശ്ചാത്യ-പൌരസ്ത്യ സംസ്കാരങ്ങൾ തമ്മിലുള്ള അന്തരം അദ്ദേഹം ഉദാഹരണസഹിതം വിവരിച്ചിട്ടുണ്ട്. അത്തരം കൃതികളിൽ പ്രാധാന്യമർഹിക്കുന്നതു് അദ്ദേഹത്തിന്റെ "അസ്റാറെ ഖുദി" യുടെ ഇംഗ്ലീഷു് വിവർത്തനമാണ്. കാംബ്രിഡ്ജ് സർവ്വകലാശാല പ്രഫസറായിരുന്ന ഡോ: നിക്കോൾസൺ ആണ്, "Secret of the self" എന്ന പേരിൽ അതു് പരിഭാഷപ്പെടുത്തിയിട്ടുള്ളതു്. എ. ജെ. ആർ. ബെറിയുടെ "Tritip of Senai", വി. ജി. കീർനാന്റെ "Poems from Iqubal", അൽതാഫ് ഹുസൈന്റെ "Complaint and Answer", മാഡം ഈവാമെയറോവിച്ചിന്റെ "Reconstruction of Religious thought" മുതലായവ ഇങ്ങിനെ വിവർത്തനം ചെയ്യപ്പെട്ട കൃതികളാണ്.

ഇംഗ്ലണ്ടിൽനിന്നും തിരിച്ചുവന്ന അദ്ദേഹം കുറച്ചുകാലം പ്രഫസറായും, പിന്നീട് 1934വരെ ഒരു അഭിഭാഷകനായും ജീവിതം നയിച്ചു.

രാഷ്ട്രീയമണ്ഡലത്തിലും അദ്ദേഹത്തെ നമുക്കു കാണുവാൻ കഴിയുന്നതു് ഒരു വിരോധാഭാസമായി തോന്നിയേക്കാം. സംഭവബഹുലമായ ഒരു രാഷ്ട്രീയജീവിതമാണ് അദ്ദേഹം നയിച്ചിട്ടുള്ളതു്. പഞ്ചാബ് ലെജിസ്ലേറ്റീവ് അസംബ്ലിയിൽ അംഗമെന്ന നിലയിൽ അദ്ദേഹത്തിന്റെ സേവനം വിലയേറിയതായിരുന്നു. ലണ്ടനിൽവെച്ചു നടത്തപ്പെട്ട രണ്ടു് വട്ടമേശാസമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ടു്.

ശേഷമുള്ള ജീവിതമെല്ലാം അദ്ദേഹം സാഹിതീസേവനത്തിന്നാണ് ഉപയോഗപ്പെടുത്തിയതു്. സദാചാരത്തിന്റേയും, സ്നേഹത്തിന്റേയും സീമ അതിലംഘിക്കാത്ത അദ്ദേഹത്തിന്റെ ഭാവനാവൈഭവം അനന്യസാധാരണമാണ്. യാതനകളിലും വേദനകളിലും അനുകമ്പ പ്രകടിപ്പിക്കാവുള്ള ഒരു ഹൃദയമായിരുന്നു അദ്ദേഹത്തിന്റേതു്. ജീവിതത്തിന്റെ ഓരോ ചലനവും അദ്ദേഹത്തിന്റെ കൃതികളിൽ ഉൾക്കൊണ്ടിരിക്കുന്നു. അദ്ദേഹം സ്പർശിക്കാത്ത വിഷയങ്ങളില്ലയെന്നുതന്നെ പറയാം.

ശ്വാസകോശ സംബന്ധമായ ഒരു രോഗം പിടിപെട്ടപ്പോഴാണ് അദ്ദേഹത്തിനു് മരണശയ്യയിൽ കിടക്കേണ്ടിവന്നതു്. 1928 ഏപ്രിൽ 21-ാംനു- ഒരു ഞെട്ടലോടെയാണ് അദ്ദേഹത്തിന്റെ മരണവാർത്ത ലോകം കേട്ടതു്. ലക്ഷക്കണക്കിനു് ആരാധകരുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ മൃതദേഹം ഷാഹിമസ്ജിദിന്റെ പുറത്തുള്ള മുഗിളാബാഗിൽ എല്ലാവിധ ബഹുമതികളോടുംകൂടി സംസ്കരിക്കുമ്പോൾ, ലോകത്തിന്റെ നാനാഭാഗത്തുനിന്നും ജാവീദ്മൻസിലിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്ന അനുശോചന സന്ദേശങ്ങളുടെ പ്രവാഹം നിലച്ചിട്ടില്ലായിരുന്നു. വലിയവരും ചെറിയവരും, ഭേദപ്പെട്ടവരും സാമാന്യജനങ്ങളും, നേതാവും അനുയായിയും എല്ലാം ഒരുപോലെ ദുഃഖംപൂണ്ട ദിവസമായിരുന്നു അന്നു്. ഒരു ഞെട്ടലോടെ ആ വാർത്തകേട്ട ജവഹരിലാൽ നെഹറു വിലപിച്ചു. "സർ ഇഖ്ബാലിന്റെ മരണവാർത്ത എന്നെ വളരെയേറെ വ്യസനാക്രാന്തനാക്കിയിരിക്കുന്നു. ഞാനദ്ദേഹവുമായി ഈയിടെ മാത്രമാണ് സംഭാഷണം നടത്തിയിരുന്നതു്. അദ്ദേഹത്തിന്റെ സ്വാതന്ത്ര്യസ്നേഹവും, ആവേശവും എന്നെ പുളകം കൊള്ളിച്ചു. വെട്ടിത്തിളങ്ങുന്ന ഒരു നക്ഷത്രത്തിന്റെ തിരോധാനമാണ് അദ്ദേഹത്തിന്റെ മരണംകൊണ്ടുണ്ടായിട്ടുള്ളതു്. എന്നിരുന്നാലും അദ്ദേഹത്തിന്റെ മാധുര്യമുള്ള കവിതകൾ നമ്മുടെ മസ്തിഷ്കത്തിൽ പുതുമയും ഹൃദയത്തിൽ ആവേശവും നല്കിക്കൊണ്ടിരിക്കും."

# ഡോക്ടർ സക്കീർ ഹുസൈൻ

( പി. പി. ഉമർഫാറൂഖ്, I B Com. )

ഡോ. രാധാകൃഷ്ണനെപ്പോലെതന്നെ അദ്ദേഹത്തിന്റെ പിൻഗാമിയും ഒരധ്യാപകനായിട്ടാണ് ജീവിതമാരംഭിച്ചത്. തന്റെ പിൻഗാമി ഇന്ത്യയുടെ അന്തസ്സും അഭിമാനവും ഉയർത്തിക്കാണിക്കുമെന്നതിലും, പ്രസിഡന്റിന്റെ ഉന്നതസ്ഥാനം ഭംഗിയായി അലങ്കരിക്കുമെന്നതിലും സ്ഥാനമൊഴിയുന്ന അവസരത്തിൽ ഡോ. രാധാകൃഷ്ണൻ ആശ്വാസം കൊള്ളുകയുണ്ടായി. രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിന്ന് ഇതിന്ന് മുമ്പൊരിക്കലും ഇത്ര പ്രാധാന്യം കല്പിച്ചിരുന്നില്ല. 1967-ലെ തിരഞ്ഞെടുപ്പിന്റെ സവിശേഷതകളിലൊന്ന് വിജയിച്ച സ്ഥാനാർത്ഥിയായ ഡോ. സക്കീർ ഹുസൈൻ നേരിട്ട് യാതൊരു പ്രചരണവും നടത്തിയിരുന്നില്ലെന്നതാണ്. അതിനെക്കുറിച്ചദ്ദേഹം പറഞ്ഞത്, "പൊതുജീവിതത്തിൽ ഞാനിത്രയും കാലം വഹിച്ച പങ്കിനെക്കുറിച്ച് ജനങ്ങൾക്കിനിയും മനസ്സിലായിട്ടില്ലെങ്കിൽ അവരിനി അതൊരിക്കലും മനസ്സിലാക്കാൻ പോകുന്നില്ല" എന്നാണ്. ഉത്തർപ്രദേശിലെ ഫാറൂഖാബാദുകാരനായ പുതിയ രാഷ്ട്രപതി ആന്ധ്രയിലെ ഹൈദരബാദിലാണ് ജനിച്ചത്. ഫിദാഹുസൈന്റെ പുത്രനായി ജനിച്ച അദ്ദേഹത്തിന്റെ സഹോദരന്മാരിൽ ഒരാളായ ഡോ. മുഹമ്മദ് ഹുസൈൻ, പാകിസ്ഥാനിലെ ലിയാഖത്ത് മന്ത്രിസഭയിൽ വിദ്യാഭ്യാസമന്ത്രിയായിരുന്നു. 1921-ൽ നിസ്സഹകരണ പ്രസ്ഥാനത്തിന്റെ തീനാളത്തിലേക്ക് കുതിച്ചുചാടിയ ഡോ. ഹുസൈൻ, 1926-ൽ, 29-ാംവയസ്സിൽ, താൻ സ്ഥാപിച്ച "ജാമിയാമില്ലിയാ" സർവ്വകലാശാലയുടെ വൈസ്ചാൻസലറാകുകയും നീണ്ട 22 വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിക്കുകയും ചെയ്തു. ഈ സർവ്വകലാശാലയുടെ അന്നത്തെ സാമ്പത്തികസ്ഥിതി പരിഗണിച്ച് വെറും 75 രൂപ മാത്രമാണ് അദ്ദേഹം മാസശമ്പളമായി വാങ്ങിയിരുന്നത്. 1948-ൽ പ്രധാനമന്ത്രി നെഹറുവിന്റെയും, വിദ്യാഭ്യാസമന്ത്രി മൗലനാ ആസാദിന്റെയും ഉപദേശപ്രകാരം ഡോ. ഹുസൈൻ അലിഗർ മുസ്ലിം സർവ്വകലാശാലയിലേക്ക് മാറുകയും, എട്ടുവർഷക്കാലം വൈസ്ചാൻസലറായിരിക്കുകയും ചെയ്തു. അദ്ദേഹത്തെപ്പോലെ ഇത്രയും സുദീർഘമായകാലം—മുപ്പതുവർഷത്തോളം—സർവ്വകലാശാലാ വൈസ്ചാൻസലറായിരിക്കുവാൻ അവസരം ലഭിച്ചവർ തന്നെ വളരെ വിരളമാണ്. 1957-ൽ ബീഹാർ ഗവർണ്ണറായി നിയമിതനായ അദ്ദേഹം അഞ്ചുവർഷത്തിന്നുശേഷം ഉപരാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടു. 1963-ൽ രാഷ്ട്രത്തിലെ അത്യുന്നത ബഹുമതിയായ "ഭാരത രത്ന"ബിരുദം നൽകിക്കൊണ്ട് ഇന്ത്യൻ ജനത അദ്ദേഹത്തെ ആദരിച്ചു. 1967 മേയ് 9-ാംനു- ലക്ഷത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തോടെ ഡോക്ടർ സാക്കിർ സാഹിബ് ഭാരത റിപ്പബ്ലിക്കിന്റെ മൂന്നാമത്തെ രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടു. അന്നുരാത്രിയുള്ള ഇംഗ്ലീഷ് വാർത്താപ്രക്ഷേപണത്തിന്നിടയിലൂടെ നിയുക്ത രാഷ്ട്രപതിയുടെ സ്വരം കേൾപ്പിക്കുകയുണ്ടായി.

"ജീവിതത്തിന്റെ ഭൂരിഭാഗവും ദേശീയ വിദ്യാഭ്യാസത്തിന്നായി അർപ്പണംചെയ്ത ഒരധ്യാപകന്ന് രാഷ്ട്രം നല്കിയ ഏററവും വലിയ ബഹുമതിയാണിത്." എന്നാണ് തന്റെ വിജയത്തെപ്പററി ഡോ. സാക്കിർ ഹുസൈൻ പറഞ്ഞത്. ഇസ്ലാമിന്റെ ഒരു വിശിഷ്ടസന്തതിയെ ഹൈന്ദവഭൂരിപക്ഷമുള്ള ഒരു രാഷ്ട്രത്തിന്റെ തലവനായി തിരഞ്ഞെടുത്തുകൊണ്ട് ഭാരതം അതിന്റെ ചരിത്രമഹത്വത്തിനും, സാംസ്കാരിക പാരമ്പര്യത്തിനും, മനോവിശാലതക്കും തിലകം ചാർത്തിയിരിക്കയാണ്. മറെറാരു ഭാഷയിൽ പറഞ്ഞാൽ രാഷ്ട്രപിതാവ് സ്നേഹിച്ച ഒരു സമുന്നതവ്യക്തിയെ സമുന്നതസ്ഥാനത്തിരുത്തിക്കൊണ്ട് രാഷ്ട്രം ആദരി

ച്ചിരിക്കയാണ്. നമ്മുടെ സാംസ്കാരികയുഗത്തിലെ തലയെടുപ്പുള്ളൊരു വ്യക്തിയാണ് ഡോ. ഹുസൈൻ. സെക്യുലറിസത്തിന്റെ അപേക്ഷയൊന്നും കൂടാതെതന്നെ ഇന്ത്യയുടെ രാഷ്ട്രപതിയാവാൻ അദ്ദേഹത്തിന്നു് യോഗ്യതയുണ്ടു്. അദ്ദേഹത്തെപ്പോലെ സംസ്കാരസമ്പന്നനും, വിദ്യാഭ്യാസവിചക്ഷണനുമായ ഒരു വ്യക്തിയെ രാഷ്ട്രത്തലവനായി ലഭിച്ചതു് ഭാരതീയരുടെ മഹാഭാഗ്യമാണ്. ഇന്ത്യയുടെ എല്ലാവിധ മഹിമകളുടെയും നന്മകളുടെയും പ്രതീകമാണ് അദ്ദേഹം. ഏതു് മാനദണ്ഡം വെച്ചളന്നു് നോക്കിയാലും സാംസ്കാരിക വിദ്യാഭ്യാസരംഗത്തു് പേരെടുത്ത ഭാരതത്തിന്റെ ഈ പ്രശസ്തപുത്രൻ എല്ലാ നിലയിലും ഈ സമുന്നത സ്ഥാനത്തിന്നർഹനാണ്. പ്രതിപക്ഷത്തിലെ ചില ക്ഷുദ്രജീവികൾ ഈ മഹാപുരുഷനെ തകർക്കാൻ ശ്രമിച്ചു. എന്നാൽ അവരെ തികച്ചും നിരാശരാക്കിക്കൊണ്ടു്, നാട്ടിന്റെ പ്രഗത്ഭമതിയായ ഈ പുത്രൻ രാഷ്ട്രപതിഭവനിൽ താമസിച്ചുകൊണ്ടു് ദേശസേവനം ചെയ്യണമെന്നാണ് പ്രതിപക്ഷകുതന്ത്രങ്ങൾക്കെതിരിൽ ജനപ്രതിനിധികൾ വിധി എഴുതിയതു്. ഒരു മുസ്ലീമായതുകൊണ്ടു് രാഷ്ട്രം ഡോ. സാക്കിറിന്റെ കയ്യിൽ സുരക്ഷിതമായിരിക്കയില്ലെന്നു് ചിലർ പ്രചരണം നടത്തി. ഈ വർഗ്ഗീയ പ്രചരണത്തെ ജനപ്രതിനിധികൾ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളഞ്ഞു. എന്തെന്നാൽ, ഡോ. സാക്കീർ ഹുസൈൻ ഒരു ദേശീയ പാർട്ടിയുടെ സ്ഥാനാർത്ഥിയായിരുന്നു; ഇസ്ലാം മതത്തിന്റെ സ്ഥാനാർത്ഥിയായിരുന്നില്ല. വിദ്യാഭ്യാസ വിചക്ഷണനും, പണ്ഡിതനും, ധീരദേശാഭിമാനിയും ആയ അദ്ദേഹത്തെ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിപ്പിക്കേണ്ടതു് എല്ലാ ദേശസ്നേഹികളുടെയും പാവനമായ കടമയാണെന്നു് അവർ മനസ്സിലാക്കി. അദ്ദേഹത്തിന്റെ വിജയം ഇന്ത്യയുടെ പ്രഖ്യാപിതലക്ഷ്യങ്ങളുടെ വമ്പിച്ച വിജയമായിരുന്നു. ലോകം മുഴവൻ നമ്മുടെ ആഹ്ലാദത്തിൽ പങ്കുചേരുകയുണ്ടായി.

ഒരു വലിയ ആദർശവാദിയാണ് ഡോ. സാക്കീർ ഹുസൈൻ, തന്റെ വാക്കുകൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരണമെന്നു് വളരെയധികം കണിശമുള്ള ഒരാളാണ് അദ്ദേഹം. ''സംസാരം ചുരുക്കുക; പ്രവൃത്തി വർദ്ധിപ്പിക്കുക'' എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രം. യാതൊരാൾക്കും, യാതൊരുവിധ പരാതിക്കും അവസരം നല്കാതെ തന്റെ ജോലികൾ കർത്തവ്യനിർവ്വഹണബോധത്തോടും, ചുമതലാബോധത്തോടുംകൂടി ഇക്കാലമത്രയും അദ്ദേഹം ചെയ്തുപോന്നു. ഇന്ത്യയുടെ പ്രസിഡണ്ടു് സ്ഥാനം നല്കിക്കൊണ്ടു് അങ്ങേയററത്തെ ആദരവും, വിശ്വാസവുമാണ് രാഷ്ട്രം ഡോ. സാക്കീർ ഹുസൈനിൽ അർപ്പിച്ചിട്ടുള്ളതു്. ജനങ്ങളുടെ വിശ്വാസം ഒരിക്കലും വഞ്ചിക്കുകയോ ഭഞ്ജിക്കുകയോ ചെയ്യുകയില്ലെന്നു് സാക്കീർ സാഹിബു് ഇതിനകം തെളിയിച്ചു് കഴിഞ്ഞിട്ടുണ്ടു്. ഒരു ഉപരാഷ്ട്രപതിയുടെ അന്തസ്സിനനുയോജ്യമായ നിലയിൽ അഞ്ചുവർഷം നിലകൊണ്ടശേഷമാണ് അദ്ദേഹം രാഷ്ട്രത്തിന്റെ സമുന്നതസ്ഥാനം ഏറെറടുത്തതു്. രാജ്യസഭയുടെ ചെയർമാനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ കാര്യശേഷിയും, നിഷ്പക്ഷതയും പ്രതിപക്ഷത്തിന്റെപോലും മുക്തകണ്ഠമായ പ്രശംസക്കു് പാത്രമായിത്തീർന്നിട്ടുണ്ടു്. സർവ്വോപരി രാഷ്ട്രപിതാവിന്റെ വിശ്വാസവും, സ്നേഹവും ആർജ്ജിക്കുവാൻ സാധിച്ച ചുരുക്കം ചില വ്യക്തികളിൽ ഒരാളാണ് അദ്ദേഹം. പരിശുദ്ധ ഹൃദയത്തോടും, ഏകാഗ്രബുദ്ധിയോടുംകൂടി മററുള്ളവരുടെ ശ്രേയസ്സിന്നായി അഹോരാത്രം പരിശ്രമിക്കുന്ന ഒരു വ്യക്തിയായിട്ടാണ് ഗാന്ധിജി അദ്ദേഹത്തെ നോക്കിക്കണ്ടതു്. ചുരുക്കത്തിൽ, ഡോ. രാധാകൃഷ്ണന്റെ പിൻഗാമിയാകുവാൻ ഡോ. സാക്കീർ ഹുസൈനേക്കാൾ യോഗ്യതയും, അവകാശവും ഉള്ള ഒരാളെ കണ്ടെത്തുകതന്നെ വിഷമമുള്ള കാര്യമായിരുന്നു.

ഉപരാഷ്ട്രപതിയായിരിക്കുമ്പോൾ അദ്ദേഹം പല രംഗങ്ങളിലും പ്രശസ്തമായി ശോഭിച്ചു. നാട്ടിന്റെ സ്വാതന്ത്ര്യത്തേയും, അതിർത്തിഭദ്രതയേയും ചോദ്യംചെയ്യുന്ന രണ്ടു വിദേശാക്രമണങ്ങൾ നടന്നതു് ആ അവസരത്തിലായിരുന്നു. രാജ്യരക്ഷാശ്രമങ്ങളിൽ വ്യാപൃതരായ ജനങ്ങൾക്കു് ഡോ. സാക്കീറിന്റെ ഉപദേശങ്ങളും, ഉൽബോധനങ്ങളും അനല്പമായി ഉപകരിക്കുകയുണ്ടായി. ജനങ്ങൾക്കദ്ദേഹം ആശ്വാസവും, ആവേശവും പകർന്നുകൊടുത്തു. പാക്കിസ്ഥാൻ ആക്രമണകാലത്തു് ലോകത്തിലെ വലിയൊരു വിഭാഗം രാഷ്ട്രങ്ങൾ നമുക്കെതിരായ നയം സ്വീകരിച്ചപ്പോൾ, ഭാരത

ത്തിൻെറ നിലപാട്ട് വ്യക്തമാക്കുവാൻ ഉപരാഷ്ട്രപതി മദ്ധ്യപൗരസ്ത്യ രാജ്യങ്ങളിൽ ഒരു പര്യടനം തന്നെ നടത്തുകയുണ്ടായി. പക്വതയുടേയും, സമാധാനത്തിൻെറയും ദാർശനിക സ്വഭാവമുൾക്കൊള്ളുന്ന അദ്ദേഹത്തിൻെറ സമീപനരീതി ലോകത്തെ മുഴുവൻ ആകർഷിച്ചു. നിത്യനൂതനമായ ചൈതന്യത്തോടെ അദ്ദേഹം ലോകത്തോട്ട് പറഞ്ഞു: "ആക്കും ദോഷം വരണമെന്നു് നാം ആഗ്രഹിക്കുന്നില്ല. മറെറാരാളുടെ ഒരിഞ്ചുഭൂമിയും കവന്നെടുക്കാൻ നാം മോഹിക്കുന്നില്ല. എന്നാൽ നമ്മുടെ പൊതുജീവിതതത്വം മുഴുവനുമുൾക്കൊള്ളുന്ന മഹത്തായ പ്രമാണങ്ങൾ അടിയറവെക്കാൻ ഭാരതത്തിന്നു് സാദ്ധ്യമല്ല."

വർഗ്ഗ-വർഗ്ഗീയ ചിന്തകൾ മനുഷ്യൻെറ മനസ്സാക്ഷിക്കെതിരായ ഒന്നാണെന്നും മനുഷ്യൻെറ അന്തസ്സിൻെറയും, സ്വാതന്ത്ര്യത്തിൻെറയും നേക്കുള്ള ഈ വെല്ലുവിളി നേരിടേണ്ടതു് പുരോഗമന മനസ്കരായ എല്ലാ മനുഷ്യരുടെയും പാവനമായ കടമയാണെന്നും അദ്ദേഹം കരുതുന്നു. അമേരിക്കൻ ആത്മാവിൽനിന്നും, അതുവഴി ലോകത്തുനിന്നും വർഗ്ഗചിന്തയുടെ ദുഷിച്ചഭാരം ഇറക്കിവെക്കുന്നതിന്നു് പരേതനായ ജോൺകെന്നഡി അനുഷ്ഠിച്ച കൃത്യങ്ങളിൽ ഡോ. ഹുസൈന്നു് വലിയ മതിപ്പാണുള്ളതു്. അളക്കാൻ വയ്യാത്തത്ര വലുതായ വിടവു് സൃഷ്ടിച്ചുകൊണ്ടു് പെട്ടെന്നവസാനിച്ച ഊർജ്ജസ്വലമായ ഒരു ജീവിതത്തിൻെറ ഉടമസ്ഥനായിട്ടാണു് അദ്ദേഹം കെന്നഡിയെ ആദരിക്കുന്നതു്.

ഭാരതത്തിൻെറ ഭാവിയിൽ ഡോ. സാക്കീർ ഹുസൈന്നു് തികഞ്ഞ ശുഭാപ്തിവിശ്വാസമാണുള്ളതു്. ഭാവിവികസനത്തിന്നു് അടിത്തറയിട്ടു് കഴിഞ്ഞ ഭാരതം അടുത്ത അഞ്ചു്-പത്തു് വർഷത്തിന്നുള്ളിൽ വമ്പിച്ച സാമ്പത്തിക പരിവർത്തനത്തിൻെറ കേന്ദ്രമായിത്തീരുമെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. ഇന്നത്യന്താപേക്ഷിതമായിട്ടുള്ള ആത്മനിയന്ത്രണവും, അച്ചടക്കവും തൻെറ ജനതയിൽ ഒട്ടും കുറവല്ലെന്ന ഉത്തമവിശ്വാസവും അദ്ദേഹത്തിന്നുണ്ടു്. എന്നിരുന്നാലും സ്വാർത്ഥമനോഭാവമാണു് ആളുകളിൽ വളർന്നുവന്നിട്ടുള്ളതെന്നും ചുറവുപാടുമുള്ള ആളുകൾക്കോ, രാജ്യത്തിന്നു് പൊതുവിലോ എന്തു സംഭവിക്കുമെന്നു അവർ ഓർക്കുന്നില്ലെന്നുമുള്ള ചെറിയൊരു പരാതിയും അദ്ദേഹത്തിന്നുണ്ടു്. ഇന്ത്യയാകുന്ന മഹാസൗധത്തിൻെറ ഓരോ ഇഷ്ടിക പാകുന്നതിലും ഓരോരുത്തനും സ്വന്തം സംഭാവനകളർപ്പിക്കണം. അങ്ങിനെ രാഷ്ട്രത്തിൻെറ ക്ഷേമത്തിന്നായി ജനങ്ങൾ കഠിനാദ്ധ്വാനം ചെയ്യാത്തപക്ഷം സ്വാതന്ത്ര്യം സംരക്ഷിക്കാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹമൊരിക്കൽ മുന്നറിയിപ്പു് നൽകുകയുണ്ടായി. മഹത്തായ ഭാരതസംസ്കാരത്തെയും, ജനിച്ച മണ്ണിൻെറ പാരമ്പര്യത്തെയും കുറിച്ചു് അഭിമാനമുള്ള ഒരു വ്യക്തിയാണു് ഡോ. സാക്കീർ ഹുസൈൻ. ഇക്കാരണത്താൽ യുഗപ്പഴക്കമുള്ള ഭാരതസംസ്കാരത്തെ കൂട്ടിയിണക്കുന്ന കണ്ണികളായ ജഗദ്ഗുരു ശങ്കരാചാര്യരുടെയും, ജൈനമുനി സുശീൽ കുമാറിൻെറയും അനുഗ്രഹാശീർവാദങ്ങൾ സ്വീകരിച്ചശേഷമാണു് അദ്ദേഹം രാഷ്ട്രപതിസ്ഥാനം ഏറെറടുത്തതു്. ഭാരതറിപ്പബ്ലിക്കിൻെറ മൂന്നാമത്തെ രാഷ്ട്രപതിയായി സത്യപ്രതിജ്ഞചെയ്തുകൊണ്ടു് ഡോ. ഹുസൈൻ പ്രഖ്യാപിച്ചു: "ഭാരതമൊട്ടുക്കു് എൻെറ വീടാണു്. ഇവിടത്തെ ജനങ്ങൾ എൻെറ കുടുംബാംഗങ്ങളും. എന്നെ കുറച്ചുകാലത്തേക്കു് ഈ കുടുംബത്തിൻെറ തലവനായി തിരഞ്ഞെടുത്തിരിക്കയാണു്. ഭാരതമാകുന്ന ഈ ഭവനത്തെ സുശക്തവും സുന്ദരവുമാക്കുവാൻ—നീതിയും, സമൃദ്ധിയും, സൗഭാഗ്യവുമുള്ള ഒരു ജീവിതത്തെ കെട്ടിപ്പടുക്കുക എന്ന ആകർഷകമായ പ്രവർത്തനത്തിലേപ്പെട്ടിരിക്കുന്ന മഹിമയററ ഒരു ജനത അർഹിക്കുന്ന ഒരു മന്ദിരമാക്കി ഭാരതത്തെ മാററുവാൻ ഞാൻ ആത്മാർത്ഥമായി പ്രയത്നിക്കും." രാഷ്ട്രം അർപ്പിച്ചിട്ടുള്ള ഉത്തരവാദിത്വം നിറവേററാൻ ആവശ്യമായ ശേഷിയും, ധൈര്യവും, മനക്കരുത്തും അദ്ദേഹത്തിന്നുണ്ടു്. ജനങ്ങളുടെ വിഷമങ്ങൾ ദൂരീകരിച്ചു് അവരെ സന്തുഷ്ടരാക്കുവാനും, ഇന്ത്യയെ ക്ഷേമൈശ്വര്യപൂർണ്ണവും, സുശക്തവുമായ ഒരു രാഷ്ട്രമാക്കുവാനും ഡോ. സാക്കീർ ഹുസൈൻ കിണഞ്ഞു് പരിശ്രമിക്കുമെന്നു് തീർച്ചയാണു്.

# "FOREIGN AID IN INDIA'S ECONOMIC DEVELOPMENT"

T. Sasidharan, II B. Com.

The idea of international co-operation and assistance for economic development is of postwar origin. The alien financial and technical assistance can play a potent role in the task of development of the under-developed countries. It is too difficult for a developing country like India to achieve 'Economic freedom' rapidly, without foreign assistance. Since Independence, our ceaseless effort was to accelerate our ecouomic development, and thus to ameliorate the living standards of our teeming millions.

It was due to our remarkable foreign policy of non-alignment, that we got technical and financial assistance from both the western and eastern countries. But the foreign aid that we obtained was inadequate in relation to our gigantic population and the requirements of development. Though the aid we received may seem exceedingly large, when compared with that which was obtained by other developing countries, it is below the average on per capita basis. The external assistance absorbed by our economy was only a negligible percentage of the net investment. Under the first three five-year-plans i.e. the net alien aid has financed 12.7% or one-eighth of the net investment of the three plans. The rest seven-eighths have been financed out of our own resources.

It is a dire necessity to adopt an exquisite planning and an effective policy to avoid the evil effects of the foreign assistance. Though, international co-operation for economic development was the slogan eversince the establishment of U. N. O. now the time has come to change the approach to foreign aid, if the aid-receiving country wants to refrain from huge burden of debts.

The assistance received in "tied loans" reduces the scope of the foreign aid and is hazardous, because they distort the economies of the aid-receiving countries and its optimum trade patterns. In order to bring down the burden of debt service charges, we should try to obtain assistance on 'soft' commercial terms instead of the 'hard' commercial terms. As a result of our repeated clamour, India has been able to obtain loans of longer maturities with lower interest charges. Loans to be repaid in foreign currencies, loans to be repaid in rupees, Grants and the U. S. Public Law Assistance were the terms on which assistance has been obtained by India so far.

Government should take active steps to reduce the lag between authorisation and utilisation of foreign aid. The main factor responsible for the lags in aid utilisation is the small share of non-project aid received from abroad. The importance of non-project aid in India's economic development is, obviously, great. Hence the Government should urge the aid-giving countries to give more non-project assistance in order to help prompt utilization of the aid. The entire development programme should be treated as a project and aid should be extended on this basis.

It is unfortunate to note that there is an unscruplous tendency among the aid-givers, to assist the developing countries on political considerations instead of considering the economic conditions. This is a perilous tendency and may threaten the independent existance of the aid-receiving countries. So it will be desir-

able to obtain aid through international agencies which keep aloof from political pressures and political objectives.

There should be an assurance of aid from foreign countries, since development is a continuing process. Since the commitment of funds depends on the year to year decisions of the aid-givers the aid-receiving countries suffer a lot. Despite the increasing requisites of the poorer countries, it is impossible to raise the aid levels due to this yearly commitment of aid funds and there is a tendency among the aid-givers to stabilize the aid at previous years' level. In order to redress the present deplorable position which was created by this tendency of the aid-givers, a proper way is to be found to obtain the aid in terms of some international understanding and on a continuing basis.

In short, in order to attain "economic freedom" rapidly, a comprehensive foreign aid policy should be adopted by India, to obtain aid on a continuing basis, to minimise the burden of debt service charges and to check the evil consequences of the foreign aid.

# FUNDAMENTAL RIGHTS AND THE LANGUAGE PROBLEM

P. Abdurahiman, M. Com.

India is a vast country with a history and civilisation dating to the dim dawn of history. She is a melting pot of diverse races, and religions with deep cultural differences and narrow sectional loyalties based on caste, creed, language and culture. India is also a multilingual country, a veritable 'Babel of tongues'. There are not less than 30 languages which can claim over half a million speakers. The principle languages included in the eighth schedule of the constitution and their strength are illustrated in the following table.

| *S. No.* | *Name of language.* | *No. of persons speaking the language* |
|---|---|---|
| 1. | Assamese. | 6,8,03,465 |
| 2. | Bengali | 3,38,88,939 |
| 3. | Gujarathi. | 2,03,04,664 |
| 4. | Hindi. | 13,34,35,360 |
| 5. | Kanada. | 1,74,15,782 |
| 6. | Kashmiri. | 19,56,115 |
| 7. | Malayalam. | 1,70,15,782 |
| 8. | Marati. | 3,32,86,771 |
| 9. | Oriya. | 1,57,19,398 |
| 10. | Panjabi. | 1,09,50,826 |
| 11. | Sanskrit. | 2544 |
| 12. | Tamil. | 3,05,62,706 |
| 13. | Telugu. | 3,76,68,132 |
| 14. | Urudu. | 2,33,23,518 |

(Ref. India 1966)

Besides, there are about 50 other Indian languages and dialects each having a hundred thousand speakers. All of them are not how ever languages of literary record. But as pointed out by the States Re-organisation Commission "one of the major facts of India's political evolutions during the last hundred years has been the growth of regional languages. During this period they have developed into rich and powerful vehicles of expression creating a sense of unity among those speaking them. In view of the fact that these languages are spoken in well defined areas, often with a historical background, the demand for unification of such areas to form separate states has gained momentum".

In a democatic setup, it is natural that the political parties would be broad based and rooted in the soil as they are the lifeline of modern politics. Politics cannot be genuinely democratic unless there is close communion between the people and elected representatives which necessitates recourse to the language of the people. It was on this ground that the reorganisation of provinces on a linguistic basis had been one of the demands of the Congress during the inter-war period. The attainment of Independance followed by the enactment of a democratic constitution, the recognition given to the 14 languages as 'the languages of India', the adoption of Hindi (along with English) as the federal language and the right given to the state legislatures to adopt "any one or more languages in use in the state or Hindi as the languages or languages to be used for the official purposes of the state" provided impetus to the desire for linguistic states. The Congress leadership however did its best to put in the cold storage the proposal for the linguistic reorganisation of the states. But the fast unto death of Potti Shriramlu in December 1955 and the consequent disorders in Andhra forced the Union Govt, to abandon their attempt to maintain Indian unity by denying linguistic claims.

The reorganisation of states on a linguistic is, as already apprehended, gave rise to me new conflicts and tensions especially on tters relating to the rights of linguistic norities, the claims of various states on areas rdering states and on the role of Hindi the official language of the country. The organisation of states led to the growth linguistic loyalties nearing chauvinism, emanding the use of regional language for e purpose of adminstration and as a medium f instruction at all levels of education. Simarly there has been a tendency to weed out ll popular words of Arabic, Persian and English from Hindi and to replace them with w-breaking Sanscrit words. In the home tates of Hindi there are no hospitals and they annot afford to have judges for justice, for hose have been redesignated as Chikitsaloya nd 'Nyeyodheesh'. Instead of the Hindi that was spoken by the Father of the Nation, Instead of the Hindi that was spoken by Panditji, which inspired millions of Ind ians a new rtificial language has been created. A frenzied attempt is made at borrowing and consuming weighty words from Sanscrit which f course enjoyed an exalted position in ncient India, but it is not spoken in India oday.

The extent of the linguistic conflicts and roblems flowing from the Government's anguage policy and the reorganisation of states n a linguistic basis, can easily be understood from the language riots which occurred Assam and the cosmopolitan city of Bomay, the Panjabi subha agitations, and the emand for recognition of Urudu as a regional nguage, in its home states of U. P. and Bihar, e border disputes between Mysore and aharastra etc. The recent agitation by the indi chauvinists against the retention of nglish as a link language, the anti Hindi gitation from the non-Hindi areas, especially om Madras and the apathetic policy llowed by these states introducing Hindi, r testimony to the fact that the language oblem is leading the country to a more grave ation. The language bill as amended by the Lokh Sabha could not eliminate the fear of Hindi domination from the South Indians but at the same time though the Hindi protogonsits have succeeded in getting the bill amended to their advantage, in that they need study only one language, their mother tongue, still they are also not satisfied. Thus the two sections hold diametrically opposits views which as it stands now can hardly be reconciled.

Recognising the existance of differences and divisions based on language and culture, the framers of the constitution had sought to preserve and promote 'the unity in diversity' by —

(a) Guaranteeing the right of every minority having a distinct language, script or culture of its own to conserve the same. (Art. 29).

(b) prohibiting the state from discriminating against educational institutions on the basis of language and culture while giving them grants. (Art. 30)

(c) empowering the President if he is satisfied that a substantial proportion of the population of a state desire the use of any language spoken by them to be recognised by that state, to direct that such language shall also be officially recognised throughout the state or any part thereof for such purposes as he may specify (Art. 347)

(d) providing that it shall be the endeavour of every state and every local authority within the state to provide adequate facilities for instruction in the mother-tongue at the primary stage of education to the children belonging to linguistic minority groups, and the appointment by the President of a special officer for linguistic minorities. (Art. 350), and

(e) requiring the Union Govt. to encourage and foster the growth and development of Hindi more or less like an Indian Esperanto "so that it may serve as a medium of expression for all the elements of composite culture in India". (Art. 351)

The object of these Rights and Directives was not merely to provide security and equality of citizenship to the people living in this land but also to provide certain standard of conduct, citizenship, justice and fairplay. Thus the constitution guarantees perfect equality between one section of the community and another in the matter of all those rights which are essential for the material and moral perfection of man. Article 14 & 15 as interpreted by courts require that persons subjected to a piece of legislation shall be treated alike in alike circumstances and conditions both in the privileges conferred and in the liabilities imposed. Adverting to the cultural and educational rights embodied in the constitution Dr. Ambedker said: "the object of these rights was to see that if there was a cultural minority which wanted to preserve its own language and culture, the state would not, by law impose upon it any other culture which may be local or otherwise".

The constitution thus provided for a via media, with linguistic autonomy to the states, cultural and educational rights to minorities having a distinct language, script or culture of their own and at the same time the unity of the nation by means of a lingua franca which should be easily expressive and up to date. But even after eighteen years since the adoption of the constitution, Hindi could not be developed to assume the position of the Federal language and justice could not be imparted to linguistic minorities. But at the same time a Hindi antagonism has developed in the non-Hindi states owing to the over enthusiasm of the Hindi protogonists for the sway of the "modern" Hindi at any rate. Similarly in spite of express provision in the constitution for upholding the interests of the minority languages, the treatment meted out to them, especially to Urudu, one of the 14 state languages, having about 2. 5 crores speakers, has caused frustration and discontentment among the linguistic and cultural minorities.

It would be worth while in this context to recall the remark once made by Prof. K. V. Rao: "The existence of minorities in India is a political fact and it is also true that the co stitution makes some provision for them. B what is striking is that these safegaurds a negative applicable to a police state, but n positive applicable to the twentieth centu welfare state. It is not merely a religious inte ference that a Muslim or Christian is afraid a linguistic interferance that, say, a Tamili in Andhra is afraid of, but his inability get a fair deal from the majority in matters political gains, such as employment, getti trade permits and a thousand and one benefi that the welfare states today showers on th citizens. But for such things more than leg safegaurds are required".

In view of the various fissiparous tende cies in the Indian body politic and the spect of linguism haunting the country as well as t need of cultural and political contacts with t out side world, it is necessary that the Uni Govt, should re-examine the language polic In this connection the proposal for the adopti of a simplified Hindi written in a modifi Roman script as the official language of t Union deserves careful consideration. Mr. Datta Ray says "Much of the apprehension the South may be removed if Hindi itself is wr ten in Roman script. According to V. K. R. Rao, "it will facilitate the learning of Englis which we all value so much, as the Roma script is common to that language as we Besides, there will be no question of addition burden on non-Hindi group by the adopti of the three language formula with its thr scripts. Everyone will have only two scrip and three languages instead of three languag and three scripts . . . . . . . . . incidentally it wou provide the missing link in our multi-lingu structure and give the country an integrat building for housing its many languages in ha mony and mutual esteem and understanding To safeguard the interest of the minor groups, linguistic and cultural, and to give th a real sense of security about the future of th language and culture as assured by the cons tution the Union Govt, should take since measures for (a) the provision of adequa facilities for instruction in the mother-tong

the primary stage of education. (b) the observance of the safeguards for linguistic orities under the constitution and (c) for development and enrichment of all lang- of India, especially the federal language a view to making it a real medium of ression for all elements of composite culture India. It is also desirable that English uld be given an important place in our educational system and be retained as a medium of instruction for higher education at least at one university in every state as it will help to unite the different linguistic regions by this light as air but strong as links of iron and at the same time make available to the Nation the valuable services of the intellectual elite of the country irrespective of the regional and linguistic provenance.

# LACCADIVE ISLANDS – HAWAII OF INDIA

S. M. Fakhrul Qaum, II P. D. C.

Lying to the south-west of India in the 9° channel are a group of Islands, numbering twenty, lying scattered about in the Arabian Sea. This is the Union Territory of the Laccadive, Minicoy and Amindivi Islands of the Indian Union.

It is interesting to know that out of these twenty islands only ten are inhabited by human beings while the other half is the nesting place of sea vultures and tortoises. The natives go to collect the eggs laid by the tortoises sometime during the year. The ten inhabited islands are Androth, the nearest from the shore, being one handred and twenty miles from Calicut, Kavaratti, Kalpeni, Kiltan, Kadmat, Chetlat, Suhelipar, Agatti, Ammeni and Minicoy which is two handred and fifty miles away and the fartbest. The administrative offices are in Kavaratti. The population in all these islands together is not more than twenty-eight thousand.

The islands were bought from the King of Cannannore by the British government for a 'Lakh' of rupees and hence the name, Laccadives. Later after the Indian independence the islands were also made an integral part of India. They were under the Madras State till 1956 when these islands were made a Union territory and the Central Government dusted them after hundreds of years. After eleven years of care these islands are far more progressed than many Indian states.

These islands are as beautiful as the Hawain's of the Pacific. The sands on the shore are crystal-white, since there are no rivers to dirty them. Beneath the blue waters of the lagoons surrounding many of the islands the earth below the sea can be seen. Because the islands are coral reefs, different kinds of shells are seen, and at low tides the belles go quite deep into the sea to collect them. After cleaning and carving names and pictures on them they are brought to the mainland as a tourist speciality.

Though fishing has not developed as much as the Japanese fishing industry, more than a hundred tons of fish are caught in a year at present. With more mechanisation the rate is increasing. Tuna fish is a delicacy of the islands and canned tuna is earning foreign exchange for the country. Other than fishing, coir making and copra are the occupations of the natives.

The language spoken in the islands, except in Minicoy is Malayalam but with a difference in pronunciation. In Minicoy island, the largest of the group, Mahal language is spoken. It has Arabic script.

If the islands are modified into tourist attractions like the Hawaiin islands not only can the deflated Reserve Bank earn more foreign exchange, Indians can spend a few quiet and calm days far away from the hubbub of cities. Hotels, ports and fishing facilities for amateurs have to be developed. The islands where birds live could be more usefully utilised, not just a place where displaced persons are dumped but into a paradise in midsea.

Since these islands are a closed book to most of the mainlanders, the authorities should make use of the high seas as a bridge and not as a barrier between the islands and the mainland.

# മാരാർ—ഒരു ലഘുപഠനം

( എം. വേണുഗോപാലൻ )

മലയാള നിരൂപണസാഹിത്യത്തെ സമ്പന്നമാക്കുവാൻ വല്ല നിരൂപകന്മാരും ഉള്ളഴിഞ്ഞ് സംഭാവനചെയ്തിട്ടുണ്ടെങ്കിൽ ആ കൂട്ടത്തിൽ പ്രഥമഗണനീയനാണ് ശ്രീ. കുട്ടികൃഷ്ണമാരാര്. ഇന്നത്തെ സാഹിത്യലോകം പല ബഹുമതികളാലും അദ്ദേഹത്തെ ബഹുമാനിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിലുള്ള രഹസ്യം മറെറന്താണ്? അസാമാന്യമായ പാണ്ഡിത്യോഷ്മാവിൽ ഇന്നേവരെ ഉണ്ടായിട്ടുള്ള മിക്ക ബഹുമാനപ്പെട്ട കൃതികളേയും ഉരുക്കികിട്ടിയ സത്ത്, തന്റെ പുതിയ വീക്ഷണകോണിലൂടെ കടത്തിവിട്ട് രൂപംകൊടുത്തതാണ് ഇന്നു നാം കാണുന്ന അദ്ദേഹത്തിന്റെ നിരൂപണഗ്രന്ഥങ്ങൾ. കാഠിന്യമേറിയ ഒരു എക്സ്റെയ്ക്ക് ഉള്ള ശക്തിയാണ് അദ്ദേഹത്തിന്റെ സൂക്ഷ്മനിരീക്ഷണങ്ങൾക്ക് ഉള്ളത്. ആ രശ്മികൾ പതിച്ചപ്പോൾ മഹാനായ ഹർഷൻ 'പണിപ്പെട്ട് ഉണ്ടാക്കിവെച്ച പല ശബ്ദാർത്ഥക്കെട്ടുകളും' ശിഥിലമായി. പോരാതെ അവയിലുള്ള ദുഷിച്ച ഭാഗങ്ങളെ ധൈര്യസമേതം തോണ്ടി കാണിയ്ക്കുക കൂടി ചെയ്തു.

ശ്രീ. മാരാരുടെ വിമർശന ഗ്രന്ഥങ്ങളിൽ പ്രധാനമായി കണക്കാക്കുന്ന കൃതികൾ, ഭാരതപര്യടനം, രാജാങ്കണം, കൈവിളക്ക് എന്നിവയാണ്. ഗ്രന്ഥകർത്താവ് ആദ്യം നമ്മുടെ പുരാണഗ്രന്ഥങ്ങളിലെ ചില പ്രധാനപ്പെട്ട ഭാഗങ്ങളേയും, വിഭിന്നസ്വഭാവക്കാരായ ഒട്ടനവധി കഥാപാത്രങ്ങളെയും തനിക്കു സ്വായത്തമായ ലളിതഭാഷയിലൂടെ മനോഹരമായി ചിത്രീകരിച്ചതിന്നുശേഷം ഇതുവരെ നേടി എടുത്ത സകല വിജ്ഞാനത്തിന്റെയും 'കൈവിളക്കു'മായി ആധുനിക സാഹിത്യത്തിലേയ്ക്ക് ഇറങ്ങിത്തിരിയ്ക്കുകയാണ്. കൈവിളക്കിന്റെ പ്രകാശത്തിൽ നോക്കിക്കാണുന്ന കുറെ കൃതികളുടെ നിരൂപണമാണ് അതിൽ ഉൾക്കൊള്ളിച്ചിരിയ്ക്കുന്നത്. അതിൽ പലതും പെടും, കഥയും, കവിതയും, നോവലും. പക്ഷെ അവയിൽ പലതും തൂക്കി കണക്കാക്കി മൂല്യം നിർണ്ണയിയ്ക്കാൻ വകയില്ലാത്തതുകൊണ്ടോ, അതോ ആകൃതികൾ തന്റെ വിജ്ഞാനപ്രകാശത്തിൽ നിഷ്പ്രഭങ്ങളാകുന്നതുകൊണ്ടോ എന്തോ, കാര്യമായൊന്നും വിധി എഴുതിക്കാണുന്നില്ല. എന്നാൽ നിരൂപകന്റെ അനിഷേദ്ധ്യമായ അവകാശത്തെ ദുരുപയോഗപ്പെടുത്തുന്നും ഇല്ല. അതുകൊണ്ട് പലതിനേയും അനുഗ്രഹിച്ചും ആശീർവദിച്ചും ചിലപ്പോൾ വൈമുഖ്യം പ്രദർശിപ്പിച്ചും അനുഗ്രഹങ്ങളേകുന്ന ഒരു പുരോഹിതന്റെ കടമ മാത്രമേ മാരാർ ഇതിൽ ചെയ്യുന്നുള്ളു.

മഹാഭാരത കഥയിലെ വ്യക്തികളുടെ ഒരു സമഗ്രപഠനമാണ് 'ഭാരത പര്യടന'ത്തിലൂടെ ചെയ്യുന്നതെങ്കിൽ 'രാജാങ്കണ'ത്തിൽ മഹാഭാരതം ഒഴിച്ചുള്ള പുരാണങ്ങളിലെ ചില പ്രധാനപ്പെട്ട സംഭവങ്ങളേയും കഥാപാത്രങ്ങളേയും പരിചയപ്പെടുത്തുകയാണ്. വാല്മീകിയുടെ രാമനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ലേഖനം വളരെ ശ്രദ്ധേയമാണ്. രാവണവധാനന്തരം ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ട് ശ്രീരാമൻ ദൈവികചൈതന്യം ഉൾക്കൊള്ളുന്ന ഒരു അവതാരപുരുഷനാണെന്നു മനസ്സിലാക്കി കൊടുക്കുന്നതുവരെ വാല്മീകി ഒരിയ്ക്കലെങ്കിലും ശ്രീരാമനെ ഒരു അസാധാരണ പുരുഷനായി ചിത്രീകരിച്ചിട്ടില്ലെന്ന് ശ്രീ. മാരാർ വ്യക്തമാക്കുന്നു.

മാരാർ മേഘസന്ദേശത്തേയും കുമാരസംഭവത്തേയും നൈഷധീയചരിതത്തേയും പററി വിമർശിയ്ക്കുന്നുണ്ടെങ്കിലും ആദ്യത്തെ രണ്ടെണ്ണത്തിന്റെ വിമർശനം കേവലം ആരാധനാരൂപത്തിലാണെന്നുമാത്രം. മഹാകവി കാളിദാസന്റേതായതുകൊണ്ട് കുററമററതാണെന്ന ധാരണയിൽ ഒരു മുഖസ്തുതിമാത്രം പറഞ്ഞ് അതിനെ കൂടുതൽ പ്രശംസിയ്ക്കുകയാണ്.

എന്നാൽ നൈഷധീയ ചരിത്രത്തിന്റെ നിരൂപണത്തിൽ അദ്ദേഹം വെല്ലുവിളിയുമായി പുറപ്പെട്ട ഹർഷനേയും ആ കൃതി അപ്രാപ്യമെന്നു കരുതി തൊഴുതു കുമ്പിട്ടുനില്ക്കുന്ന അനുയായികളെയും കണക്കററു് ശകാരിക്കുന്നുണ്ടു്. ഹർഷൻ മഹാകവി കാളിദാസനെക്കാൾ മഹാനാണെന്നു സമർത്ഥിക്കാൻ മുതിർന്ന സകലരേയും ആട്ടിയോടിക്കാനുള്ള ദേഷ്യത്തോടെയാണു് അദ്ദേഹം ആ ലേഖനം എഴുതിട്ടുള്ളതു്.

ബൃഹത്തായ മഹാഭാരതകഥയേയും, വിങ്ങിപ്പൊട്ടാൻപോകുന്ന മഹാഭാരതയുദ്ധത്തിന്റെ പശ്ചാത്തലത്തേയും, അതിനുശേഷം ഉള്ള കാര്യങ്ങളെയും ശ്രീ. മാരാർ തന്റെ ഭാവനാലോകത്തിലൂടെ നടത്തിയ ഒരു പര്യടനവേളയിൽ നോക്കിക്കണ്ടതിന്റെ സൂക്ഷ്മചിത്രങ്ങളാണു് ഭാരതപര്യടനത്തിൽ അടങ്ങിയിരിക്കുന്നതു്. അർത്ഥഗർഭമായ സംഭാഷണത്തിലൂടെയും, സമുന്നതമായ തത്വനിർദ്ധാരണങ്ങളിലൂടെയും വരച്ചുകാട്ടുന്ന മഹാഭാരതകഥയെ ഒരു യാത്രാവിവരണവേളയിൽ കണ്ട ചരിത്രം എന്നു പറയുന്നതിനേക്കാൾ മഹാഭാരതകഥയുടെ ഒരു നാടകാവിഷ്കരണമാണെന്നു പറയുന്നതായിരിക്കും നല്ലതു്. ഭാവനയുടെ പുളപ്പിൽ അർത്ഥംകൊണ്ടു കനംതൂങ്ങുന്ന സംഭാഷണങ്ങളും സമുന്നതമായ നിർദ്ധാരണങ്ങളുംകൊണ്ടു് നമ്മുടെ മനസ്സിൽ അവ്യക്തമായി നിഴലിക്കുന്ന കഥാസംഭവങ്ങൾക്കും പ്രത്യേകിച്ചു് കഥാപാത്രങ്ങൾക്കും ജീവൻനൽകാനുള്ള ശക്തി അദ്ദേഹത്തിന്റെ ഭാഷയ്ക്കുണ്ടു്.

ഭാരതപര്യടനത്തിലൂടെ ശ്രീ. മാരാർ ചെയ്യുന്നതു് മററൊന്നുമല്ല. അങ്ങിങ്ങായി ചളിയിൽ പൂണ്ടു് പ്രകാശിക്കാൻ സാധിക്കാതെ കിടക്കുന്ന നിരവധി രത്നങ്ങളെ കലാപരമായി ചെത്തി മിനുസപ്പെടുത്തി അമൂല്യങ്ങളായ രത്നങ്ങളായി രൂപാന്തരപ്പെടുത്തുന്ന ഒരു വ്യാപാരിയുടെ മഹത്തരമായ കൃത്യമാണു് മാരാർ ഭാരതപര്യടനത്തിലൂടെ ചെയ്യുന്നതു്. മഹാഭാരതകഥ വായിക്കുമ്പോൾ പരിചയപ്പെടുന്ന അനവധി കഥാപാത്രങ്ങളിൽ വ്യക്തിപ്രഭാവത്താൽ അവിസ്മരണീയനായ ഭീഷ്മരുടെ ചരിത്രം മങ്ങിയാണു് നമ്മളിൽ പതിയുന്നതെങ്കിൽ ഭാരതപര്യടനം വായിച്ചാൽ ഭീഷ്മർ നമുക്കു് എവർക്കും ആദർശപുരുഷനായിട്ടാണു് തീരുന്നതു്. ഇത്തരം സംഗതികളെ സൂക്ഷിച്ചു ചിന്തിച്ചുനോക്കുമ്പോഴാണു് നാം അദ്ദേഹത്തിന്റെ മുന്നിൽ നമ്രശിരസ്കരായിത്തീരുന്നതു്.

ഭീഷ്മരുടെ പാത്രസൃഷ്ടിയിലൂടെ ശ്രീ. മാരാർ പുതിയ ഒരു സംരംഭത്തിന്നാണു് തുനിയുന്നതു്. വ്യാസന്റെയും വാല്മീകിയുടെയും പാത്രസൃഷ്ടികളെ ഒന്നു താരതമ്യപ്പെടുത്തുകയാണദ്ദേഹം. ശ്രീ. മാരാർ പറയുന്നു: വാല്മീകിയുടെ രാമൻ അച്ഛന്റെ ഇഷ്ടം നിറവേററാൻ കാട്ടിൽപോയപ്പോഴും രാജ്യഭരണം ഭരതനെ ഏല്പിച്ചിരുന്നു. എന്നാൽ വ്യാസന്റെ ഭീഷ്മർ അച്ഛന്റെ ആഗ്രഹം നിറവേററാൻ കാട്ടുകയറുന്നതിനെക്കാൾ എത്രയൊ മഹത്തരമായ ഒരു പ്രതിജ്ഞ എടുക്കുകയാണു് ചെയ്തതു്. ഇവിടെ വാല്മീകികവി രാമന്റെ പിതൃഭക്തിയിലൂടെ ആവിഷ്കരിച്ചതെന്തോ അതല്ല വ്യാസകവി ഭീഷ്മരുടെ പിതൃഭക്തിയിലൂടെ ആവിഷ്കരിച്ചതെന്നു വ്യക്തമാണു്.

ഇതിനോടൊപ്പംതന്നെ ഇന്നേവരെ ഉണ്ടായിട്ടുള്ള ഹാസ്യസമ്രാട്ടുകളുടെ സംഭാവനകളെ മഹാഭാരതകഥയിൽ വ്യാസകവി ഒന്നുരണ്ടിടത്തു് പ്രയോഗിക്കുന്ന ഹാസ്യവുമായി, ഒന്നു തട്ടിച്ചുനോക്കുവാനാണു് ശ്രീ. മാരാർ 'വ്യാസന്റെ ചിരി'യിലൂടെ തുനിയുന്നതു്. ദ്വാപരകലിയുഗങ്ങളിലെ രണ്ടു മനുഷ്യാത്മാക്കളെ തൂക്കിനോക്കി മൂല്യം നിർണ്ണയിക്കാനുള്ള ഒരു പരീക്ഷണമാണു് ഇതിലൂടെ ചെയ്യുന്നതു്—മഹാഭാരതയുദ്ധം ആസന്നമായിരിക്കുന്ന അവസരത്തിൽ ശത്രുപക്ഷത്തിലേക്കു് നിരായുധനായി കയറിച്ചെന്ന ശ്രീകൃഷ്ണനേയും, ഇന്ത്യാ-പാക്കു് വിഭജനകാലത്തു് രക്തപ്പുഴകൾ ഒഴുകിയ നവഖലിയിലേക്കു് മുളവടിയൂന്നി നടന്നുചെന്ന ഗാന്ധിജിയേയും തമ്മിലാണു് താരതമ്യപ്പെടുത്തുന്നതു്. അവസാനം അദ്ദേഹം ഇങ്ങനെ സമർത്ഥിക്കുന്നു. "ഇതു മാത്രമാണു് ഹിംസാശക്തിയും അഹിംസാശക്തിയും; അതത്രെ ദ്വാപരയുഗാത്മാവിൽനിന്നു് ഈ കലിയുഗാത്മാവിൽ കാണുന്ന പുരോഗതി."

നിരൂപണസാഹിത്യത്തിലെ അഗ്രഗണ്യനായ ശ്രീ. മാരാരുടെ സാഹിത്യകൃതികളെ മുഴുവൻ വിലയിരുത്തുവാൻ ഇവിടെ ശ്രമിച്ചിട്ടില്ല. മേൽപ്പറഞ്ഞ പുസ്തകങ്ങളിലെ പ്രകടങ്ങളായ ചില സ്വഭാവവിശേഷങ്ങളെ മാത്രമാണു് ഈ ലേഖനത്തിൽ സ്പർശിച്ചിട്ടുള്ളതു്. നിഷ്പക്ഷരായിത്തീര[illegible] നിരൂപകന്മാരെങ്കിലും അവക്കു് ആരാദ്ധ്യ[illegible]യ ചില വിഷയങ്ങളെ ആ വിധത്തിലല്ലാതെ [illegible]ക്കികാണാൻ അവർ അശക്തരാണു്. ആ [illegible] എന്നു പറയട്ടെ, മാരാരിലും കാണാം. കാളി[illegible]സ കൃതികളേയും പുരാണകൃതികളേയും മാനു[illegible]ടെ മായ്ക്കുള്ളിൽ നിർത്താനെ അദ്ദേഹത്തിന്നു [illegible]ധിച്ചിട്ടുള്ളു എന്നു ചുരുക്കം.

# NEWTON AND SCIENCE

V. Mohammed Ali, II B. Sc. (Physics)

We are living in an age of science and chnology. The progress of science has lped greatly in raising the conveniences of uman life. Many scientists have made their ontribution to this. Newton, Dalton, Edison, rchimedes, Galileo are some of them. Among hem, Sir Issac Newton draws much importnce, because he had contributed to many ranches of Physics and Mathematics.

Newton was born in the year 1642 in ngland. His father died before his birth. He vas taught from the Grammar School of Granham. He was not much interested in his stuies. He would collect small hatchets, saws and ammers of all sizes and build curious devices. e had made a windmill and waterclock at that ime. Newton had written some poems also.

He joined Trinity College, Cambridge, at he age of 18. He was selected to a scholarhip and then took the B. A. degree. Newton howed his talent in Mathematics and Physics. o at the age of 27 he was made professor of Mathematics. Three years later he was elected Fellow of the Royal Society. Newton's monuental work, the 'principia', dealing with Mechanics and Universal Law of Gravitation as published by that time. This brought ewton fame and wealth. He was then appointed Warden, and then Master of the Mint th a salary of £ 1200 a year. In 1705 he was ghted by Queen Anne. Two years later, he as elected President of the Royal Society and e remained its President for 24 years. Newton d not marry, because he was so much imersed in Physics and Mathematics that he d no time to think of marriage. Newton ssed away on 20th March 1727.

Let us examine the contributions of wton to science. They are mainly to Mathe-ics, Dynamics, Heat and Light.

The credit for the discovery of Calculus, the most powerful mathematical invention of modern times, has been claimed for both Sir Issac Newton and Leibnitz, the great German mathematician and a controversy raged for years in England and Germany as to who was the first to invent it. Leibnitz was the first to publish an account of it in 1684, though his note books showed that he used the method for the first time in 1675. Newton published his book on the subject in 1693, but he had communicated his discovery of it to his friends in 1669. It is generally agreed now that the fundamental basis of the invention was reached independently by the two mathematicians.

Another important theorem named Bionomial theorem which helps us to find the greater powers of a bionomial expression, also was invented by Newton. In the mean value theorem of Calculus, when an approximate value of a root of any equation is known, a closer approximation may be obtained by a method known as Newton's method of approximation.

When Dynamics is considered, the whole of it is based on three fundamental laws known as Newton's laws of motion. The first two of these laws were discovered by Galileo, while the third law is attributed to Huygens and Hooke. Since Newton stated them formally, they are known as Newton's Laws of Motion. These laws are taught to every art and science student and there is no need to mention them. We are able to measure 'force' using the second law. Fundamental principle of the working of the rocket is based on the third law.

The story of the falling of an apple and the law Newton derived from it, namely Newton's law of gravitation is famous. According to that law every body in the universe attracts every other body with a force which is

directly proportional to the product of their masses and inversely proportional to the square of the distance between them. This law explains the movement of planets around the sun.

Newton had also showed his talent in the branch of radiation in heat. He is the first to study the loss of heat by a body placed in a surrounding. According to him, the rate at which a body loses heat by radiation is directly proportional to the mean difference in temperature between the body and the surroundings. This law is known as Newton's Law of Cooling. It is said to have been derived from the Stefan-Boltzmann Law.

Newton's contribution to 'Light' excels his contributions to other branches of physics. About the nature of light, Newton first developed the corpuscular theory and tried to explain all observed phenomena. According to this theory, light consists of a swarm of particles emitted by a luminous body very much like shots continually fired from a gun. These tiny particles or corpuscles penetrate the eye, make impacts on the retina, and produce the sensation of vision. Light energy in this case is the kinetic energy possessed by these particles.

You all may have seen the beautiful seven-coloured rainbow. When white light passes through a triangular prism also, we get those colours. They are violet, indigo, blue, green, yellow, orange and red--(VIBGYOR). This phenomenon was discovered by Sir Issac Newton.

The growth of the science of stars-astronomy—was very much helped by the invention of telescopes. Telescopes are used to view distant objects near and clear. Usually they are made up of lenses and we see the image refractions. But there is a defect in the that we see the image coloured owing to chr matic aberration of the objective lens. Newt formed images by reflection instead of re raction. The objective lens was replaced by mirror in the form of paraboloid of revolutio The telescope is known as Newton's Reflecti Telescope. Brighter images of stars can obtained with reflecting telescopes rather th refracting types. He also invented the mode sextant.

Newton has derived a formula for a le which is known by his name. It is $F^2 =$ where $F$ is the focal length, $a$ is the distan between the first focus and the object and $b$ the distance between the second focus and t image.

The wave length of light can be measur by forming Newton's rings. The theory of comes under the chapter 'Interference' 'Light'. Suppose a Plano-Convx lens of lar radius of curvature is placed on a perfec plain plate of glass and the thin film of a enclosed between the two is viewed by r flected monochromatic light. Then we can s a number of alternate dark and bright co centric rings. They are formed by interferen and reinforcement. They are known Newton's rings.

In this way Sir Issac Newton showed h talent in many branches of Physics and Math matics. Some of his inventions may ha missed in this. Let me stop by quoting tw lines of Pope:

"Nature and Nature's laws lay hid in Nigh
God said, let Newton, be and all was light

# ഒരു ചിന്താസരണി

സി. പി. അബൂബക്കർ, II B. Sc. (Spl)

ഭൗതികത്വം മദാലസയായി നൃത്തം വെയ്ക്കുമ്പോൾ അതിനു് ചുററുംനിന്നു് ആനന്ദലഹരിയിൽ മതിമറന്നു് താളംപിടിക്കുന്ന ഒരു ജനവിഭാഗം—അതേ അതാണു് ആധുനിക മനുഷ്യരെപ്പററി ചിന്തിക്കുമ്പോൾ മനോമുകുരത്തിൽ പ്രതിബിംബിക്കുന്ന ഒരു ചെറിയ ചിത്രം. ആനന്ദചഷകം മോന്തിമോന്തിക്കുടിക്കുന്ന, ബഹളമയമായ ഒരന്തരീക്ഷത്തിൽ ജീവിക്കുന്ന ആധുനിക മനുഷ്യനു് അവിടെനിന്നൊന്നു് ശാന്തമായിറങ്ങി, ശബ്ദബഹുലമല്ലാത്ത ഒരന്തരീക്ഷത്തിൽവെച്ചു് താനടക്കമുള്ള ഈ പ്രപഞ്ചത്തെ ചൂഴ്ന്നുനില്ക്കുന്ന നിഗൂഢസത്യങ്ങളിലേക്കു് ചിന്താഖഗത്തെ പറത്തിവിടാൻ സമയം കിട്ടിയില്ലെന്നു് വരാം. മനുഷ്യത്വത്തെയും പ്രപഞ്ചത്തെയും കുറിച്ചു് ഉറക്കെ ചിന്തിച്ചവരുടെ ചിന്താശകലങ്ങളാവട്ടെ പുസ്തകങ്ങളുടെ പവിത്രമായ താളുകളിൽ സുഖനിദ്രകൊള്ളുകയല്ലാതെ പ്രാവർത്തികജീവിതത്തിലേക്കു് ഇറങ്ങിവന്നിട്ടുമില്ല.

കേവലഭൗതികത്വത്തിന്റെ നാലു് ചുമർഭിത്തികൾക്കുള്ളിലൊതുങ്ങി, 'മനുഷ്യന്റെ പുരോഗമനത്തെ കടിഞ്ഞാണിടുന്ന മതസിദ്ധാന്തങ്ങളിലേക്കു്' വഴുതിപ്പോവാതെ ഈ അഭിനവയുഗത്തിൽ നിലയുറപ്പിച്ചിട്ടുള്ള ചില നീതിശാസ്ത്ര (?)ങ്ങളുടെ സാധുതയെപ്പററി ചിലപ്പോഴെല്ലാം ചിന്തിച്ചുപോകാറുണ്ടു്.

വയോവൃദ്ധന്മാരെ, ലോകത്തിനു് തന്നെ ഭാരമായ ഈ കൂട്ടരെ നാമെന്തിനു് ശുശ്രൂഷിക്കണം? അവരിൽനിന്നു് കിട്ടേണ്ട ഗുണങ്ങളെല്ലാം നാം പിഴുതെടുത്തു് അവർ കേവലം ചണ്ടികളായി മാറിയിരിക്കയാണു്. ഇനി ഈ ചണ്ടികളെ പൂവിട്ടു് പൂജിക്കണമോ? അവരെ കരിച്ചു വെണ്ണീറാക്കി ഭൂമുഖത്തുനിന്നും ഒരു ഭാരം ഇറക്കിവച്ചുകൂടെ? ലോകത്തിലുള്ള ലക്ഷക്കണക്കിനു് വൃദ്ധന്മാരെ നാം കൊലപ്പെടുത്തുകയാണെങ്കിൽ നമുക്കു് എത്രമാത്രം ലാഭിക്കാം. ഭൗതികസിദ്ധാന്തങ്ങൾ അവയ്ക്കു് അനുകൂലമല്ലാതെ പ്രതികൂലമായിട്ടൊരിക്കലും നിൽക്കുകയില്ല. ഒരു നിമിഷം അങ്ങനെ ചിന്തിച്ചെന്നേയുള്ളൂ. അപ്പോഴേക്കും ഹൃദയം പിടച്ചു; കൈകാലുകൾ വിറച്ചു. പക്ഷെ എന്റെ ചിന്തയുടെ പരിധിക്കു് ഒരു വൃത്തം ആദ്യമേ വരച്ചുകഴിഞ്ഞപ്പോൾ അതിലുപരി ചിന്തിക്കാൻ കഴിയുന്നില്ല. ഭൗതികത്വത്തിൽ 'പ്രയോജനസിദ്ധാന്ത'ത്തിനു് പറയാനുള്ള മറുപടി എന്താണു്? റഷ്യയിലും ചൈനയിലും വൃദ്ധന്മാരെ കൊല്ലുന്നു എന്നു് ഞാൻ മുമ്പു് വായിക്കുവാനിടയായി. എന്തോ എനിക്കു് തന്നെ ആ വാർത്തയിൽ വിശ്വസിക്കുവാൻ ഒരു മനഃപ്രയാസം.

ആത്മഹത്യയെ നാമെന്തിനു് തടയണം? അതിനെ ഒരു കുററമായി എന്തിനു് ചിത്രീകരിക്കണം? ഫീൽഡ്മാഷൽ അമർ ആത്മഹത്യചെയ്യാൻ ശ്രമിച്ചതിനെ തടഞ്ഞതിൽ യുക്തികണ്ടെത്താം. ഐസക്ന്യൂട്ടന്മാരേയും ഐൻസ്റ്റൈന്മാരേയും ആത്മഹത്യചെയ്യുന്നതിൽനിന്നു് തടഞ്ഞുവെക്കുന്നുവെങ്കിൽ അതിലും യുക്തികണ്ടെത്താൻ യൂട്ടിലിട്ടേറിയനിസത്തിൽ വിശ്വസിക്കുന്നവൻ പ്രയാസപ്പെടേണ്ടിവരികയില്ല. പക്ഷെ നിരാശയുടെ പടുകുഴിയിൽ ആപതിച്ചു്, ജീവിതത്തോടു് വെറുപ്പു്തോന്നി വേദന കടിച്ചിറക്കി ജീവിക്കുന്ന ചില ഇത്തിക്കണ്ണികൾ ആത്മഹത്യയെ ശരണം പ്രാപിക്കുന്നുവെങ്കിൽ നാമതിനെ തടയുന്നതിനു് പകരം പ്രോത്സാഹിപ്പിക്കുകയല്ലേ വേണ്ടതു്? ഭക്ഷ്യദൌർലഭ്യംമൂലം 'ഞാനും ഒരു തട്ടാനും ബാക്കി ആയാൽമതി' എന്ന ചിന്താഗതിക്കാർ ജീവിക്കാൻ വെമ്പൽപൂണ്ടുനില്ക്കുന്ന കൊച്ചുകുസുമങ്ങളെ കരിച്ചുകളയുമ്പോൾ ജീവിക്കാൻ ആഗ്രഹമില്ലാത്ത ലോകത്തോടു വിരക്തിതോന്നിയവരെ മരിക്കുവാൻ അനുവദിക്കാത്തതിലുള്ള നീതിശാസ്ത്രം ഏതാണു്?

നാം അതിരൂക്ഷമായ ഭക്ഷ്യക്ഷാമത്തെ നേരിടുകയാണ്. അതിനുള്ള പ്രതിവിധി കുടുംബാസൂത്രണമെന്ന മോഹനനാമത്തിൽ പുറത്ത്‌വന്ന ജനസംഖ്യ വെട്ടിക്കുറക്കലിൽ കണ്ടെത്തിയിരിക്കയാണല്ലോ. ഈ നിഗമനം തികച്ചും നമ്മുടെ ഭൗതികചിന്താക്കൊതുങ്ങുന്നതാണ്. പക്ഷെ, മനുഷ്യജീവനെ ഒന്നായി കൊന്നൊടുക്കുന്ന വല്ല വിപത്തും വരുമ്പോൾ അതിനുനേരെ കണ്ണടക്കുന്നതിന് പകരം സഹായത്തിന് എത്തുന്നതാണ് ഭൗതികചിന്തക്കതീതമായി തോന്നുന്നത്. ഇത് ജനസംഖ്യ കുറക്കുക എന്ന ഭൗതിക ലക്ഷ്യത്തിന് എതിരല്ലേ? ജനസംഖ്യ നന്നേ കുറഞ്ഞ് ലോകത്തിൽ രണ്ടാൾമാത്രം അവശേഷിച്ചു എന്ന്‌വെക്കുക. കയ്യൂക്കുള്ളവൻ എല്ലാം കീഴ്പ്പെടുത്തിയാൽ മററവൻ ദരിദ്രനാരായണനാവണ്ടേ? അപ്പോൾ സമ്പത്തിന്റെ വിതരണത്തിലുള്ള തകരാറല്ലേ? അടപ്പിലൂടെ ചോരപോകുന്ന ദീനരോദനത്തിന്റെ ദയനീയ മൂകസാക്ഷിയായിനില്ക്കുന്ന, ആ ചെററക്കുടിലിന്റെ എതിരിൽ മാലാഖമാർ വട്ടമിട്ട് പറക്കുന്ന, പരിമളം പരത്തുന്ന പനിനീർ പുഷ്പങ്ങൾ വിടർന്ന്‌നില്ക്കുന്ന ആ പൂങ്കാവനത്തിന്റെ മദ്ധ്യത്തിലുള്ള മണിമന്ദിരത്തിൽ നീറോ ചക്രവർത്തി വീണ വായിക്കുന്നില്ലേ? ഇതൊരു നഗ്നസത്യമല്ലേ?

ഭൗതിക സിദ്ധാന്തങ്ങളിലധിഷ്ഠിതമായ ഒരു പ്രസ്ഥാനത്തിനും ചിന്തിക്കുന്ന മനുഷ്യനെ അതിന്ന്‌വേണ്ടി പ്രവർത്തിക്കാൻ ക്ഷണിക്കാൻ ന്യായമായും കഴിയുകയില്ല. "ഞാൻ നിങ്ങളുടെ പ്രസ്ഥാനത്തിന്‌വേണ്ടി രാപ്പകൽ അത്യദ്ധ്വാനംചെയ്യാം, അതിന്‌വേണ്ടി അടരാടി ജീവൻ ബലിയർപ്പിക്കാം. പകരമായി എനിക്ക് നിങ്ങൾ എന്തുതരും? ഞാനാണെങ്കിൽ മരിക്കുകയും ചെയ്യും. നിങ്ങൾക്ക് ഏററവും കൂടിയാൽ വാഗ്ദാനം ചെയ്യാൻ കഴിയുക എനിക്ക്‌വേണ്ടി സ്മാരകങ്ങൾ പടുത്തുയർത്തുകയാവാം. മരിച്ച എനിക്ക് അതുകൊണ്ട് എന്ത് ലഭിക്കുവാനാണ്?" എന്ന് തിരിഞ്ഞുനിന്ന്കൊണ്ട് ആ യൂട്ടിലിട്ടേറിയനിസത്തിൽ വിശ്വസിക്കുന്ന ചിന്തിക്കുന്ന മനുഷ്യൻ നിങ്ങളോട്ട് ചോദിച്ചാൽ നിങ്ങൾക്ക് എന്ത് മറുപടിയാണ് കൊടുക്കാനുള്ളത്. ദശലക്ഷങ്ങളെ നിഷ്ഠൂരമായി കൊന്നൊടുക്കിയ ഐക്മാനും ജനകോടികൾക്ക്‌വേണ്ടി ജീവിതം ബലിയർപ്പിച്ച ഗാന്ധിജിയും മരിച്ചു എന്നിട്ട് അവർക്ക് രണ്ടുപേർക്കുമുണ്ടാകുന്ന അനുഭവവും ഒന്നാണെങ്കിൽ നല്ലതിന്‌വേണ്ടി എന്തിന് പ്രവർത്തിക്കണം? ചിന്താമണ്ഡലത്തെ ഭൗതികവൃത്തത്തിലൊതുക്കി ചിന്ത ചക്രംചവിട്ടുമ്പോൾ എനിയും നൂറുനൂറുകാര്യങ്ങൾ പുറത്ത് വരുന്നതാണ്. കേവലഭൗതികതത്വവും യൂട്ടിലിട്ടേറിയനിസവും ജനസേവകരേയും രാജ്യസ്നേഹികളേയും വാർത്തുവിടുന്നതിൽ അമ്പേ പരാജയമടയുമെന്നത് അവയുടെ സ്വഭാവത്തിന്റെ ഒരു നേട്ടമാണ്. സ്വാർത്ഥംഭരികളേയും മനുഷ്യത്വത്തെ കാർന്നുതിന്നുന്ന ചില വിഷബീജങ്ങളേയും സൃഷ്ടിച്ചുവിടാൻ അല്ലാതെ അവക്ക് മറെറാന്നുംതന്നെ ഈ ലോകത്ത് യാഥാർത്ഥത്തിൽ ചെയ്യാൻ കഴിയുകയില്ല.

### തകരാറെവിടെ?

ചിന്തിച്ചപ്പോൾ നാമെത്തിയ വിചിത്രമായ നിഗമനങ്ങൾ ഭൗതികതത്വത്തിന്റെ ലഹരിബാധിച്ച മസ്തിഷ്കങ്ങളെപ്പോലും ഒരു വേളപിടിച്ചുനിർത്താൻ പര്യാപ്തമാണ്. നിഗമനങ്ങൾ തികച്ചും ജുഗുപ്സാവഹവും മനുഷ്യന്റെ അസ്തിത്വത്തിന് തന്നെ ഹാനികരവുമത്രെ. നാം എന്തുകൊണ്ട് ഇത്ര ആപൽക്കരമായ നിഗമനങ്ങളിലെത്തി? നമ്മുടെ ചിന്തക്ക് ഒരു വരമ്പിട്ടതുതന്നെ മനുഷ്യന്റെ സ്വാഭാവികമായ നേട്ടമായ ധാർമ്മിക–നൈതിക സിദ്ധാന്തങ്ങളിൽനിന്ന് ബഹുദൂരം അകന്നുകിടന്നാണ് നാം ചിന്തിച്ചത്. അതേ ആത്മീയമൂല്യങ്ങളെ കാററിൽ പറത്തിയത്‌തന്നെയാണ് എല്ലാ തകരാറും.

### ജീവിതം എന്ത്?

പല മഹാരഥന്മാരും ഈ ചോദ്യത്തിന് മറുപടികണ്ടെത്താൻ ശ്രമിച്ചു. ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ 'സാമ്പത്തിക പ്രശ്നങ്ങളുടെ കലവറയായി' ജീവിതത്തെ വ്യാഖ്യാനിക്കുമ്പോൾ ഒരു രസതന്ത്രജ്ഞൻ ജീവിതത്തെ ക്രൂസിബിളിലും ടെസ്റ്റ്ട്യൂബിലും ഒതുക്കിനിർത്താൻ ശ്രമിക്കുന്നു. ജീവിതത്തെ അതിന്റെ സമ്പൂർണമായ അർത്ഥത്തിൽ കാണുന്നതിൽ അവരെല്ലാം പരാജയപ്പെടുന്നു. ഓരോരുത്തന്റെയും ചിന്താസരണിയെ അവന്റെ സ്വാർത്ഥ താൽപര്യങ്ങളും അറിവിന്റെ പരിമിതിയും ചുററുപാടും നിയന്ത്രിക്കുന്നുണ്ടെന്നത് ഒരു മനഃശാസ്ത്രസത്യമത്രെ. ജീവിതത്തെപ്പററി വാസംട്ടർ ഡിലാമാറെഴുതി:

"Life is fruitless; a little love, a little hate . . .
And then — good morning."

ഓരോ മനുഷ്യനും തന്റെ ചിന്തയെ പരിമിതപ്പെടുത്തുന്ന ഉരുക്കുപഞ്ജരങ്ങൾക്കുള്ളിൽനിന്നാണ് ജീവിതത്തെ വീക്ഷിക്കുന്നത്. ജീവിതം എന്തെന്ന് മനസ്സിലാക്കുന്നതിൽ പരാജയമടഞ്ഞവർ ജീവിതപ്രശ്നങ്ങളുമായി ഏറ്റുമുട്ടി പരാജയത്തിന്റെ പടുകുഴിയിൽ ആപതിക്കുന്നതിൽ അത്ഭുതമില്ലല്ലോ.

മനുഷ്യജീവിതമെന്തെന്ന് നിർണ്ണയിക്കാനും അതിന്റെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുവാനും കഴിവുള്ളവൻ ആർ? ഈ ചോദ്യം വായനക്കാരുടെ മുമ്പിൽ അവശേഷിക്കുന്നു.

ഞാനും നിങ്ങളും ആഗ്രഹിച്ചിട്ടല്ല ഈ ഭൂലോകത്തേക്ക് വന്നത്. നാം ഇവിടെനിന്ന് വിട്ട് പോകുന്നതും നമ്മുടെ ആഗ്രഹത്താൽ അല്ല. ഓക്കാപ്പുറത്ത്, കെന്നഡിയുടേയും ഗാന്ധിജിയുടേയും ജീവൻ വിധിയുടെ നിഷ്ഠൂരഹസ്തങ്ങൾ തട്ടിയെടുത്തപ്പോൾ, അതിനെതിരിൽ മനുഷ്യൻ കെൽപ്പുള്ളവനായിരുന്നുവെങ്കിൽ ആ മഹാരഥന്മാർ ഇന്നും അവശേഷിക്കുമായിരുന്നു. പണവും പ്രതാപവും വിധിയുടെ ബലിഷ്ഠഹസ്തങ്ങളിൽ അമരുന്ന ദയനീയ കാഴ്ചയാണ് നാം കാണുന്നത്. അപ്പോൾ, നാം ഇവിടെ വരണമെന്നാർ ഇച്ഛിച്ചുവോ, ആർ ഉദ്ദേശിക്കുമ്പോൾ നാം ഈ ഭൂലോകത്തോട് വിടവാങ്ങുന്നുവോ അവൻതന്നെയായിരിക്കണം നമ്മുടെ ജീവിതത്തെയും നിർണ്ണയിക്കേണ്ടത്. നമുക്ക് വേണ്ട എല്ലാ സുഖസൗകര്യങ്ങളും ചെയ്തുതന്ന അവൻതന്നെയാവണം ഈ ജീവിതലക്ഷ്യം നിശ്ചയിക്കേണ്ടത്. അതനുസരിച്ച് നാം മുന്നേറുകയും വേണം. എന്നാൽ മാത്രമേ രക്ഷയുള്ളൂ.

ആധുനിക സംസ്കാരത്തിന്റെ അത്ഭുതസിദ്ധിയെ ഗാന്ധിജി ഇങ്ങനെ വിലയിരുത്തി:

"നിങ്ങളുടേത് അത്ഭുതാവഹമായ ഒരു സംസ്കാരംതന്നെയാണ്. പറവകളെപ്പോലെ നിങ്ങൾക്ക് വിഹായസ്സിൽ വിഹരിക്കാം. മത്സ്യങ്ങളെപ്പോലെ ആഴിയിൽ നിങ്ങൾക്ക് നീന്തുകയും ചെയ്യാം. പക്ഷെ ഭൂമിയിൽ എങ്ങനെ നടക്കാമെന്ന് ഇപ്പോഴും നിങ്ങൾ മനസ്സിലാക്കിയിട്ടില്ല."

രക്തസംക്രമണത്തെപ്പറ്റിയും രക്തക്കുഴലുകൾ തയ്ക്കുന്നതിനെപ്പറ്റിയും നടത്തിയ ഗവേഷണങ്ങൾക്ക് 1912-ൽ നോബൽ സമ്മാനം നേടുകയും, ചാൾസ് ലിൻഡ്ബർഗ്ഗിനോട് കൂടി യാന്ത്രികഹൃദയം കണ്ടുപിടിക്കുകയും ചെയ്ത പ്രശസ്ത ശാസ്ത്രജ്ഞനാണ് ഡോക്ടർ അലക്സിസ് കാറൽ. ആധുനിക ധവളസംസ്കാരത്തിന്റെ നിഴലിൽ ജീവിച്ച ഇദ്ദേഹം, ശാസ്ത്രത്തിന്റെ ഉരുക്കുപഞ്ജരം പൊട്ടിച്ച് പുറത്ത് വന്ന് "Man the unknown" എന്ന തന്റെ പുസ്തകത്തിൽ നിലവിലുള്ള ഭൗതികസംസ്കാരത്തെ വിലയിരുത്തുന്ന ശ്രദ്ധേയഭാഗങ്ങൾ ചിന്തിക്കുവാൻവേണ്ടി പകർത്തി ഞാൻ ഈ ലേഖനം അവസാനിപ്പിക്കട്ടെ. ഡോക്ടർ കാറൽ എഴുതുന്നു:

"ആധുനിക മനുഷ്യജീവിയെക്കുറിച്ചുള്ള ശാസ്ത്രീയജ്ഞാനങ്ങളുടെ ഒരു സമുച്ചയം ഓരോ വ്യക്തിയുടേയും മുമ്പാകെ വെക്കുകയെന്നാണ് ഈ കൃതിയുടെ ലക്ഷ്യം. ആധുനികസംസ്കാരത്തിന്റെ ദുർബ്ബലത എത്രത്തോളമെത്തിയിരിക്കുന്നുവെന്ന് നമുക്ക് മനസ്സിലായിത്തുടങ്ങിയിട്ടുണ്ട്. അഭിനവ സമൂഹം തങ്ങളുടെമേൽ അടിച്ചേൽപ്പിച്ച ശിക്ഷണങ്ങൾ വലിച്ചെറിയുവാൻ പലരും ആഗ്രഹിക്കുകയാണിന്ന് . . . . അവർക്ക് വേണ്ടിയാണ് ഈ കൃതി രചിച്ചിട്ടുള്ളത്. ബുദ്ധിപരവും രാഷ്ട്രീയവും സാമൂഹ്യവുമായ പരിവർത്തനങ്ങളുടെ ആവശ്യകത മാത്രമല്ല, വ്യവസായിക നാഗരികത മാറിമറിയേണ്ടതിന്റേയും മനുഷ്യപുരോഗതിക്കായി മറ്റൊരു പുതിയ ചിന്ത ആവിർഭവിക്കേണ്ടതിന്റേയും ആവശ്യകത മനസ്സിലാക്കുവാൻ ധൈര്യപ്പെടുന്നവർക്ക് വേണ്ടിയുമാണ് ഈ പുസ്തകമെഴുതിയിട്ടുള്ളത്." (പേ: 12, 13)

"അഭിനവ നാഗരികത ഒരു വിഷമസന്ധിയിൽ എത്തിയതായി അനുഭവപ്പെടുന്നു. അത് നാമുമായി പൊരുത്തപ്പെടുന്നില്ല. നമ്മുടെ പ്രകൃതിയെക്കുറിച്ച് യാതൊരറിവുമില്ലാതെയാണ് ആധുനികസംസ്കാരം കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നത്. ശാസ്ത്രീയസിദ്ധികളെക്കുറിച്ചുള്ള സങ്കല്പങ്ങളിൽനിന്നാണത് ഉടലെടുത്തത്. അതുപോലെ മനുഷ്യന്റെ ഇച്ഛാഭിലാഷങ്ങൾ, ഊഹാപോഹങ്ങൾ, അവന്റെ സിദ്ധാന്തങ്ങൾ എന്നിവയിൽനിന്നും. നമ്മുടെ അത്യദ്ധ്വാനങ്ങളിൽനിന്നാണത് ഉയിരെടുത്തതെങ്കിലും നമ്മുടെ ആകൃതിക്കും പ്രകൃതിക്കും തീരെ അയുക്തമാകുന്നു അത്." (പേ: 29)

“എല്ലാററിനും മാനദണ്ഡമായിരിക്കേണ്ടതു് മനുഷ്യനാണു്: എന്നാൽ സംഭവം മറിച്ചാകുന്നു. താൻ നിർമ്മിച്ച ലോകത്തു് മനുഷ്യൻ അപരിചിതനും നിസ്സഹായനുമത്രെ. അവനു് അവന്റെ ലോകത്തെ സ്വയം സംഘടിപ്പിക്കുവാൻ കഴിഞ്ഞില്ല. എന്തെന്നാൽ സ്വന്തം പ്രകൃതിയെക്കുറിച്ച പ്രായോഗികജ്ഞാനം അവനു് സ്വായത്തമല്ല ..... തന്നിമിത്തം ജീവശാസ്ത്രങ്ങളെ അതിശയിച്ചുംകൊണ്ടു് നിർജ്ജീവശാസ്ത്രങ്ങൾ നേടിയെടുത്ത വമ്പിച്ച പുരോഗതി ഒരു വിപത്തായിത്തീർന്നു. മനുഷ്യത്വം അഭിമുഖീകരിച്ച എല്ലാ വിപത്തുകളിലുംവെച്ചു് കൂടുതൽ ഭയാനകമായ വിപത്തു്! .... (പേ: 32)

“കേവലശാസ്ത്രം നേക്കുനേരെ ഒരു ദോഷവും വരുത്തുന്നില്ല. പക്ഷെ ശാസ്ത്രത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യം നമ്മുടെ ചിന്തകളെ പദാർത്ഥസാമ്രാജ്യത്തിൽ അടിമപ്പെടുത്തിവെക്കുമ്പോൾ തീർച്ചയായും അതൊരാപത്താണു്. ഇക്കാരണത്താൽ മനുഷ്യൻ അവന്റെ ശ്രദ്ധ അവനിലേക്കു് തന്നെ തിരിക്കേണ്ടതാണു്. തന്റെ സദാചാരപരവും മാനസികവുമായ കഴിവുകേടിന്റെ കാരണങ്ങളെപ്പററി അവൻ ആരായേണ്ടതുണ്ടു് .....” (പേ: 42)

# ഒരു പിടി പൂക്കൾ

( പി. വി. മജീദ് )

വിഷാദം മൂടിക്കെട്ടിനിന്നിരുന്ന ആഗ്രാ ഫോർട്ട് കണ്ടിറങ്ങിയപ്പോൾ മനസ്സിലും വിഷാദം കരിനിറച്ചതായിതോന്നി. ഫോർട്ടിലെ ഓരോ കല്ലും പറഞ്ഞ വേദനിക്കുന്ന കഥകൾ മനസ്സിൽ തങ്ങിനിന്നിരുന്നു. 'സമ്മൻ ബർജിൽ', പ്രിയ പുത്രി ജഹനാരാബീഗത്തിന്റെ മടിയിൽ തല വെച്ച്, വേദനിക്കുന്ന ഓർമ്മകൾ കടിച്ചിറക്കി, 'താജിനെ' വീക്ഷിച്ചുകൊണ്ട്, പിടഞ്ഞ് മരിച്ച ഷാജഹാന്റെ രൂപം ഓർമ്മയിലേക്കിറങ്ങിവന്നു.

യാന്ത്രികമെന്നോണം കൂട്ടുകാരൊന്നിച്ച് 'ജഡ്ക'യിൽ കയറി. ഷായുടെ കുതിര ചുറുചുറുക്കോടെ ഓടാനും തുടങ്ങി. ഏതോ ഒരു ഹിന്ദിഗാനത്തിന്റെ ഈരടികൾ അയാൾ നീട്ടിപ്പാടിക്കൊണ്ടിരുന്നു. ഇടുങ്ങിയ തെരുവീഥികളിൽ വൃത്തികേട് പരവതാനിവിരിച്ചതായികണ്ടു. ഭീലായിൽ നിന്നും വന്ന ശാന്തൻ ഷായോട് കാര്യമായെന്തോ ഹിന്ദിയിൽ സംസാരിച്ചുകൊണ്ടിരുന്നു.

പെട്ടെന്ന് സാബിദയുടെ നീണ്ട മൂക്ക് എന്റെ തലയിൽ ശക്തിയിൽ മുട്ടി. എല്ലാവരും ചിരിച്ചു. വണ്ടി നിന്നിരിക്കുന്നു? മുന്നിൽ വാഹനങ്ങളുടെ ഒരു നീണ്ട ക്യൂതന്നെകാണുന്നുണ്ട്. സംഗതി മനസ്സിലായില്ല. അല്പംകഴിഞ്ഞപ്പോൾ വാഹനങ്ങൾ ഓരോന്നായി നീങ്ങാൻ തുടങ്ങി. 'യമുനാബ്രിഡ്ജ്' എത്തിയിരിക്കുന്നു.

വീതികുറഞ്ഞ നീണ്ടപാലം. വൺവേട്രാഫിക്കാണ്.

'നാശം! മുന്നിൽ കുറെ പോത്തിൻവണ്ടികളുണ്ട്.'

—ഷാ, ശാന്തനോട് പറഞ്ഞു.

ഞങ്ങൾ താഴോട്ട് നോക്കി. യമുനാനദി പാഞ്ഞൊഴുകുന്നു. എന്തോ വലിയ തിരക്കുള്ളതായി തോന്നി അവർക്ക്. രണ്ടുഭാഗത്തും പഞ്ചാരമണലാണ്. അലക്കുകാരുടെ ഭയങ്കരതിരക്കാണവിടെ. പാലംകടന്നപ്പോൾ കുതിര വീണ്ടും ഓടി. അല്പംചെന്നപ്പോൾ അവൾ നിന്നു!

നൂർജിഹാന്റെ മാതാപിതാക്കൾ അന്ത്യവിശ്രമംകൊള്ളുന്ന സ്ഥലം!

കണ്ണുകൾക്കിമ്പംതോന്നി മതിയാവോളം കണ്ടു. പുറത്തെ ചീനിമരത്തിന്റെ ചുവട്ടിലിരുന്ന് ഫ്ളാസ്കിലെ ചൂടുകാപ്പി അകത്താക്കി കുതിര വീണ്ടും ഓടി. എത്രയോ ചരിത്രപ്രധാനങ്ങളായ സ്ഥലങ്ങൾ കണ്ടു. അക്ബർ പാദുഷ അന്ത്യവിശ്രമംകൊള്ളുന്ന സ്ഥലവും കണ്ടു.

തിരിച്ചപ്പോൾ നന്നേ ക്ഷീണംതോന്നി. 'ജഡ്ക' ഹോട്ടൽ 'ക്ലാർക്ക് ഷിറാസി'ലേക്ക് നീങ്ങി. ഷിറാസിലെ തണുത്ത അന്തരീക്ഷം കണ്ണിനും മനസ്സിനും കുളിർമ്മനല്കി. 'ബഡാഖാന' അകത്തായതുകൊണ്ട് കണ്ണുകളിൽ ഒരു കൊച്ചുറക്കം വിരുന്നുവന്നു.

ആഗ്രയിലെ അവസാന പരിപാടിക്ക് തയ്യാറെടുത്തു. റോഡിലേക്കിറങ്ങിയപ്പോൾ യൂക്കാലിപ്റ്റസ് മരങ്ങൾ തണൽനീട്ടി വിരിച്ചതായി കണ്ടു. താജിലേക്കുള്ള വഴി വൃത്തിയുള്ളതായിരുന്നു; വീതിയുള്ളതും....

നൂറടി ഉയരത്തിൽ തലയുയർത്തിനില്ക്കുന്ന, ചെങ്കല്ലുകൊണ്ട് നിർമ്മിച്ച മനോഹരമായ പ്രവേശനകവാടം കണ്ടപ്പോൾ, അതാണോ താജ് എന്നു ഒരു വേള തോന്നിപ്പോയി.

വെണ്ണക്കല്ല് വിരിച്ച നടപ്പാതയിലേക്ക് കാലെടുത്തുവെച്ചപ്പോൾ....

നീണ്ടനാളത്തെ അഭിലാഷം പൂർത്തീകരിക്കുകയാണെന്ന് ബോദ്ധ്യമായപ്പോൾ....

മാർബിളിൽ തീർത്ത ആ മോഹനകാവ്യസൗധം ദൃഷ്ടിയിൽ പെട്ടപ്പോൾ....

ഹൃദയം അറിയാതെ തുടിച്ചു. താമരപ്പൂക്കൾ നിറഞ്ഞ മാർബിൾടാങ്കിൽ താജ് പ്രതിഫലി

ച്ചുകണ്ടപ്പോൾ എന്തെന്നില്ലാത്ത സന്തോഷം തോന്നി.

ഷൂസ് ഊരിവെച്ച് അകത്തോട്ട് കയറിച്ചെന്നു. എവിടെയാണ് എത്തിയതെന്ന് അറിഞ്ഞുകൂടായിരുന്നു. ഏതോ ഒരു ദേവലോകത്തിലാണെന്ന് തോന്നി.

മാർബിളിൽ കൊത്തിവെച്ച സുന്ദരദൃശ്യങ്ങൾ അത് താജാണെന്നുപറഞ്ഞു. ഖുർആനിലെ സൂക്തങ്ങൾ കൊത്തിവെച്ചത്, താജിന്നൊരു ആത്മീയ പരിവേഷമായിത്തീർന്നിരിക്കുന്നു.

ദൈവത്തിന്റെ തൊണ്ണൂറ്റൊമ്പത് നാമങ്ങൾ കൊത്തിവെച്ച ശവകുടീരമുറിയിലേക്ക് കടന്നു. മാർബിൾ കല്ലുകളിലുള്ള സുന്ദരമായ 'വേലിക്കെട്ട്'' ആകർഷകത്വമേറിയവയാണ്.

മുംതാസും, ഷാജഹാനും അന്ത്യവിശ്രമം കൊള്ളുന്നു!

പരിശുദ്ധിയുടെ അന്തരീക്ഷമാണവിടെ.... പരിപാവനതയുടെ അന്തരീക്ഷം....

'തിരിച്ചുരുക്കിയ ഒരു റാന്തലിൽ'നിന്നുള്ള വെട്ടം അവിടെയാകെ ഒലിച്ചിറങ്ങുന്നുണ്ട്. സുഗന്ധദ്രവ്യങ്ങൾ പുകയുന്നതിന്റെ മണം മൂക്കിലേക്ക് ഇരച്ചുകയറുന്നുമുണ്ട്.

നിശാന്ത നിശ്ശബ്ദത! ആരും ഒന്നും മിണ്ടിയില്ല. സന്ദർശകരിൽ ചിലർ ആ മാർബിൾ കല്ലുകളെ ചുംബിക്കുന്നു; ചിലർ പുഷ്പങ്ങളർപ്പിക്കുന്നു.

സിന്ധുവിന്റെ വാനിറ്റിബാഗിൽനിന്നെടുത്ത രണ്ട് പുഷ്പദളങ്ങൾ അർപ്പിക്കുമ്പോൾ എന്റെ കൈകൾ അറിയാതെ വിറക്കുന്നുണ്ടായിരുന്നു.

കദനഭാരം തൂങ്ങിയ ഹൃദയവുമായി താഴേക്കുള്ള പടവുകളിറങ്ങി. കലാകാരന്റെ മഹത്തായ കലാസൃഷ്ടിക്ക് മുമ്പിൽ തലകുനിച്ച് ഞങ്ങൾ, താജിന്റെ തറയിലേക്കുകടന്നു. യമുനക്കഭിമുഖമായി ആ തറയിലിരുന്നു.

നേരം ഇരുട്ടിയിരുന്നു. ആകാശത്ത് താരങ്ങൾ എത്തിനോക്കാൻ തുടങ്ങി. അമ്പിളിക്കല ഉയരുന്നതേയുള്ളു. താജിൽ വെട്ടമില്ല... യമുനയുടെ അക്കരെയിലേക്കുനോക്കി. നേരിയ ഇരുട്ടിൽ ഒരു വലിയ ഇരുട്ട്—ആഗ്രാഫോർട്ട്!

തണുത്തകാറ്റ് ആഞ്ഞടിച്ചു. വിശ്രമിക്കാനായി മാർബിൾ വിരിച്ച തറയിൽകിടന്നു. സാബിതയും, സിന്ധുവും വായ്തോരാതെ സംസാരിച്ചിരുന്നു. ശാന്തനും, ജോർജ്ജും നിശ്ശബ്ദരായിരുന്നതേയുള്ളു.

ആരാലും ശ്രദ്ധിക്കപ്പെടാതെ അവൾ എന്റെ അടുത്ത് കിടന്നിരുന്നു.... അവളെന്റെ ശ്രദ്ധ ആകർഷിച്ചു. അവളുടെ കഥ എന്നോട് പറഞ്ഞു.

മുല്ലപ്പൂവിനേക്കാൾ വെണ്മയുള്ള അവൾ ജനിച്ചത് രാജസ്ഥാനിലാണ്. കൊല്ലങ്ങൾക്ക് മുമ്പ് അന്നൊരുദിവസം രാത്രി ശക്തിയായ ഒരു പൊട്ടൽ കേട്ടു. എന്താണെന്ന് വ്യക്തമായില്ല. ശക്തിയായ ഒരു പൊട്ടിത്തെറി. ഓർമ്മവന്നപ്പോൾ ആരോ ചിലർ താങ്ങുന്നതായിട്ടാണവൾക്ക് തോന്നിയത്. നിലവിളിക്കണമെന്ന് തോന്നി. ശബ്ദം പൊങ്ങിയില്ല. വിട്ടുതരണമെന്നപേക്ഷിച്ചു. വിടാൻ ഭാവമുണ്ടായിരുന്നില്ല. ദൽഹി ചക്രവർത്തി ഷാജഹാൻ തിരുമനസ്സിന്റെ കല്പനയനുസരിച്ചാണ് അവളെ അവർ കൊണ്ടുപോകുന്നതെന്നറിയിച്ചു.

അവളുടെ സിരകളിലൂടെ ഒഴുകിയിരുന്നത് രജപുത്രരക്തമായിരുന്നു. അവളുടെ രക്തവും, മജ്ജയും മാംസവും, രജപുത്രരുടേതാണ്. അതിപ്പോൾ അശുദ്ധമാക്കപ്പെട്ടിരിക്കുന്നു. അവൾ മാത്രമല്ല പിടിക്കപ്പെട്ടത്. അവളുടെ കൂട്ടുകാരികളേയും അവർ പിടിച്ചു.

പിന്നെ യാതനകളുടെ കഥയാണ്. മാസങ്ങളോളം സഞ്ചരിച്ചാണ് അവർ ദൽഹിയിലെത്തിയത്. അതിനിടക്ക് അവൾക്കുവേണ്ടി, അവളുടെ കൂട്ടുകാരികൾക്കുവേണ്ടി എത്ര മനുഷ്യജീവിതങ്ങളാണെന്നോ ബലികഴിക്കപ്പെട്ടിരുന്നത്.

ചക്രവർത്തി ഷാജഹാൻ തിരുമേനിയെകണ്ട് സങ്കടമുണർത്തിക്കണമെന്നവൾ തീരുമാനിച്ചു. പക്ഷെ ആഗ്രയിലെത്തിയപ്പോൾ കേട്ടവാർത്ത അസഹ്യമായിരുന്നു.

''നല്ലവനായ ചക്രവർത്തി ദുഃഖത്തിലാണ്. തന്റെ പ്രിയപ്രേയസിമുംതാസ് മരിച്ചുപോയ ദുഃഖത്തിൽ നീറുകയാണ് ചക്രവർത്തി. കൊട്ടാരത്തിലിപ്പോൾ നൃത്തമില്ല... പാട്ടുമില്ല... രാജ്യമാകെതന്നെ തീരാദുഃഖത്തിലാണ്.''

പിന്നെയവൾ സങ്കടമുണർത്തിയില്ല. ദിവസങ്ങൾ കുറെകഴിഞ്ഞപ്പോൾ അവളെ ആരോ പി

ടിച്ചു് ആ മൂലയിൽ കിടത്തി. അതിനുശേഷം അവൾ എഴുന്നേററിട്ടില്ല.

അതിനുശേഷം കോടാനുകോടി ആളുകൾ അവിടെ വന്നു; ലോകനേതാക്കന്മാർ വന്നു; പക്ഷെ ആരുംതന്നെ അവളെ ശ്രദ്ധിച്ചില്ല. ചക്രവത്തിയെ പലരും പുകഴ്ത്തുന്നതായികേട്ടു. അവളേയും, അവളുടെ കൂട്ടുകാരികളേയുംകുറിച്ചു് ആരും ഒന്നും മിണ്ടിയില്ല.

പലരും അവളെ ചവിട്ടിക്കടന്നുപോയി. ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല.

ഇത്രയും പറഞ്ഞപ്പോഴേക്കും അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു. അവളുടെ കഥ പറയാൻ ഒരാളെ എത്രനാളായി അവൾ കാത്തിരിക്കുന്നുവെന്നോ ?

അവളുടെ നനഞ്ഞ കണ്ണുകളിൽ ഞാൻ തലോടി. മിനുസമേറിയ ആ മുഖത്തു ചുണ്ടുകൾ അമത്തി.

“ഗററ് അപ്”ബോയ്, ആർ യു ഡ്രീമിങ്ങ് . . . .” എന്നു് സാബിദ തട്ടിവിളിച്ചപ്പോൾ,

എൻറെ സുന്ദരി . . . . ഗുഡ് നൈററ് . . . . ആ മാർബിൾ കല്ലിനോട് യാത്രപറഞ്ഞു.

താജിനു് പുറത്തുകടന്നപ്പോഴും മനസ്സിലേക്കിരമ്പിവരുന്നതു് അവളെക്കുറിച്ചുള്ള ഓർമ്മകളുടെ ഒരു പിടി പൂക്കളായിരുന്നു.

# PASTEUR'S WORK ON RABIES

K. Ziauddin, I B. Sc.

Louis Pasteur was one of the greatest benefactors of mankind. A humble and pious man he was not only the founder of the germ theory but also the father of bacteriology, the discoverer of immunity from disease and the victor over the mad-dog disease — rabies or hydrophobia.

Pasteur's researches in the dread disease called hydrophobia or rabies, made a particularly dramatic story. Hydrophobia attacks many animals, including dogs, cats, wolves, foxes and jackals; it is transmitted to man by the bite of infected animals. The most striking feature, perhaps, of the disease is shown at an advanced stage. The patient is tormented by thirst and yet is seized with a violent choking fit when he attempts to swallow water. In fact, the very thought of water may bring on such an attack; hence the name hydrophobia (fear of water in Greek). Until Pasteur, hydrophobia victims always died after suffering the most frightful agonies.

After extended experiments with saliva from infected animals, Pasteur came to the conclusion that the germ — or as it later turned out, the virus — of the disease was concentrated in the nerve centres of the victims. He found for example that when he introduced matter from the spinal cord of an infected dog into a healthy animal, he could produce the symptoms of hydrophobia. He also discovered that he could prevent the dogs from dying of the disease by a series of injections of the dried spinal cords of infected rabbits.

On the morning of July 6, 1885, a nine-year old Alsation lad, Joseph Meister, who had been cruelly bitten by a mad dog, was brought to Pasteur's laboratory in Paris for treatment. Pasteur had never tried his vaccine on a human being and he hesitated to do so. "The death of this child" he wrote afterwards, "appearing to be inevitable, I decided, not without lively apprehension, as may well be believed, to try upon Joseph Meister the method that I found constantly successful with dogs." The treatment proved to be entirely successful; the boy speedily recovered.

Soon Pasteur was besieged by patients from all over the world, seeking treatment from the bites of mad dogs and wolves. A grateful world honoured the great scientist's name by contributing funds to build a series of Pasteur institutes where vaccines could be manufactured, treatments given and research on immunization undertaken.

# പുരുഷനാമത്തിലെഴുതിയ സാഹിത്യകാരി

(കെ. അബ്ദുൽ ലത്തീഫു്, II B. A.)

ഇംഗ്ലീഷു് വനിതാനോവലിസ്റ്റുകളിൽ അഗ്രാസനാർഹരുടെ കൂട്ടത്തിൽ പ്രഥമഗണനീയ മേരി ആൻ ഇവാൻസു് ആണെന്നു് പറഞ്ഞാൽ പലരും നെററിചുളിച്ചേക്കും. ഉത്തരക്ഷണത്തിൽതന്നെ നോവലിസ്റ്റിൻെറ പേർ ജോർജ്ജു് എലിയട്ടു് എന്നു് മാററിപ്പറഞ്ഞാലോ? നെററിചുളിച്ചവർ നിർവ്വിശങ്കം അതിനോടു് യോജിക്കും. ഇതിൻെറ കാരണം എന്തെന്നല്ലെ?

മേരി ആൻ ഇവാൻസും ജോർജ്ജു് എലിയട്ടും ഒരേ വ്യക്തിയുടെ വ്യത്യസ്ത നാമങ്ങളാണു്. മേരി ആനിനെക്കുറിച്ചു് ആധുനിക യുഗത്തിനു് കാര്യമായൊന്നുമറിഞ്ഞുകൂടാ. ജോർജ്ജു് എലിയട്ടിനെക്കുറിച്ചും അവരുടെ കൃതികളെക്കുറിച്ചും അറിഞ്ഞിരിക്കാമെങ്കിലും മേരി ആൻ എന്നായിരുന്നു ആ അനുഗൃഹീത സാഹിത്യോപാസികയുടെ യഥാർത്ഥ നാമം എന്നു് മനസ്സിലാക്കിയവർ താരതമ്യേന കുറവത്രെ.

ആംഗ്ലേയ സാഹിത്യ ഗോപുരത്തിൻെറ പടിവാതില്ക്കലെത്തിനോക്കുന്നവരിൽ പലർക്കും, സത്യം തുറന്നുപറഞ്ഞാൽ, ജോർജ്ജു് എലിയട്ടു് ഒരു സാഹിത്യകാരനോ അതോ സാഹിത്യകാരിയോ ഏതാണെന്നു് ഉറപ്പിച്ചു് പറയാൻ ധൈര്യം കാണുകയില്ല. എലിയട്ടിൻെറ സമകാലീനയായ മിസ്സിസ്സു് കാർലൈലിനുപോലും ഈയബദ്ധം പിണഞ്ഞെങ്കിൽ ഇംഗ്ലീഷു്സാഹിത്യവുമായി നേരിയ ബന്ധം മാത്രമുള്ളവരുടെ അജ്ഞത അപഹസനീയമല്ലല്ലോ. 1858-ൽ 'ജോർജ്ജു് എലിയട്ടു്' എന്ന തൂലികാനാമത്തിൽ 'സീൻസു് ഓഫു് ക്ലെറിക്കൽ ലൈഫു്' എന്ന തൻെറ ചെറുകഥാ സമാഹാരം പ്രസിദ്ധീകരിച്ചപ്പോൾ എലിയട്ടിനു് നിരവധി അനുമോദന പത്രങ്ങൾ ലഭിച്ചു. അവയിൽ ഒന്നു് ജെയിൻ വെൽഷ്കാർലൈലിൻേറതായിരുന്നു. പക്ഷെ വിശ്രുതചരിത്രപണ്ഡിതൻെറ ഭയി തയ്യ്ലൊരമളി പററി; ജോർജ്ജു് എലിയട്ടു് ഒരു പുരുഷനായിരുന്നെന്നത്രെ മിസ്സിസ്സു് കാർലൈലിൻെറ വിശ്വാസം.

ശ്രവണമാത്രയിൽ ജോർജ്ജു് എലിയട്ടു് ഒരു പുരുഷനാമമാണു്. തൻെറ തൂലികാനാമത്തിൽ പുല്ലിംഗത്തിനു് പ്രാധാന്യം കല്പിക്കാൻ അവരെ പ്രേരിപ്പിച്ചതു് എന്താണെന്നറിഞ്ഞുകൂട. അവരുടെ ഭർത്താവിൻെറ പേർ ജോർജ്ജു് ഹെൻട്രി ലീവിസു് എന്നായിരുന്നു അതിൽനിന്നാണു് 'ജോർജ്ജു്' എടുത്തതു്. എലിയട്ടു് എന്ന അനുബന്ധത്തിനു് കാരണം, അവരുടെ സ്വന്തം ഭാഷതന്നെയുപയോഗിച്ചാൽ അതൊരു 'ഉച്ചാരണ സൗഖ്യമുള്ള പദ'മാണു് എന്നത്രേ.

## അല്പം ജീവചരിത്രം

ജോർജ്ജു് എലിയട്ടിൻെറ ജനനം 1819 നവമ്പർ 22-ാംനു-യായിരുന്നു. റോബർട്ടു് ഇവാൻസിൻെറ ദ്വിതീയ പത്നി ക്രിസ്റ്റീന പിയേഴ്സൻെറ മൂന്നാമത്തേതും അവസാനത്തേതുമായ സന്താനമായിരുന്നു അവർ. മേരി ആൻ എന്ന തൻെറ പേർ മേരിയൻ എന്നുച്ചരിക്കാനാണു് കൊച്ചുന്നാളിലേ അവരാഗ്രഹിച്ചതു്. കുട്ടിക്കാലം 'ഗ്രിഫു്' എന്ന ഭവനത്തിൽ കഴിച്ചുകൂട്ടിയ മേരിയൻ 1824-ൽ ആററ്ൽബറോയിൽ സഹോദരി ക്രിസ്റ്റീനയോടൊപ്പം സ്കൂളിൽ ചേരുകയും നാലു കൊല്ലങ്ങൾക്കുശേഷം നന്ദററനിലെ വലിയൊരു പാഠശാലയിലേക്കു് മാറുകയും ചെയ്തു. 1828-ൽ മേരിയൻ കവൻട്രിയിൽ മറെറാരു പള്ളിക്കൂടത്തിലും അദ്ധ്യയനം നടത്തി.

മേരിയൻെറ അച്ഛൻ വിരുതുററൊരു എസ്റ്റേററു് ഏജൻറായിരുന്നു. പുത്രിയെപ്പോലെ ചിന്താമണ്ഡലങ്ങളിൽ പ്രഭാപ്രസരം പൊഴിയ്ക്കാനൊന്നും സാധിച്ചില്ലെങ്കിലും തൻേറതായൊരു ആദർശ സംഹിതയും അതിലുള്ള അചഞ്ചല വിശ്വാ

സവും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. മിസ്സിസ് ഇവാൻസിന്റെ ചിത്രം ഏറെ വ്യത്യസ്തമാണ്. ഒരു തികഞ്ഞ പ്രായോഗിക ജീവിയായിരുന്നു അവർ. ക്രിസ്റ്റീന ഭാവത്തിലും ചലനത്തിലും അമ്മയെ അനുകരിച്ചപ്പോൾ മേരിയൻ തന്റേതായ ഒരു ലോകം മെനഞ്ഞെടുക്കാനാണാഗ്രഹിച്ചത്. ഇടുങ്ങിയ ഗാർഹികാന്തരീക്ഷത്തിന്റെ വീർപ്പുമുട്ടിക്കുന്ന കൊച്ചു ലോകത്തിൽ ഞെരിഞ്ഞമർന്ന് ചക്രശ്വാസം വലിക്കാൻമാത്രം സങ്കുചിതമായിരുന്നില്ല മേരിയന്റെ ജീവിത വീക്ഷണം. പ്രോജ്ജ്വലഗംഭീരമായ തന്റെ ഭാവന അവരെ വീട്ടിന്റെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങിയിരിക്കാൻ അനുവദിച്ചില്ല. അച്ഛന്റെകൂടെ വെളിയിൽ പോകാനും വിശാലമായ ബാഹ്യലോകവുമായി അടുത്തിടപഴകാനും പലപ്പോഴും അവർ പരിശ്രമിച്ചു.

അമേയമായ പാരായണതൃഷ്ണ മേരിയന്റെ സവിശേഷതയായിരുന്നു. കയ്യിൽ കിട്ടുന്നതെന്തും അത്യാർത്തിയോടെ ഒറ്റ വലിക്ക് വായിച്ചുതീർക്കുമായിരുന്നു അവർ. സർ വാൾട്ടർസ്കോട്ടിന്റെ 'വേയ്‌വേർലി' എന്ന നോവൽ ഒരിക്കൽ ക്രിസ്റ്റീന കൊണ്ടുവന്നപ്പോൾ മേരിയൻ വായനയാരംഭിച്ചു. പക്ഷെ വായിച്ചുതീരുന്നതിനു മുമ്പേ അത് മടക്കിക്കൊടുക്കേണ്ടിവന്നു. അപ്പോൾ മേരിയൻ ചെയ്തതെന്താണെന്നോ? താൻ വായിച്ചിടത്തോളം ആ നോവലിന്റെ കഥ അവർ കടലാസ്സിൽ പകർക്കാൻ തുടങ്ങി. 'വേയ്‌വർലി' വീണ്ടും ലഭിച്ചപ്പോൾ ആ കഥ അവർ പൂർത്തിയാക്കി. 'പിൽഗ്രിംസ് പ്രോഗ്രസ്സും' 'ഈസ്സപ്സ് ഫേബിൾസും' മറ്റും പാരായണം ചെയ്യാൻ മേരിയൻ പ്രദർശിപ്പിച്ച ശുഷ്കാന്തി അനിതര സാധാരണമാണ്.

## സാഹിത്യജീവിതം

ഒന്നാന്തരമൊരു ധിഷണാശാലിനിയായിരുന്ന മേരിയൻ വിജ്ഞാന സമ്പാദനത്തിനുവേണ്ടി വിദ്യാകേന്ദ്രങ്ങളേക്കാളേറെ തന്നെത്തന്നെയാണാശ്രയിച്ചത്. സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാമുഖ്യമോ പ്രാചുര്യമോ സിദ്ധിച്ചിട്ടില്ലാതിരുന്ന അക്കാലത്ത് അവിരാമമായ അദ്ധ്വാനംമൂലം മാത്രമെ സ്ത്രീജനങ്ങൾക്ക് വിദ്യാരംഗത്ത് മികച്ചുയരാൻ സാധിക്കുമായിരുന്നുള്ളു. പരുത്ത യാതനകളും കടുത്ത വേദനകളും സഹിച്ചാണെങ്കിലും മേരിയൻ അറിവ് സമാർജ്ജിച്ചു. ഒരു നോവലിസ്റ്റായി അറിയപ്പെടുന്നതിനുമുമ്പേ അവർ ലണ്ടനിലെ സാഹിത്യവേദിയിൽ ഉന്നതായ ഒരു വ്യക്തിമുദ്ര പതിപ്പിക്കുകയും പ്രധാനപ്പെട്ടൊരു ആനുകാലിക പ്രസിദ്ധീകരണത്തിന്റെ സഹപത്രാധിപസ്ഥാനമലങ്കരിക്കുകയും ചെയ്തു.

മേരിയന്റെ ആയുഷ്കാലത്തെ പ്രധാനമായും രണ്ടു ഘട്ടങ്ങളായി വിഭജിക്കാം. അറുപത്തിയൊന്ന് വർഷം മാത്രം ദൈർഘ്യമുള്ള തന്റെ ജീവിതകാലത്തിന്റെ ആദ്യത്തെ പകുതിയിൽ സാഹിത്യകൃതികളൊന്നും സംഭാവന ചെയ്തിട്ടില്ല അവർ. തന്റെ മുഴുവൻ കൃതികളും അവർ വിരചിച്ചത് രണ്ടാം പകുതിയിലത്രെ. പക്ഷേ ആദ്യഘട്ടത്തിൽ നിഷ്ക്രിയയായിരിക്കുകയായിരുന്നു അവരെന്ന് പറഞ്ഞുകൂട. വാസ്തവത്തിൽ ആദ്യത്തെ മൂന്നു ദശാബ്ദത്തിന്നിടയ്ക്ക് ജീവിതത്തിൽ തുടർന്നുപയോഗിക്കേണ്ട കരുക്കൾ തയ്യാറാക്കുകയായിരുന്നു മേരിയൻ. അങ്ങിനെ സാഹിത്യവേദിയിലേയ്ക്ക് കാലെടുത്ത് വെയ്ക്കുമ്പോഴേയ്ക്കും അനുഭവ സമ്പത്തിന്റെയൊരക്ഷയ പാത്രംതന്നെ നേടിയെടുത്തുകഴിഞ്ഞിരുന്നു അവർ. തുടർന്നുണ്ടായ സാഹിത്യോപാസന വേളയിൽ തന്റെ മഹത്തായ വിജയത്തിനു നിദാനവും അതുതന്നെയായിരുന്നു.

സൂക്ഷ്മമായി പറഞ്ഞാൽ ഒരു ജർമ്മൻ ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് വിവർത്തനമാണ് മേരിയന്റെ പ്രഥമ സാഹിത്യസന്താനം. 1851-ൽ 'ദി വെസ്റ്റ്മിൻസ്റ്റർ റിവ്യൂ'യുടെ സഹപത്രാധിപയായതോടെ ലണ്ടനിലെ സാഹിത്യരംഗത്ത് അവരുടെ തൂലിക അഭംഗുരം ചലിച്ചുതുടങ്ങി. ലണ്ടനിലെ പല പ്രശസ്ത വ്യക്തികളുമായി അവർ പരിചയപ്പെട്ടു. പ്രഖ്യാത തത്വചിന്തകനായ ഹെർബെർട്ട് സ്പെൻസർ അക്കൂട്ടത്തിൽ ഒരാളായിരുന്നു. സ്പെൻസർ മുഖേനയാണ് ഒരു പത്രപ്രവർത്തകനും എഴുത്തുകാരനുമായ ജോർജ്ജ് ഹെൻറി ലിവീസുമായി മേരിയൻ ബന്ധപ്പെട്ടത്. വിവാഹത്തിൽ കലാശിച്ച ആ ബന്ധം വാസ്തവത്തിൽ മേരിയന്റെ ജീവിതത്തിലെ ശുക്രനക്ഷത്രമായിരുന്നു. ലിവീസ് പത്നിയെ നോവൽ എഴുതാൻ അടിക്കടി പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. മേരിയന്റെ അവഗാഢമായ സാഹിതീതപസ്യയിൽ ഉള്ളഴിഞ്ഞ സഹകരണം പ്രദർശിപ്പിക്കാൻ ലിവീ

സിന്നു സന്തോഷമേയുണ്ടായിരുന്നുള്ളു. 'സീൻസ് ഓഫ് ക്ലറിക്കൽ ലൈഫി'നുശേഷം 1859-ൽ പുറത്തിറങ്ങിയ 'ആഡം ബീഡ്' എലിയട്ടിനെ വിഖ്യാതിയുടെ മണിഗോപുരത്തിലേക്കാനയിച്ചു.

മേരിയൻ രചിച്ച ഏററവും നല്ല നോവലുകളിൽ ഒന്നത്രെ 1860-ൽ പ്രസിദ്ധീകൃതമായ 'ദി മിൽ ഓൺ ദി ഫ്ലോസ്സ്'. അടുത്തവർഷം പുറത്തിറങ്ങിയ 'സിലാസ് മാർണറും' അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ നേടിയെടുത്തു. 'റൊമോല'ക്കും 'ഫെലിക്സ് ഹോൾട്ടി'നും ശേഷം ആറ് സംവത്സരക്കാലത്തെ ഇടവേള കഴിഞ്ഞപ്പോൾ 1872-ൽ പുതിയൊരു നോവലുമായാണ് ജോർജ്ജ് എലിയട്ട് കടന്നുവന്നത്. 'മിഡിൽ മാർച്ച്' എന്ന പ്രസ്തുത കൃതിയത്രെ എലിയട്ടിന്റെ വിശിഷ്ട നോവലായി എണ്ണപ്പെടുന്നത്. 1876-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'ഡാനിയൽ ഡെറോൺഡ' യായിരുന്നു അവരുടെ അവസാന കൃതി.

ആംഗ്ലേയ സാഹിത്യനഭോമണ്ഡലത്തിൽ അനശ്വര പ്രദീപ്തിയുടെ കൈത്തിരി കത്തിച്ചുവെച്ചുകൊണ്ട് 1880 ഡിസംബർ മാസം 22-ാംനു ജോർജ്ജ് എലിയട്ട് ഐഹികജീവിതത്തിന് വിരാമമിട്ടു. മാനുഷികമൂല്യങ്ങളുടെ വക്താവും മാനുഷിക സ്നേഹത്തിന്റെ പ്രയോക്താവുമായി ദശാബ്ദങ്ങൾക്കപ്പുറം ലണ്ടനിൽ വിരാജിച്ച എലിയട്ട് വാസ്തവത്തിൽ ഇംഗ്ലീഷു ജനതയുടെ മാത്രം നോവലിസ്റ്റായിരുന്നില്ല. വിശ്വമനസ്സാക്ഷിയുടെ അഗാധതലങ്ങളിൽ സൂക്ഷ്മനയനങ്ങളുമായി കടന്നുചെന്ന്, പരമ്പരാഗത ജീവിതാനുഭവങ്ങൾ അവിടെ നിരത്തിവെച്ചു പോരലുകൾ ഭാവപ്പൊലിമയെഴുംവിധം ഉല്ലേഖനം ചെയ്ത് കാണിക്കാനാണ് അവർ തന്റെ തൂലിക വിനിയോഗിച്ചത്. അക്കാരണത്താൽതന്നെ, തലമുറകളുടെ തിരോഭാവത്താലോ യുഗങ്ങളുടെ അനുസ്യൂതാസ്തമനങ്ങളാലോ വിസ്മൃതിയിലാഴ്ത്തപ്പെടാതിരിക്കുന്ന ഒരഭിധാനമാണ് പുരുഷനാമത്തിൽ സാഹിതീസേവനടത്തിയ ജോർജ്ജ് എലിയട്ടിന്റേത്.

# റേഡിയം ലോകത്തിന്നു് ആർ സംഭാവനചെയ്തു?

( പി. അബ്ദുൽ അസീസു്, തച്ചമ്പാറ, II P. D. C. )

ഈ വിശാലമഹീതലത്തിൽ ശാസ്ത്രീയമായ ഒരു ഗവേഷണം നടത്തി വിജയംവരിച്ച സർവ്വജന സംപൂജ്യയായ ഒരു വനിതാരത്നമാണു് മാഡം ക്യൂറി. ഒരു ശാസ്ത്രജ്ഞ എന്ന നിലയിൽ ഖ്യാതി സമ്പാദിക്കുവാൻ മാഡംക്യൂറിക്കല്ലാതെ മററാരു പെണ്ണുങ്ങൾക്കും കഴിഞ്ഞിട്ടില്ലെന്നു്, ലോകാരംഭം മുതൽ ഇന്നേവരെയുള്ള മാനവചരിത്രം മറിച്ചുനോക്കുകയാണെങ്കിൽ നമുക്കു് മനസ്സിലാക്കുവാൻ സാധിക്കും. മാഡംക്യൂറി ലോകത്തിനു പൊതുവേയും സ്ത്രീലോകത്തിനു് വിശേഷിച്ചും അഭിമാനകാരണമാണു്.

പോളണ്ടിന്റെ തലസ്ഥാനമായ വാഴ്സാനഗരത്തിൽ 1867 നവംബർ 7-ാംനു- വ്ലാഡിസ്ലാവു് സ്ലോഡോസ്കിയുടേയും മാഡംസ്ലോഡോസ്കിയുടേയും അഞ്ചാമത്തെ അരുമസന്താനമായി ഒരു നിർദ്ധന കുടുംബത്തിൽ മാഡംക്യൂറി ഭൂജാതയായി.

സ്വദേശത്തുവെച്ചുതന്നെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ മാഡംക്യൂറിയ്ക്കു് ഉപരിപഠനത്തിനുള്ള പോംവഴികൾ ആരാഞ്ഞുവന്നു. അവരുടെ കുട്ടിക്കാലത്തു് പോളണ്ടിലെ വനിതമാർക്കു് സർവ്വകലാശാലാ വിദ്യാഭ്യാസം ഗവൺമെന്റു് അനുവദിച്ചിരുന്നില്ല. പാരീസ്സ് തുടങ്ങിയ വിദൂരനഗരങ്ങളിൽ മാത്രമേ പെൺകുട്ടികൾക്കു് കലാശാലാ വിദ്യാഭ്യാസം അനുവദിച്ചിരുന്നുള്ളൂ. നിർദ്ധനകുടുംബത്തിൽ ജനിച്ച മാഡംക്യൂറിക്കു് ഉപരിപഠനം ഒരു വിദൂരസ്വപ്നമായി മാത്രം കരുതി കുറച്ചുകൊല്ലങ്ങളോളം ഇരിക്കേണ്ടിവന്നു. അധികം താമസിയാതെതന്നെ പലരുടേയും സഹായസഹകരണം നിമിത്തം മാഡംക്യൂറി ഉപരിപഠനത്തിനു് പാരീസിലേയ്ക്കു് തിരിച്ചു. അവരുടെ നിരന്തര പരിശ്രമഫലമായി പാരീസിലെ സോർബോൺ സർവ്വകലാശാലയിൽനിന്നും 'മാസ്റ്റർ ഓഫ് സയൻസ്'' എന്ന ഉന്നതബിരുദം നേടി. ഇതിനുശേഷം ഗണിതശാസ്ത്രത്തിലും അവർ പ്രശസ്തവിജയം കൈവരിച്ചു.

മാഡംക്യൂറി സർവ്വകലാശാലാ വിദ്യാർത്ഥിനിയായിരുന്നപ്പോൾ, 'സ്കൂൾ ഓഫ് ഫിസിക്സ് ആൻഡ് കെമിസ്ട്രി' എന്ന സ്ഥാപനത്തിൽ ജോലിനോക്കിവന്ന ഉന്നത വിദ്യാസമ്പന്നനായ പിയർക്യൂറി എന്ന ശാസ്ത്രജ്ഞനുമായി പരിചയപ്പെട്ടിരുന്നു. ഇതുനിമിത്തം പരീക്ഷണങ്ങളെ സംബന്ധിച്ചു് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഗവേഷണത്തിന്നായി ലബോറട്ടറിയിലെ ഒരു മുറിയും മാഡംക്യൂറിക്കു് പിയർ ക്യൂറിയിൽനിന്നും ലഭിക്കുകയുണ്ടായി. എം. എസ്സ്. സിക്കു പഠിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ ആരംഭിച്ചിരുന്ന കാന്തത്തെ സംബന്ധിച്ച ഗവേഷണം തുടർന്നു നടത്തണമെന്നുള്ളതായിരുന്നു അവരുടെ പ്രധാനലക്ഷ്യം. അതിനുവേണ്ടി പല ഗവേഷണങ്ങളും മാഡംക്യൂറി നടത്തി.

പിയർ ക്യൂറിയും മാഡംക്യൂറിയും തമ്മിലുള്ള പരസ്പരസൗഹൃദം വിവാഹബന്ധത്തിൽ ചെന്നവസാനിച്ചു. വിവാഹത്തിനുശേഷവും മാഡം ക്യൂറി അവരുടെ ഗവേഷണം തുടർന്നുകൊണ്ടിരുന്നു. അനന്തരം അവർ 1895-ൽ ഫെല്ലോഷിപ്പ് പരീക്ഷയിലും പ്രശസ്തവിജയം സമ്പാദിച്ചു.

എന്തെങ്കിലും ഒരു പുതിയ ഗവേഷണംമൂലം സർവ്വദാ സമ്മാന്യമായ ഡോക്ടർ ബിരുദംനേടാൻ അവർ അതിയായി ആശിച്ചു. അതിനുള്ള വഴികളെക്കുറിച്ചു് അഗാധമായി ചിന്തിച്ചു. സൂര്യപ്രകാശത്തിന്റെ സഹായംകൂടാതെ യുറേനിയത്തിൽനിന്നുണ്ടാകുന്ന വികിരണത്തെ [Radiation] സംബന്ധിച്ച ഗവേഷണം നടത്തി അതിന്റെ ഫലം കണ്ടുപിടിക്കാനാണു് മാഡംക്യൂറി ആദ്യം ശ്രമിച്ചതു്. അതിന്റെ ഫലമായി വെളിച്ചവും ചൂടും യുറേനിയത്തിന്റെ വികിരണത്തെ ബാധിക്കയില്ലെന്നും തോറിയം എന്ന ധാതുവിനും യുറേനിയത്തിന്റെ വികിരണഗുണം തന്നെയാണുള്ളതെന്നും മാഡംക്യൂറി കണ്ടുപിടിച്ചു. തുടർന്നു

നടത്തിയ നിരവധി നിരീക്ഷണ പരീക്ഷണങ്ങൾക്കുശേഷം പിച്ചുബ്ലൻഡ് [Pitch Blend] എന്ന അസംസ്കൃതധാതുവിന് യുറേനിയത്തേയും തോറിയത്തേയുംകാൾ വളരെ വികിരണ ശക്തിയുണ്ടെന്ന് അവർ വെളിപ്പെടുത്തി. മാത്രമല്ല മററു രണ്ടു ധാതുക്കളെയും നിഷ്പ്രഭമാക്കുന്ന അത്യന്തം വികിരണശക്തിയുള്ള ഒരു മൂലധാതു പിച്ച് ബ്ലൻഡിൽ അന്തർഭവിച്ചിട്ടുണ്ടെന്ന് മാഡംക്യൂറി മനസ്സിലാക്കുകയും ചെയ്തു. എന്നാൽ ആ മൂലധാതു എന്താണെന്ന് കണ്ടുപിടിക്കാൻ ശ്രമകരമായ വളരെയധികം ഗവേഷണങ്ങൾ നടത്തിയിരുന്നു.

രാസപ്രയോഗംമൂലം പിച്ച് ബ്ലൻറിലെ ഓരോ ധാത്വംശത്തേയും വേർതിരിച്ച് പരിശോധിച്ചു. അത്ഭുതകരമായ വികിരണശക്തിയുള്ള രണ്ടംശങ്ങൾ അതിലടങ്ങിയിട്ടുണ്ടെന്നും ഒടുവിൽ അവർക്ക് ബോദ്ധ്യമായി. 1898-ൽ വീണ്ടും നടത്തിയ വളരെയധികം പരീക്ഷണങ്ങളുടെ ഫലമായി 1898-ൽ ജൂലൈമാസത്തോടെ അവയിൽ ഒന്നിനെ വേർതിരിച്ചെടുക്കാൻ അവർക്ക് കഴിഞ്ഞു. മാതൃഭൂമിയായ പോളണ്ടിൻെറ സ്മരണയെ നിലനിറുത്തുന്നതിനുവേണ്ടി മാഡംക്യൂറി അഭിപ്രായപ്പെട്ടതനുസരിച്ച് പ്രസ്തുത ധാതുവിനു (Polonium) പൊളോണിയം എന്നു നാമകരണം ചെയ്തു. പിച്ച് ബ്ലൻറിൽ അടങ്ങിയിരുന്ന വികിരണശക്തിയുള്ള മറെറാരു അംശം കണ്ടുപിടിക്കുന്നതിന് ആറുമാസക്കാലം പിന്നെയും വളരെയധികം ഗവേഷണങ്ങൾ നടത്തി. അങ്ങിനെ 1898 ഡിസംബർമാസത്തിൽ ഒരു പുതിയ ധാതുകൂടി അവരുടെ ഗവേഷണ സന്തതിയായി ഉദയംചെയ്തു. അത്യന്തം വികിരണശക്തിയുള്ള ആ ധാതുവിന് അവർ ''റേഡിയം'' എന്നു നാമകരണംചെയ്തു.

പക്ഷെ ഭൂമിയിൽനിന്ന് കുഴിച്ചെടുക്കുന്ന രണ്ടും മൂന്നും ടൺ പിച്ച്ബ്ലൻഡ് ധാതുദ്രവ്യത്തെ ഇടിച്ചും പൊടിച്ചും അരിച്ചും നീററിയും ശുദ്ധിചെയ്തും എടുത്തെങ്കിൽ മാത്രമേ കടുകിൻ മണിയോളമുള്ള റേഡിയം ലഭിക്കുമായിരുന്നുള്ളു. വളരെ പ്രയാസങ്ങളും കഷ്ടതകളും സഹിച്ചാണ് അവർ പിച്ച്ബ്ലൻറിൽനിന്നും റേഡിയത്തെ വേർതിരിച്ചെടുത്തത്. ഒടുവിൽ നാലുസംവത്സരകാലത്തെ അത്യദ്ധ്വാനത്തിൻെറ ഫലമായി 1902-ൽ മാഡംക്യൂറി ഒരു ഡെസിഗ്രാം റേഡിയം ക്ലോറൈഡ് തിരിച്ചെടുക്കുകയും അതിൻെറ ആററമിക് ഘനം അണുഭാരം 226.45 ആണെന്ന് നിശ്ചയിക്കുകയും ചെയ്തു. ഇതോടുകൂടി റേഡിയത്തിനുവേണ്ടി ദീർഘകാലമായി നടത്തിയ പോരാട്ടത്തിൽ മാഡംക്യൂറി വിജയശ്രീലാളിതയായിത്തീരുകയും സകല ലോകരുടേയും അഭിനന്ദനങ്ങൾക്കു പാത്രമാവുകയും ചെയ്തു.

റേഡിയത്തിൻെറ വികിരണശക്തി വിചാരിച്ചിരുന്നതിനേക്കാൾ അനേകലക്ഷം മടങ്ങ് അധികമാണെന്ന് ഇതിനകം വ്യക്തമായി. രോഗാണുക്കളെ നശിപ്പിക്കാനും കേടുവന്ന മാംസപേശികളെ ശരിപ്പെടുത്താനും വ്രണങ്ങളെ കരിക്കാനും ഇതിനു അത്ഭുതകരമായ കഴിവുണ്ടെന്ന് ജർമ്മൻ ശാസ്ത്രജ്ഞന്മാർ വെളിപ്പെടുത്തി. കാൻസർ എന്നു പറയുന്ന മഹാരോഗത്തിനുപോലും ഇതു് അത്യന്തം പ്രയോജനപ്രദമായ ഒരു സിദ്ധൗഷധമാണെന്ന് മനസ്സിലായതോടുകൂടി റേഡിയത്തെക്കുറിച്ച് ജനങ്ങൾക്കുണ്ടായിരുന്ന മതിപ്പ് പതിന്മടങ്ങ് വർദ്ധിച്ചു. ഒരു ഗ്രാം റേഡിയത്തിന് ഏഴുലക്ഷത്തി അൻപതിനായിരം ഫ്രാങ്കാണ് അന്നു ശാസ്ത്രജ്ഞന്മാർ വിലമതിച്ചതു്. അത്ര അമൂല്യവും വിശേഷതരവുമായ ഒരു ലോഹമാണ് മാഡംക്യൂറി കണ്ടുപിടിച്ചതെന്ന് എക്കാലത്തും അഭിമാനിക്കാവുന്നതാണ്.

1903-ൽ റേഡിയം ഗവേഷണം സംബന്ധിച്ച ''പ്രബന്ധം'' മാഡംക്യൂറി സർവ്വകലാശാലയ്ക്കു സമർപ്പിക്കുകയും, ഡോക്ടർ ബിരുദം നേടുകയും ചെയ്തു. അങ്ങനെ അന്നോളം സാധിക്കാതിരുന്ന ആ നൂതനഗവേഷണത്താൽ വിശ്വവിഖ്യാതിയാർജ്ജിച്ച ഭൂലോകത്തിലെ ഏകശാസ്ത്രജ്ഞയായി മാഡംക്യൂറി ഉയർന്നു. അടിയുറച്ച ദൈവവിശ്വാസവും സുസ്ഥിരമായ പരിശ്രമശീലവും കാരണമായി അത്യന്തം ആദരണീയമായ ഒരു സമുന്നതപദവിയിൽ എത്തിച്ചേർന്ന ആ മഹതി അചിരേണ സകലരുടേയും ആരാധനയ്ക്കു പാത്രീഭവിച്ചു.

# രണ്ടു് വൻപ്രശ്നങ്ങൾ

(എ. പി. യൂസഫ്, I B. Com.)

ഭാരതാംബയെ ഇന്നു് വ്യാകുലപ്പെടുത്തുന്ന രണ്ടു് പ്രശ്നങ്ങളത്രെ ഭക്ഷ്യദൌർലഭ്യവും ജനപ്പെരുപ്പവും. സ്വാതന്ത്ര്യലബ്ധിക്കുശേഷം ദിവസങ്ങൾ കഴിയുന്തോറും ഈ പ്രശ്നത്തിനു് കട്ടികൂടിക്കൊണ്ടേയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ വളരെക്കാലം ഐശ്വര്യത്തോടെ നാടു് ഭരിച്ചിരുന്ന മഹാബലിയെപ്പോലും ഈയാണ്ടിലെ ഓണനാളിൽ കാഴ്ചക്കു നല്കാതെ തിരിച്ചയക്കേണ്ട ഗതികേടാണു് വന്നതു്.

ഈ പ്രശ്നത്തിനു് മുളയിൽതന്നെ പരിഹാരം കാണാൻ നമ്മുടെ നാട്ടിലെ തലമൂത്തവർ ചിന്തിക്കാൻ തുടങ്ങിയിട്ടു് കൊല്ലങ്ങൾ കുറെയായി. പല പരിപാടികളും ആസൂത്രണം ചെയ്തുനോക്കി. പക്ഷെ അവകൊണ്ടൊന്നും കാര്യമായ നേട്ടങ്ങൾ ഉണ്ടായതായി കാണുന്നില്ല.

എന്നിരുന്നാലും പ്രശ്നപരിഹാരത്തിനു് പല മാർഗ്ഗങ്ങളും നമുക്കു് ചൂണ്ടിക്കാട്ടാവുന്നതാണു്. ഒന്നിനുശേഷം മറ്റൊന്നു് എന്നതിനുപകരം എല്ലാം ഒരേസമയത്തു് പരിഹരിക്കുന്നതാണു് ഏറ്റവും ഉത്തമം. പ്രശ്നം അത്രക്കും ഗൌരവമായതിനാൽ അങ്ങിനെയുള്ള വല്ല സമീപനംകൊണ്ടു് മാത്രമേ വല്ലതും സാധിക്കുകയുള്ളു. ഭക്ഷ്യദൌർലഭ്യത്തിന്റെ പ്രശ്നത്തെ പല ഭാഗത്തുനിന്നും ആക്രമിച്ചു് കീഴ്പ്പെടുത്തണം. കൂടുതൽ ജലസേചനം, ശാസ്ത്രീയമായ കൃഷിസമ്പ്രദായം, ആവശ്യമായ കാർഷികനിയമങ്ങൾ, കർഷകർക്കുള്ള പ്രോത്സാഹനം എന്നീ പ്രാഥമികാവശ്യങ്ങൾ നമുക്കു് അവലംബിക്കാവുന്നതാണു്.

**കാരണവും, പരിഹാരവും:—**

ഭാരതീയ കർഷകരിൽ ഭൂരിഭാഗവും പഴഞ്ചൻ ആചാരങ്ങളും കൃഷിസമ്പ്രദായങ്ങളുമാണു് ഇപ്പോഴും വെച്ചുപുലർത്തുന്നതു്. അതിനാൽ ലളിതവും സാധാരണ ജനങ്ങൾക്കു് എളുപ്പം ഗ്രഹിക്കാൻ പറ്റുന്നതുമായ ഒരു വിദ്യാസമ്പ്രദായം നിർബന്ധമായും നടപ്പിലാക്കാൻ നാം ശ്രമിക്കണം. ഇത്തരം കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ നാം പരാജയപ്പെടുകയാണെങ്കിൽ സാമൂഹ്യസാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കുന്നതിലും നാം പരാജയമടയും. ഈ അണുയുഗത്തിൽ യുക്തിപരവും ശാസ്ത്രീയവുമായ കാര്യങ്ങൾ കൈക്കൊള്ളാൻ നാം വളരെ വൈകിയിരിക്കുന്നു.

ഏതാനും കൊല്ലങ്ങൾക്കപ്പുറം ബോയിഡ്ഓർ പ്രഭു പറയുകയുണ്ടായി—. ഇന്ത്യക്കാർ കൃഷി ഒരു യുദ്ധകാലാടിസ്ഥാനത്തിൽ നേരിടേണമെന്നു. ഇന്ത്യക്കാർ മടിയന്മാരാണെന്നു് തോന്നിയതു് കൊണ്ടായിരിക്കാം ഇങ്ങനെ ഒരഭിപ്രായം പറയാൻ അദ്ദേഹം മുതിർന്നതും. വാസ്തവം പറഞ്ഞാൽ ഇതു് ഏറെക്കുറെ ശരിയുമാണു്. അങ്ങനെയല്ലായിരുന്നുവെങ്കിൽ ചീനയുമായുണ്ടായ യുദ്ധത്തിനു ശേഷം നമ്മുടെ ഗവൺമെന്റു് അടിയന്തരാവസ്ഥ പ്രഖ്യാപിച്ച സമയങ്ങളിൽ നാം കൃഷിയിൽ കുറെയൊക്കെ അഭിവൃദ്ധിപ്പെടേണ്ടതായിരുന്നു. ''ഉല്പാദനം വർദ്ധിപ്പിച്ചു് ഇറക്കുമതി കുറക്കുക, ''കൂടുതൽ ഗോതമ്പും കാച്ചരിയും'' എന്നിങ്ങനെ തുടങ്ങിയ മുദ്രാവാക്യങ്ങൾ നമ്മുടെ ഗവൺമെണ്ടു കൊട്ടിഘോഷിക്കാൻ തുടങ്ങിയിട്ടു് കൊല്ലങ്ങൾ പത്തുപതിനെട്ടു് കഴിഞ്ഞെങ്കിലും കാര്യമായ പുരോഗതിയൊന്നും ഇതുവരെയായിട്ടും കൈവന്നിട്ടില്ല. അതിനുള്ള തെളിവാണല്ലോ 20 കൊല്ലം പിന്നിട്ടിട്ടും അരിപോയി ഗോതമ്പുപോലും — P. L. 480 ഇപ്പോഴും നിലവിലുണ്ടായിട്ടും — അത്യാവശ്യങ്ങൾക്കു് കിട്ടുന്നില്ല എന്നകാര്യം.

ഇപ്പോഴത്തെ കണക്കനുസരിച്ചു് ഇന്ത്യയിൽ $51\frac{1}{2}$ കോടിയോളം ജനങ്ങൾ നിവസിക്കുന്നുണ്ടു്. അതേസമയം കന്നുകാലികളുടെ എണ്ണവും ഭാരതത്തിൽ വളരെക്കൂടുതലാണു്. ഇപ്പോൾ ലോകത്തിലുള്ള ആകെ കന്നുകാലികളുടെ $\frac{1}{4}$ ഭാഗം ഇന്ത്യയി

ലാണു്. ഇതു് ഏകദേശം 23 കോടിയോളം വരും. എന്നാൽ അവയിൽനിന്നു് ലഭിക്കുന്ന പാലിന്റെയും മാംസത്തിന്റെയും അദ്ധ്വാനത്തിന്റെയും അനുപാതം എത്രയോ നിസ്സാരമാകുന്നു. ആളൊന്നുക്കു് ഭൂമിയുടെ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇത്രയും കന്നുകാലികളെ തീററിപ്പോററുന്നതു് വെറും മൌഢ്യമാണു്.

ഭക്ഷ്യപ്രശ്നപരിഹാരത്തിന്നു് സ്ത്രീകൾക്കും തങ്ങളുടെതായ പങ്കു വഹിക്കാവുന്നതാണു്. ഭക്ഷണം പാകംചെയ്യലും അവ വിളമ്പലും സ്ത്രീകളുടെ ചുമതലകളിൽപ്പെടുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പാഴ്ചിലവു് കുറക്കലും പോഷകാംശങ്ങൾ അധികമായടങ്ങിയ പദാർത്ഥങ്ങൾ പാകംചെയ്യലും അവർ വിചാരിച്ചാൽ നടപ്പാക്കാവുന്നതാണു്.

ജലസേചനത്തിലുള്ള അപര്യാപ്തത ഭക്ഷ്യക്ഷാമത്തിന്നുള്ള മൂലകാരണങ്ങളിലൊന്നാണു്. ഭൂമിശാസ്ത്രപരമായ ഇന്ത്യയുടെ വിസ്തീർണ്ണം 32.63 കോടി ഹെക്ടറാണെങ്കിലും കൃഷിഭൂമിയിൽ ആവശ്യമുള്ള വെള്ളത്തിന്റെ വെറും 20% മാത്രമെ ജലസേചനപദ്ധതികളിൽനിന്നു് ലഭിക്കുന്നുള്ളു. ബാക്കി 80% കൃഷിയും കാലവർഷത്തെ ആശ്രയിച്ചാണിരിക്കുന്നതു്. എന്നാൽ കുറച്ചുകൊല്ലങ്ങളായി വനങ്ങളിൽനിന്നു് യഥേഷ്ടം മരങ്ങൾ വെട്ടിനീക്കുന്നതുകൊണ്ടു് കാലവർഷത്തിലും ചില പാകപ്പിഴവുകളെല്ലാം കണ്ടുവരുന്നു. ഇതുവരെയായിട്ടും വനമഹോത്സവങ്ങൾ ഒരു വിജയമായി ചിത്രീകരിക്കാൻ വയ്യ. അതുകൊണ്ടു് മരങ്ങൾ വെട്ടിനീക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതോടൊപ്പംതന്നെ ജലസേചനപദ്ധതികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണു്. മേൽവിവരിച്ച ഭൂമിശാസ്ത്രപരമായ വിസ്തീർണ്ണത്തിൽനിന്നും വിളവിറക്കിയ ഭൂമി വെറും 11.87 കോടി ഹെക്ടറാണു്. അതേസമയം 2.81 കോടി ഹെക്ടർ ഭൂമി തരിശായി കിടക്കുന്നു. കൃഷിഭൂമിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകയും തരിശുഭൂമി ഉപയോഗയോഗ്യമാക്കുകയും ചെയ്താൽ ഭക്ഷ്യക്ഷാമത്തിന്നു് പരിഹാരം കാണാമെന്നു് മാത്രമല്ല വളരെയധികം ധാന്യങ്ങൾ മിച്ചംവെക്കാനും സാധിക്കും.

ഭക്ഷ്യദൌർലഭ്യത്തിന്നുള്ള മററൊരു കാരണം ഇവിടത്തെ കൃഷകർ ഉല്പാദിപ്പിക്കുന്ന കാർഷികവിഭവങ്ങൾ തുലോം പരിമിതമാണെന്നുള്ളതാണു്. ഇന്ത്യയിൽ ഒരു കൃഷകൻ മാത്രം 4 പേർക്കുംകൂടിയുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഉല്പാദിപ്പിക്കുമ്പോൾ ജർമ്മനിയിൽ 20 പേർക്കും അമേരിക്കയിൽ 23 പേർക്കും വേണ്ട ഭക്ഷ്യപദാർത്ഥങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ടെന്നാണു് കണക്കു്. ഈ ഘട്ടത്തിൽ നാം ചെയ്യേണ്ടതു് പുരാതന കൃഷിസമ്പ്രദായങ്ങളും ശാസ്ത്രീയരീതി സ്വീകരിക്കുന്നതിന്നുള്ള വൈമുഖ്യവും തൂത്തെറിഞ്ഞു് മുകളിൽ പറഞ്ഞിരിക്കുന്ന രാജ്യങ്ങളെ അനുകരിക്കുക എന്നുള്ളതാണു്.

മണ്ണൊലിപ്പും അശ്രദ്ധയുംകൊണ്ടു് ഇന്ത്യയിലെ ഭൂമിയിൽ നല്ലൊരുഭാഗം ഉപയോഗശൂന്യമായികിടക്കുന്നുണ്ടു്. 80,000 ച. മൈ. സ്ഥലത്തുനിന്നും കാററുമൂലം മണ്ണു് നീങ്ങിപ്പോകുന്നു. 28,400 ച. മൈ. സ്ഥലം ഇപ്പോഴും മണൽക്കുന്നുകളാണു്. കുഴിയും കുണ്ടുമായി 60 ലക്ഷം ഏക്കർ സ്ഥലം വേറെയും. കാടുകൾ അമിതമായി വെട്ടിനശിപ്പിക്കുന്നതും, കന്നുകാലികൾ മേയുന്നതും, തെററായ കൃഷിസമ്പ്രദായങ്ങൾ സ്വീകരിക്കുന്നതുമാണു് മണ്ണൊലിപ്പിന്നുള്ള മുഖ്യകാരണങ്ങൾ. ഇതു പരിഹരിക്കുവാനായി 1953-ൽ കേന്ദ്രമണ്ണുസംരക്ഷണബോർഡു് ഏർപ്പെടുത്തി. ഇതുവഴി 1966-ന്റെ അവസാനത്തിൽ 55 ലക്ഷം ടൺ അധികം ഭക്ഷ്യസാധനങ്ങൾ ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ടു്.

ഇത്തരുണത്തിൽ ഗവർമ്മേണ്ടു് നല്കിവരുന്ന വായ്പാപദ്ധതികളും മററു സഹായങ്ങളും തെല്ലൊരാശ്വാസമാണു്. നിലമൊരുക്കൽ, റിക്ലമേഷൻ, തോട്ടക്കൃഷികളുടെ വികസനം, യന്ത്രവൽകൃത കൃഷിവിപുലീകരണം, മൃഗസംരക്ഷണം, ഡെയറിഫാമിംഗ്, കോഴിവളർത്തൽ എന്നിവയ്ക്കു വായ്പനല്കുന്നതിന്നുവേണ്ടി 'അഗ്രികൾച്ചറൽ റീഫിനാൻസ് കോർപറേഷൻ' 1963-ൽ കേന്ദ്രഗവർമ്മേണ്ടു് ആരംഭിച്ചിട്ടുണ്ടു്. ഇതിന്റെ മുടക്കുമുതൽ 25 കോടി ക.യാണു്. ട്രാക്ടറുകൾ, വിദ്യുച്ഛക്തികൊണ്ടു പ്രവർത്തിക്കുന്ന ഉഴവുയന്ത്രങ്ങൾ, കാർഷികോപകരണങ്ങൾ സസ്യസംരക്ഷണോപകരണങ്ങൾ എന്നിവയുടെ നിർമ്മാണവും കേടുപാടുതീർക്കലും തുടങ്ങിയ പദ്ധതികളെക്കുറിച്ചു് ഗവർമ്മേണ്ടു് വേണ്ട നടപടികൾ എടുത്തുവരുന്നു. നവീനോപകരണങ്ങളും ആധുനികകൃഷിമാതൃകകളും കൃഷകന്നു് ലഭിക്ക

ത്തക്കവിധത്തിൽ നമ്മുടെ നാട്ടിൽ N. E. S. ബ്ലോക്കുകൾ തുടങ്ങിയവ പ്രവർത്തിച്ചുവരുന്നു.

ജനപ്പെരുപ്പം :—

ജനസംഖ്യയിൽ രണ്ടാംസ്ഥാനം അർഹിക്കുന്ന ഭാരതത്തിലെ ജനസംഖ്യ 1961-ലെ കണക്കനുസരിച്ചു് 43,92,35,082 ആണ്. 1967 ജൂൺ ആയപ്പോഴേക്കും ഇതു് $51\frac{1}{2}$ കോടിയിലധികമായി. ഈ കണക്കുകൾ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയിൽ ദിനംപ്രതി 34,270 പേർ ജനിക്കുന്നതായി വ്യക്തമാകുന്നു. യൂറോപ്പിൽ ആകെയുള്ള ആളുകളെക്കാൾ കൂടുതലാണ് ഇന്ത്യയിലെ ജനസംഖ്യ എന്നു പറഞ്ഞാൽ വായനക്കാർക്കു് ഒരുപക്ഷെ ആശ്ചര്യം തോന്നിയേക്കാം. ഈ നില തുടരുകയാണെങ്കിൽ 1990-ൽ ആവുമ്പോഴേക്കും ഭാരതത്തിലെ ജനസംഖ്യ 100 കോടിയോളം ആകുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ജനസാന്ദ്രതയുടെ കാര്യത്തിലും നാം ഒട്ടും പിന്നിലല്ല. ലോകത്തിൽ ഏറ്റവും അധികം ജനസംഖ്യയുള്ള ചൈനയിൽ ചതുരശ്രമൈലിൽ വെറും 149 പേർ വസിക്കുമ്പോൾ ഭാരതത്തിലേതു് ച. മൈലിനു് 347 ആണ്. ഇവ്വിധത്തിൽ കുതിച്ചുപായുന്ന ജനസാഗരത്തെ ഫലപ്രദമായി നേരിട്ടില്ലെങ്കിൽ അതിന്റെ ഭാവിഷ്യത്തു് ഭീകരമായിരിക്കും. ജനസംഖ്യാവർദ്ധനവിനനുസരിച്ചു് ഭൂമിയുടെ വിസ്തീർണ്ണം കൂടുന്നില്ല എന്ന കാര്യം നമ്മിൽ പലരും ഓർക്കുന്നതേയില്ല.

കാരണങ്ങൾ :—

പെട്ടെന്നുള്ള ജനപ്പെരുപ്പത്തിന്റെ കാരണങ്ങളിൽ മുഖ്യമായതു് താഴെപറയുന്നവയാണ്.

1. ഇന്ത്യയിൽ ശൈശവവിവാഹത്തിനു് ചില സ്ഥലങ്ങളിൽ പ്രാധാന്യം കല്പിച്ചിരിക്കുന്നു. തന്മൂലം ഉല്പാദനശേഷിക്കുള്ള കാലാവധി വർദ്ധിക്കുന്നു എന്നു മാത്രമല്ല, കൂടുതൽ സന്താനങ്ങൾ ജനിക്കുകയും ചെയ്യുന്നു. ഇംഗ്ലണ്ടിൽ ആകെയുള്ള സ്ത്രീകളിൽ $\frac{1}{3}$ ഭാഗം (35 വയസ്സിനു താഴെ) അവിവാഹിതരാണെന്നു് കണ്ടിരിക്കുന്നു.

2. ദരിദ്രകുടുംബം സമ്പാദിക്കുന്നതിനുള്ള അംഗസംഖ്യ അധികമാകുന്നതിഷ്ടപ്പെടുന്നതിനാൽ കൂടുതൽ സന്താനോല്പാദനത്തെ സ്വാഗതം ചെയ്യുന്നു.

3. ജനങ്ങളുടെ ഇടയിൽ കുടുംബാസൂത്രണത്തിലുള്ള വൈമുഖ്യം.

4. ആധുനിക വൈദ്യശാസ്ത്രം പുരോഗമിച്ചതോടെ രോഗങ്ങൾ കുറഞ്ഞുവരുന്നതും തന്മൂലം മരണനിരക്കു് കുറഞ്ഞുവന്നെങ്കിലും ജനനനിരക്കു കൂടിക്കൊണ്ടേയിരിക്കുന്നതും.

5. യോജിച്ച കാലാവസ്ഥ, വിദ്യാഭ്യാസക്കുറവു്, കൂട്ടുകുടുംബത്തോടെയുള്ള താമസം, ബഹുഭാര്യത്വം എന്നിവയും ജനസംഖ്യയെ വർദ്ധിപ്പിച്ചു.

പരിഹാരമാർഗ്ഗങ്ങൾ :—

കുടുംബാസൂത്രണത്തിനു് ഗവൺമെന്റു് ആവുന്നതൊക്കെ ചെയ്യുന്നുണ്ടു്. ത്രിസന്താനലാഭം ആയിക്കഴിഞ്ഞാൽ മാതാപിതാക്കന്മാർ ഗർഭനിയന്ത്രണം കൈക്കൊള്ളണമെന്നു് ഗവൺമെന്റു് അനുശാസിച്ചു തുടങ്ങിയിരിക്കുന്നു. ഈ പരിപാടി കുറച്ചൊക്കെ വിജയപ്രദമാണെങ്കിലും നാം ഉദ്ദേശിക്കുന്ന ഫലം ഇതിൽനിന്നും പ്രതീക്ഷിക്കാൻ വയ്യ. ജനങ്ങളുടെ ഇടയിൽ പ്രത്യേകിച്ചും ഗ്രാമീണരിൽ വിദ്യാഭ്യാസസാദ്ധ്യത കൂട്ടുക, നിലവിലുള്ളതല്ലാതെ ഭാവിയിലെ ജനസംഖ്യയിലും ആവശ്യമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക, എന്നീ മാർഗ്ഗങ്ങൾ ചില പരിഹാരങ്ങളാണ്.

വ്യക്തിയാണ് സമുദായം എന്ന പ്രമാണമനുസരിച്ചു് ബാഹ്യമായ സമ്മർദ്ദങ്ങൾക്കു് കീഴ്പ്പെടാതെ അവനവൻതന്നെ രാജ്യത്തോടു് കൂറുള്ളവനാവുകയാണ് വേണ്ടതു്. സമ്പൽസമൃദ്ധവും ഐശ്വര്യപൂർണ്ണവുമായ ഒരു രാജ്യമാണ് നമുക്കാവശ്യം. അതിന്റെ അഭിവൃദ്ധിക്കായി നാം തോളോടുതോൾ ചേർന്നു് പ്രവർത്തിക്കണം. സാമ്പത്തികാഭിവൃദ്ധിയിലും സാമൂഹ്യപുരോഗതിയിലും നിക്ഷിപ്തമാവാത്ത സ്വാതന്ത്ര്യംകൊണ്ടുള്ള പ്രയോജനം പിന്നെന്താണ്?

# SOILLESS CULTIVATION

K. I. Mohamed Kutty, M. Sc.

Our country being threatened by food scarcity, will welcome any improvement or modification in agriculture to increase productivity. As the lands suitable for agriculture are limited, soilless cultivation or hydroponics by which plants can be grown on chemical solutions can contribute much to solve the food problem.

Though the principles of soilless culture are not new the application of such ideas to commercial food production was not considered until a few years ago. In the year 1929, Professor Gericke of the University of California was successful in growing tomato vines twenty-five feet in height by soilless culture which was a land-mark in scientific agriculture. Prof. Gericke called this method 'hydroponics' meaning 'water working'. Later it spread to the other parts of the world, Much progress has been made in this field during the last twenty-five years. Some valuable contributions have been made in our country also by successfully evolving the Bengal system of hydroponics.

The basic principles of hydroponics will be better understood by realising that the growth of a plant is due to certain chemical changes taking place in it regularly. The essential requirements for the growth are water, air, light, some mineral salts and a support for the roots. The plants take up their nourishment from air and from solutions, of chemicals in the soil. The elements required for the plants can be classified as major elements or the elements required in larger proportions and trace elements which are necessary in minute quantities. The three major elements: carbon, hydrogen and oxygen are obtained from air and water. The other major elements nitrogen, phosphorus, potassium, calcium and magnesium and the trace elements sulphur, iron, manganese, boron, zinc and copper are to be taken up by the roots. Some other elements like: cobalt, silicon, chlorine, aluminium, sodium and iodine in very minute quantities are also found to play some role in the metabolism of some plants.

The site where conventional methods of agriculture are impracticable is selected for hydroponicum, A bed or receptacle designed to hold the substance to provide as support for the plants is made the hydroponic trough. It may be noted that troughs made of any thing except those which are toxic to the plants can be used, wood, concrete, roofing, bricks and mortar, mud plaster, iron, asbestos sheets, discarded jars, tins, flower pots etc. may be used for the purpose. The troughs barring those of mud plaster or clay should be provided with outlet channel to prevent water-logging and for sufficient aeration. They are to be filled up to a depth of six to eight inches with any inert growing medium. The medium may be of gravel, crushed stone, leached coral rock, broken brick, granite chips etc. of size ¼" to 5/8" along with sand or residual dust. But the hydroponicist should make sure that the medium is not toxic to the plant. Under the auspices of the Planning Forum of our College we have experimented and found that saw dust of teak wood is toxic to the tomato-vines. It has been proved that the medium consisting of about five parts of coarse aggregate (¼" to 5/8" size) to three parts of fine dust or sand suitable in cold season. During the hot season the proportion of the fine dust or sand is to be increased to prevent the easy evaporation of water. We have successfully experimented with a medium of five parts sand and three parts gravel during the months of February and March.

The Bengal hydroponicists have found that the fertilizers should have an $N : P_2O_5 : K_2O$ ratio of 2 : 1 : 2 during summer and 2 : 1 : 3 during monsoon respectively. The nutrients required for the soilless cultivation may be supplied by following any practical formula bases suitable to our region. One of the basic mixtures with which we have successfully cultivated tomato vines is as follows:

| | | | |
|---|---|---|---|
| Ammonium sulphate | — | 227 | gms. |
| Ammonium Phosphate | — | 156 | ,, |
| Muriate of Potash | — | 85 | ,, |
| Calcium Sulphate | — | 57 | ,, |
| Magnesium sulphate | — | 114 | ,, |
| Trace elements | — | 0.6 | gm. |

60 gms. of trace elements mixture is to be prepared by combining the following with the weights noted against them.

| | | | |
|---|---|---|---|
| Zinc sulphate | — | 5.5 | gms. |
| Manganese Sulphate | — | 17 | ,, |
| Boric Acid powder | — | 13 | ,, |
| Copper Sulphate | — | 5.5 | ,, |
| Ferrous Sulphate | — | 19 | ,, |
| Total | | 60 | gms |

With a knowledge of the relationship of weights to capacity measure of each chemical, the approximate amount can be measured out. It may be noted that it is not necessary to add the trace elements for small scale hydroponica as sufficient amount of them are present in the main chemicals as impurities. 28. 4 gms. of the nutrient mixture is sufficient for every week or ten days to a square yard of growing medium. The quantity may be increased during monsoon. The mixture may be sprinkled over the troughs or dissolved in water and applied in the liquid form. E. Abele, in the year 1959, found that solution having 0.32 g. magnesium sulphate, 0.24 g. ammonium nitrate, 0.11 g. potassium chloride and 0.45 g. Super phosphate per litre together with very minute quantity of trace elements from Boric acid, Zinc Sulphate, Ferric Citrate, Manganese Sulphate, Copper sulphate and Cobalt Nitrate as the best for vegetables.

No nutrient mixture is necessary until the plant attains a height of half an inch. The sowing can be done satisfactorily in sand or some inert medium and watering sufficiently. For better results the seedlings of plants except those of cereals and legumes are transplanted after attaining a height of three to four inches. It is advisable to keep a few naphthalene balls to protect the seedlings from pests like mice, rats, birds etc.

Water should be provided just to make the medium sufficiently moist. In cold weather, watering twice or thrice a week is sufficient but in hot weather twice daily early morning and evening — will be necessary. The troughs may be covered to reduce evaporation during hot season.

The acidity of the large hydroponica is to be tested occasionally. The medium should be slightly acidic. (PH should be between 6 and 6.5) The testing may by be done by using a universal indicator which gives yellow colour between this range.

Hydroponics is free from soil diseases and ground pests living in the soil. But it may be attacked by insects and may be susceptible to various fungus diseases. Spraying of D. D. T. may be conducted for the elimination of insect pests and the fungus diseases controlled by the usual fungicides like Bordeaux mixture.

The soilless cultivation has got a number of advantages over conventional methods of agriculture. Firstly, much higher crop yield can be obtained by this method. By following the Bengal system it was found that production of paddy to be about ten times greater than the soil cultivation, wheat about seven times greater, potatoes about nine times and tomatoes eighteen times. Another advantage is that it can be applied in places where ordinary methods fail. City dwellers and villages having no lands can make use of the backyards, verandas, pavements and roofs of their houses for hydroponics. It is claimed that large cities like Calcutta, Bombay and Madras can b

made self-supporting in vegetables and cereals by following this system. Deserts and barren lands can be made use of at relatively low cost. The quicker growth, freedom from soil diseases and lack of weeds are some other benefits. If standard methods are followed there is less labour, less cost and the method is simple in the sense that there is no necessity of hard manual work as in the case of the ordinary system. It is also found that hydroponic fruits and vegetables are better in taste, mineral contents and dietary value than those cultivated in soil.

If there is sufficient response from the people, soilless cultivation will be of much benefit. When it was first started in Bengal the ignorant inhabitants of Darjeeling District called it as the work of devils and attacked in darkness. But now the people are more realistic. If the government gives necessary help and encouragement by supplying the required chemicals and starting demonstration centres and the educated take the lead, I am sure that soilless cultivation has a great future in this soil. It will make significant changes in the agricultural system of this land.

# SPOTLIGHT ON THE MOON

Miss Annie T. Linnet Joseph

Many years ago the great British explorer George Mallory, who was to die on Mount Everest, was asked, why did he want to climb it? He said "Because it is there". So the space is there and men are going to "climb it". And the Moon and the planets are there and new hopes for knowledge are there. And this is the most hazardous and the greatest adventure on which man has ever embarked. Man has tossed his hat over the wall of the Moon, so he had no choice, but to follow it.

The Moon has always held a great charm for man from time immemorial. Scientists are working their utmost to accomplish the dream of conquering the Moon. Now, finally this herculean feat of exploration is well under way. Even though many experiments are done to unravel "the arena of space"; the Moon remains largely an enigma. The Moon is at a distance of 38,4000 km away from the earth. It is lacking an apparent protective envelope of atmosphere like earth's, because there is not sufficient gravity to hold one. So reverse thrust will be required in order that instruments may land on the Moon lightly. Due to the absence of air one cannot hear another speaking without the help of instruments.

After a number of experiments conducted in space, scientists have come to the conclusion that instead of travelling directly from the earth to the Moon, it would be more desirable to reach there with the help of interplanetary stations. Direct flight to the Moon needs a mammoth source of energy.

### Which way to the Moon?

All space flights are attuned to one essential — rocket power. To reach the Moon, a rocket must go about 25000 miles per hour in its final stage. Without this speed it can never overcome the gravity or pull of the earth.

The first step in the Moon exploration is a shot at the Moon. This ends either in a "hard landing" or circling of the Moon. For, "soft landing" retro-rockets are essential to give breaking action and to slow down the carrier.

It is supposed that in 1970 or before it, the hatch of a spaceship will be cranked open and men will set foot on the surface of the Moon.

### Historical landmarks

On the 4th October 1957, Russia startled the world by launching the first artificial satellite, the Sputnik I. It was outdistanced by Sputnik II which flashed across the night skies and announced the birth of the Space Age. Later, monkeys and dogs were sent and brought back alive to earth. On January 31, 1958, a third satellite, launched by the U. S. A, pushed even further. Since then a series of satellites have been launched and dozens of daring men have circled the earth. Major Gagarin was the first astronaut who travelled about 200 miles in the outer space.

In October 1962 the American cosmonauts Schirra and Gordon Cooper made a six orbit flight and in June 1963 Valentina Tereshkova (the first woman astronaut to go to space) made 49 orbits.

The United States has launched the "Apollo lunar programme" for landing man in the Moon. For this purpose they have sent a number of satellites to the outer space. Their attempts bloomed when Edward White became the first man to walk in space (1965). History was repeated when Gemini X was coupled with Agena. The first such docking was achieved in March 1966. This moved them one step higher in the stairway to the Moon. The plan laid out for Apollo encom-

passes a series of flight missions. For this they have made Saturn V rockets. This can hurl 40,500 Km. to the Moon.

The first step in the field of space flight is "Project Mercury" which is a single seat-spacecraft. The next was "Project Gemini" using 2 men spacecraft. It was intended to extend the lessons learned in Mercury and prepare the astronauts for the greatly advanced space flight skills demanded by Apollo. Apollo is a three-men spacecraft and connected to it is the "Lunar excursion Module" or "Bug". It has got 2 sections, the bottom part for landing on the Moon, the top part holding the rocket that will lift the explorers off the Moon and propel them back to the command Module. The astronauts, once their course is established, separate the Apollo from the top of the expended rocket, then turn their crafts around and dock nose to nose with the "Bug". The legs of the "Bug" are automatically open to the landing position. Then two explorers lower themselves in to the "Bug". Bug's engine is fired and it is made to land on the Moon. The "Apollo-mother ship" continues to orbit the Moon. When the explorers have explored everything, they climb back into the Bug and blast up in to an orbit near the Apollo's orbit and link up the two space ships. Then the explorers in the Bug scramble back into the mothership. On nearing earth, the craft's parachutes deploy and fall lowering the men to a gentle splash down in the sea where helicopters carry them into the ship. This ts the scope of the plans for executing United State's first lunar exploration. But their programme bas been delayed by the accidental deaths of their three great astronauts. The Soviet Union has not even given an actual account of how they are going to perform the experiments on space.

There is a great deal of duplication of effort and waste of resources in the Soviet Union and the United States ploughing separate furrows competitively with their respective space programmes. But the Soviet Union stands a step forward, by landing a space craft on Venus, so far considered a mysterious planet. It seems likely that the two countries will continue to compete in their space programmes. But who would win the race? let it be answered by Time.

# THE CHANGING FACE OF AFRICA*

K. A. Jaleel

Twelve years ago four-fifths of Africa was under colonial rule. Today, but for the Portuguese colonialists in Angola and Mosambique and a few tiny bits of land here and there, the rest of Africa is free and independent. Thirty-nine sovereign states are proudly flying their banners in the United Nations, whereas in 1955 there were only four independent states in Africa excluding South Africa. The suddenness of the African emergence is one of the most startling facts of modern history.

The African continent accounts for one-fifth of the earth's land-mass. Like South America, the African Continent is sparsely populated. In the vastness of its 30 million square kilometers of land, there live just 300 millions of human beings. The density of population varies from ·4 per sq. km. in the desert to about 70 per sq. km. in the most thickly populated parts of Nigeria.

Africa is a land of curious contradictions. The world's most ancient kingdom is in Africa namely Ethiopia. But most of the new States of Africa were born within our memory and their names are yesterday's coinages — for instance Tanzania, Lesotho, Malawi, Botswana, even Kenya and Ghana. One of the most ancient seats of human civilization is Egypt, but most parts of Africa have known no civilization and primitive animism and black magic are even now raging.

Africa is rich in natural resources, but the poverty of the African native is subhuman. Africa produces 98% of the diamonds in the world, 55% of its gold, 22% of its copper. It produces 2/3 world's cocoa, three-fourths of its Palm oil and has immense reserves of water power. It could grow every crop on earth. Its forest wealth is beyond estimation. Yet Africa is abysmally poor; to feed its sparse population, food has to be importe from outside. The continent is yearning fo development, for fulfilment so to say.

North Africa, that is Mediterranea Africa, is hardly Africa. In Roman times Carthage in Africa was more part of Europ than Scandinavia or Great Britain. Tunis an Morocco, Egypt and Algeria are Mediterr anean countries, much closer to Europe tha to Black Africa. The Sahara, which is a sea o sand is the real sea that separates Black Afric from Europe.

Till 19th Century to the European "Africa was a coast not a continent", for the did not penetrate beyond the coastline, excep in South Africa. For three centuries the Euro peans and Arabs marauded Africa for slave the Europeans in the West Coast, the Arab in the East and North. The European slave sold their produce in the West Indies and th United States and the Arabs in Arabia an Middle East

Towards the middle of the 19th centu occurred the saga of exploration and exploita tion of the interior Africa. Livingstone solve the riddle of the Nile, Stanley explored th Congo. French money and talent built th Suez Canal, which was opened in 186 Missionaries and explorers like Burton, Spek Grant, Baker explored the courses of th rivers, the Niger and the Zambesi particularl

Close on the heels of the explorers, can the imperialist exploiters. In thirty years fro 1870, the colonial powers carved up th African continent among themselves. Ki Leopold II of Belgium first in the field creat and personally owned the Congo Free Sta Great Britain, France, Belgium, Italy, Portug

* Broadcast talk given on 29-12-1967, reproduced w kind permission of A. I. R.

and Germany swallowed up before the First World War the whole of Africa except Ethiopia, Liberia and Zanzibar. After the I World War most of the German colonies dropped into British hands.

The aftermath of the Second World War shook the colonial powers. In 1954 started the rapid rise of independent States. The European partition of Africa is now undone. The scramble to get into Africa is followed by the even speedier scramble to get out of Africa — some retreats were orderly as in the case of Britain, some covered by a rearguard action as in the case of Belgium in Congo, and some retreats were mere scuttle. France never left her territories without fighting. Twenty years they fought the Algerians before granting independence. They are still holding on to their tiny foothold in little French Somaliland. Of all the Colonialists, the Portuguese are the toughest. They are ferociously clinging on to their vast possessions, the Portuguese East Africa and Angola.

Tension is mounting in Africa not merely against the colonial rule of Portuguese, but also against white tyranny in Rhodesia and against racial segregation and apartheid in South Africa. In Rhodesia two lakhs of whites want to exploit the whole country and rule over forty lakhs of blacks, for ever. In South Africa, Vorster, the new Prime Minister brazenly justifies segregation by coining a new name, "separate development", that is the blacks will be given separate black homelands, black Universities and so forth for the separate development of the coloured races. The hollowness of this new justification is obvious, because Vorster has reserved 87% of South Africa for whites who form less them 1/5 of its population and remaining 13% of land for the 80% coloured population.

African leaders are now driven to the conclusion that the die-hard white tyranny can be met only by brute force. Terrorist Resistance movements trained in the techniques of guerilla warfare are, therefore, becoming furiously active not merely in Portuguese Territory, but also in South Africa and Rhodesia. South African authorities have stated that their first rising has been scotched, but the Portuguese admit that a ferocious war is on in North Mosambique. It may be a long and bitter struggle, but finally the Portuguese power will have to retreat. Similarly white rule in Rhodesia will have to surrender to the black majority. South Africa may be the last bastion of white domination.

The popular impression of Africa as a continent of violence and barbarity is distorted. It is true that Congo has been notorious for its violent upheavals and internecine war, after independence. In Nigeria, Africa's most mature statesman, Sir Abubaker Tafawa Balewa was murdered and even now the separatist war in Biafra is still raging. There were many instances of violent seizure of power by military groups, as in Ghana, Algeria, Nigeria, Sierra Laone and Dahomey.

But the violence and instability should be measured against the background of Africa's sudden political emergence from serfdom. There are some relieving features even in their way of fighting. The Nigerian war as also the fighting in Congo like all traditional African campaigns, is fought only by day.

The African emergence has produced many outstanding men, most of them are at the helm of affairs in the new-born States. President Julius Nyerere of Tansania is an ardent African nationalist and a man of great charm and ability. Similarly Dr. Banda of Malawi who raged like a torrent before independence is now a conservative but purposeful statesman. Uganda's Milton Obote, Kenya's Jomo Kenyatta, Zambia's Kenneth Kaunda are all men of outstanding ability. Tunisia's President Habib Bourgiba is a strong and popular statesman, whose regime is well known for its efficiency and freedom from corruption. Egypt's Nasser, whose lustre is dimmed by the disaster of the Six Day War with Israel, was a powerful force in Africa.

African leaders have deep and intractable problems. Most of them are derived from

their colonial legacy. The European colonists imposed on them the only type of structure they knew i. e., the Nation-State. They imposed it on communities that were not nations. Africa had in the old past many types of government, with a high degree of popular participation. But these were not in consonance with the State system. These old structures were fractured by the Colonial administration. The European division even cut across and splintered the Communities. When freedom came the African leaders inherited tne States and frontiers created by the Europeans.

Africa enters modern life, when the rest of the world has advanced a great deal in economic development and the exploitation of the resources. Having claimed independence i. e. the right to speak on equal terms, they are claiming the right to live like others, to have the same means of social, economic and cultural development. This needs international co-operation particularly inter-African co-operation. Brave efforts are going on in this direction. The Organization for African Unity, which had its first session in Addis Ababa in 1963 met agin in Kinshasa, Congo recently. It should be able to solve not merely the political riddles of Africa but also ensure inter-African co-operation for economic development. Many states are well set on the road to economic development -- Tunisia, Algeria and Egypt in the North. Kenya is trying to graft African agriculture on European foundations. In Tansania, Nyerere has made the radical departure by basing their society on their own resources with co-operative effort. Zambia follows a middle path for exploitation of its resources. Malawi, Botswana and Lesotho have their own plans of development with white co-operation.

Attempts at Federation have failed. It failed between Senegal and Mali. It failed in the union of Ghana — Guinea and Mali. It failed before the tribalism of Congo and again in Nigeria. Yet African States need some form of unity for economic regeneration and modernization.

Great changes in social structure are now taking place in Africa. The traditional ways are changing under the impact of modern economy, new ideas and techniques and the desire to imitate other countries. Education and language are in a ferment. Swahili, Bantu, Arabic Yoruba Hausa and Fulani are some of the most widely spoken languages of Africa. Efforts to adapt African languages to modern change have been in progress for many years. These were given a new impetus with the establishment of institutions of European origin. But the adaptation has not far advanced. Most of them have not become languages of advanced scientific knowledge or vehicles of modern literature reflecting the ferment of contemporary thought. Africans however proudly claim that Einstein has been translated into Wolof and Shakespeare into Swahili.

With the coming of independence the English-speaking West African and East African Universities severed their connection with the University of London. The science courses of these Universities are being redesigned to produce graduates with qualifications relevant to Africa. There are 37 bludgeoning Universities, with an enrollment of nearly 2 lakhs of students in Africa, besides several research institutions.

Africa is no Dark Continent today. It is flaming with light. It is a Continent seething with new energy and bursting into modern life with violent stride. Its fermentations are not only political and economic., but also social, cultural and religious. It is leaping in one step from black magic to modern scientific civilization. In the words of the West African Poet — Senghor — in his poem "Prayer to Masks"—

"They call us cotton heads and coffee
men and oily men,
They call us men of death.
But we are the men of the dance whose
feet only gain power when they beat the
hard soil."

This is the new Africa! –

# വളരുന്ന മലയാള നോവൽ

(കെ. വി. സലാഹുദ്ദീൻ I B. Sc.)

'ജീവിതാനുഭവങ്ങളുടെ വ്യാഖ്യാനം' എന്നാണു് പ്രൊഫസർ ഗുപ്തൻനായർ സാഹിത്യത്തെ നിർവ്വചിച്ചിട്ടുള്ളതു്. 'സമുദായത്തിന്റെ ആത്മകഥയാണു് സാഹിത്യം. അതിനാൽ കാലത്തിന്റെ പരിവർത്തനങ്ങൾക്കനുസരിച്ചു് സാഹിത്യത്തിലും മാററങ്ങളുണ്ടായിരിക്കണം. ഇന്നലത്തെ ജനതയുടെ ചിന്തയും, വിശ്വാസങ്ങളും ആചാരങ്ങളുമല്ല ഇന്നത്തെ ജനതയുടേതു്. ഇന്നത്തെ ജനതയുടേതായിരിക്കില്ല നാളത്തെ ജനതയുടേതും. ചുരുക്കത്തിൽ സാഹിത്യത്തിന്നു് ഒരേ സ്ഥലത്തു് നിശ്ചലമായിരിക്കാൻ സാദ്ധ്യമല്ല. കാലത്തിന്റെ അമ്പരപ്പിക്കുന്ന വേഗതക്കൊപ്പമെത്തണമെങ്കിൽ സാഹിത്യകാരന്നു് പുതിയ പുതിയ മേച്ചിൽ സ്ഥലങ്ങൾ കണ്ടെത്താതെ നിർവ്വാഹമില്ല. സമൂഹത്തിന്റെ ജീവിതരീതിയിലും മാനസികാവസ്ഥകളിലും വരുന്ന മാററത്തിന്നനുസരിച്ചു് പ്രതിപാദ്യവും പ്രതിപാദനവും മാറുകതന്നെ വേണം. മററതു് സാഹിത്യവിഭാഗങ്ങളെക്കാളും വളരേ ഏറെ 'ജനകീയ'മായിക്കഴിഞ്ഞിട്ടുള്ള നോവൽ—ചെറുകഥാപ്രസ്ഥാനങ്ങളിലാണു് ഈ മാററം ഏററവുമധികം ദൃശ്യമാകേണ്ടതു്. ഇപ്രകാരം കാലത്തിനൊപ്പമെത്താൻ കഴിയാത്ത സാഹിത്യകാരൻ പിൻതള്ളപ്പെടുമെന്നതും തീർച്ചയാണു്.

തമ്പുരാക്കൻമാരിൽനിന്നും, തമ്പുരാട്ടിമാരിൽനിന്നും മലയാളനോവൽ പ്രസ്ഥാനത്തെ സാധാരണക്കാരുടെ ഇടയിലേക്കു് കൊണ്ടുവന്നതു് പ്രധാനമായും തകഴി, ബഷീർ, ദേവ്, പൊൻകുന്നം വർക്കി തുടങ്ങിയവരാണു്. അവർ സംഭാവനചെയ്ത നോവലുകൾക്കു് ജനങ്ങളെ ഇത്രമാത്രം സ്വാധീനം ചെയ്യാൻ കഴിഞ്ഞതു് അവ കാലവുമായി അത്രമാത്രം താദാത്മ്യം പുലർത്തിയിരുന്നതുകൊണ്ടാണു്. മുക്കുവന്റേയും, തോട്ടിയുടേയും, റിക്ഷക്കാരന്റേയുമൊക്കെ കഥകൾ കേൾക്കാൻ സാമാന്യജനങ്ങൾ ഓടിയെത്തി. ഉച്ചനീചത്വവും സാമൂഹ്യാസമത്വങ്ങളുമൊക്കെ ആയിരുന്നു ഇവരുടെ പ്രമേയങ്ങൾ. 'രണ്ടിടങ്ങഴിയും' 'തോട്ടിയുടെ മകനും' 'ഓടയിൽനിന്നും' 'ബാല്യകാലസഖി'യുമെല്ലാം മലയാളനോവൽ പ്രസ്ഥാനത്തിന്നു് വലിയ സംഭാവനകളായിരുന്നു.

കാലം മുന്നോട്ടുപോയതോടുകൂടി വീണ്ടും പല മാററങ്ങളുമുണ്ടായി. ശാസ്ത്രപുരോഗതി ഗുണത്തിലധികം നാശം വരുത്തിവെച്ചു. മനുഷ്യനാണു് ഈ ലോകത്തു് ഏററവും വിലകുറഞ്ഞവസ്തു എന്നു് രണ്ടു് മഹായുദ്ധങ്ങൾ കാണിച്ചുകൊടുത്തു. 'പുരോഗതിയുടേയും' പരിഷ്ക്കാരത്തിന്റേയും ശക്തിയേറിയ ഒഴുക്കിൽപ്പെട്ടു് മനുഷ്യൻ എവിടെയും പിടികിട്ടാതെ അലഞ്ഞുതിരിയുകയാണിന്നു്. സ്നേഹബന്ധങ്ങളിലും, കുടുംബബന്ധങ്ങളിൽതന്നെയും ഉള്ള അവന്റെ വിശ്വാസം നഷ്ടപ്പെട്ടു. ഫ്രോയിഡിന്റേയും മററും മനഃശ്ശാസ്ത്രനിഗമനങ്ങളുടെ ഫലമായി സദാചാരത്തിന്റെ മതിൽക്കെട്ടുകൾ പലതും ഇടിഞ്ഞുവീണു. പ്രേമം, സ്ത്രീപുരുഷബന്ധങ്ങൾ തുടങ്ങിയവയിൽ പല മാററങ്ങളുമുണ്ടായി. നല്ലൊരു 'നാളെ'യെക്കുറിച്ചുള്ള പ്രതീക്ഷ നശിച്ചതോടുകൂടി അതൃപ്തിയും നൈരാശ്യവും ഇന്നത്തെ മനുഷ്യന്റെ സ്ഥായിയായ ഭാവമായിത്തീർന്നു. ചുരുക്കത്തിൽ ഇന്നു് അവന്റെ ഏററവും വലിയ പ്രശ്നം മാനസിക പ്രശ്നങ്ങൾതന്നെയാണു്. അതോടുകൂടിത്തന്നെ അവന്റെ ചിന്തയിലും ആസ്വാദനരീതിയിലും പല മാററങ്ങൾ ദൃശ്യമായി. ദാരിദ്ര്യത്തിന്റേയും ഉച്ചനീചത്വങ്ങളുടേയും കഥകൾ കേട്ടുകേട്ടു് കാതുകൾ മരവിച്ചു. തകഴി, ദേവ് തുടങ്ങിയവരുടെ സ്വാധീനം അതോടുകൂടി നഷ്ടപ്പെടാനും തുടങ്ങി. എന്നിട്ടും ഈ സാമൂഹ്യ രാഷ്ട്രീയ മുദ്രാവാക്യങ്ങളുടെ ചോർന്നൊലിക്കുന്ന ചെററപ്പുരയിൽനിന്നും പുറത്തുകടക്കാൻ അവർ മടിച്ചു. അതോടുകൂടി സഹൃദയർ അവരിൽനിന്നും അകലാനും തുടങ്ങി.

അവരുടെ കാലഹരണപ്പെട്ട പ്രമേയങ്ങളുടേയും ശുഷ്കിച്ച ഭാവനയുടേയും സന്തതികളെ സ്വീകരിക്കാൻ സഹൃദയർ വിസമ്മതിക്കാനും തുടങ്ങി.

ഈ പരിതഃസ്ഥിതിയിലാണ് അന്നോളം മററാരും കൈവെക്കാത്ത ചില വികാരങ്ങളുടേയും അനുഭൂതികളുടേയും ചിത്രങ്ങളുമായി ഒരു പററം പുതിയ എഴുത്തുകാർ മലയാള നോവൽ രംഗത്തേക്ക് പ്രവേശിച്ചത്. നിങ്ങളുടേയും എന്റേയും മാനസിക പ്രശ്നങ്ങൾതന്നെയായിരുന്നു ഇവരുടെ പ്രമേയങ്ങൾ. മനുഷ്യന്റെ മോഹങ്ങളുടേയും മോഹഭംഗങ്ങളുടേയും വികാര വിശേഷങ്ങളുടേയും കുടുംബബന്ധങ്ങളുടേയും കഥകൾ യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിച്ച ഇവരെ മലയാളികൾ രണ്ട് കയ്യും നീട്ടി സ്വീകരിച്ചു. എം. ടി. വാസുദേവൻ നായർ, കെ. സുരേന്ദ്രൻ, പാറപ്പുറത്ത്, രാജലക്ഷ്മി തുടങ്ങിയവർ ഈ പുതിയ തലമുറക്ക് നേതൃത്വം നല്കി. ഈ പുത്തൻ തലമുറയുടെ സംഭാവനകളെ നമുക്കൊന്ന് വിലയിരുത്താം.

തനിക്ക്‌വേണ്ടിത്തന്നെയാണ് ശ്രീ. എം. ടി. കഥയെഴുതുന്നത് — അസംതൃപ്തമായ മനസ്സിന് വല്ലപ്പോഴും ഒരു സംതൃപ്തി ലഭിക്കാൻ. (കാഥികന്റെ പണിപ്പുര). എന്നാൽ അദ്ദേഹത്തിന് സംതൃപ്തിനൽകിയ ഈ നിമിഷങ്ങൾ വായനക്കാർക്ക് പ്രദാനംചെയ്ത അനുഭൂതികൾ അവർണ്ണനീയമത്രെ! അദ്ദേഹത്തിന്റെ 'കുട്ട്യേടത്തിയും, വേലായുധനും, അപ്പുണ്ണിയും, അമ്മിണിയേടത്തി'യുമെല്ലാം സഹൃദയരുടെ ഹൃദയങ്ങളിൽ തങ്ങിനിന്നു. ബാലമനസ്സിന്റെ അന്തർഭാഗങ്ങളിലേക്കിറങ്ങിച്ചെന്ന് അവരുടെ ചിന്തയും, മുതിർന്നവരുടെ ലോകത്തിലേക്കിറങ്ങിച്ചെന്ന് അവരുടെ ചിന്തയും വർണ്ണിക്കാൻ അദ്ദേഹത്തിന് പ്രത്യേക സാമർത്ഥ്യമുണ്ട്. ബോധധാരാപ്രസ്ഥാനം ഇത്രമാത്രം തന്മയത്വത്തോടെ മററാരും കൈകാര്യം ചെയ്തിട്ടില്ല.

തനിക്ക് ചുററുമുള്ളവർതന്നെയാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ. സമുദായത്തിന്റെ മാന്യസ്ഥാനങ്ങളിലിരുന്ന് പകൽക്കൊള്ള നടത്തുന്നവരുടേയും, ജീവിക്കാൻ മററു മാർഗ്ഗമില്ലാത്തതിനാൽ ഇവർക്ക് കൂട്ടുനിൽക്കേണ്ടിവന്ന കുറെ ശുദ്ധാത്മാക്കളുടേയും കഥയാണ് 'അറബിപ്പൊന്ന്.' നശിച്ചുകഴിഞ്ഞ പ്രതാപത്തിന്റെ പൊട്ടിവീഴാറായ കയറുകളിൽ കടിച്ചുതൂങ്ങിക്കഴിയുന്ന മലബാറിലെ നായർ തറവാടുകളിലെ വെളിച്ചം കടക്കാത്ത നാലുകെട്ടുകളുടെ കഥകളാണ് 'നാലുകെട്ടും' 'അസുരവിത്തും.' 'നാലുകെട്ട്' ഒരിക്കൽ വായിച്ചിട്ടുള്ളവർക്ക് 'അപ്പുണ്ണിയുടെ അമ്മിണിയേടത്തി'യെ മറക്കാൻ സാദ്ധ്യമല്ല.

വാക്കുകൾ മിതമായിമാത്രം ഉപയോഗിക്കുന്ന എം. ടിയിൽ ഒരു കവി ഒളിഞ്ഞിരിക്കുന്നുണ്ടെന്ന് തോന്നും അദ്ദേഹത്തിന്റെ 'മഞ്ഞ്' വായിച്ചാൽ. കാമുകനെ കാത്തിരിക്കുന്ന വിമലയും, അച്ഛനെത്തിരക്കുന്ന ബുദ്ദുവും എപ്പോഴും പണം കടം ചോദിക്കുന്ന സർദാർജിയും മിഴിവുള്ള കഥാപാത്രങ്ങളാണ്.

എം. ടി. യുടെ ജ്വലിക്കുന്ന പ്രതിഭക്ക് മുമ്പിലല്പമൊന്ന് മങ്ങിപ്പോകുന്നു എങ്കിലും, നമുക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ളവരാണ് കെ. സുരേന്ദ്രനും പാറപ്പുറത്തും. കുടുംബബന്ധങ്ങളും മനുഷ്യന്റെ ദൗർബ്ബല്യങ്ങളുമാണ് സുരേന്ദ്രന്റെ പ്രമേയങ്ങൾ. ഇടത്തരക്കാരുടെ കുടുംബജീവിതത്തിന്റെ എല്ലാ വശങ്ങളും ചിത്രീകരിക്കുന്നുണ്ട് സുരേന്ദ്രൻ. പ്രഭാകരന്റേയും സൌദാമിനിയുടേയും കഥയിലൂടെ. (താളം, കാട്ടുകുരങ്ങ്) ഒരു ചരിത്രനോവലെന്ന് വേണമെങ്കിൽ പറയാം 'ജ്വാല'യെപ്പററി. തിരുവതാംകൂറിൽ രാജവാഴ്ചയുടെ അവസാനകാലങ്ങളിലാണ് കഥ നടക്കുന്നത്. സുരേന്ദ്രന്റെ എല്ലാ നായകന്മാരുമെന്ന പോലെ 'ജ്വാല'യിലെ കരുണാകരൻനായർക്കും വ്യക്തിത്വമുണ്ട്.

'ക്യാരക്ടർ സ്കെച്ച്' ആണ് പാറപ്പുറത്തിന്റെ പ്രത്യേകത. 'നിണമണിഞ്ഞ കാൽപ്പാടുകളി'ലെ തങ്കമ്മയേയും 'അന്വേഷിച്ചു; കണ്ടെത്തിയില്ല'യിലെ സൂസമ്മയേയും എടുത്ത് പറയട്ടെ! ഒരൊററ കഥാപാത്രത്തിന്റെ അവതരണത്തിലൊതുങ്ങി നില്ക്കുന്നു ഈ നോവലുകളുടെ സകലഗുണങ്ങളും എന്ന് അപവാദം ഇല്ലാതില്ല. യുദ്ധകാലങ്ങളിൽ ദേശഭക്തിയുടെ പേരിൽ പട്ടാളക്കഥകൾ പടച്ച് വിടുന്നവർക്ക് ഒരു വെല്ലുവിളിയാണ് പാറപ്പുറത്തിന്റെ പട്ടാളക്കഥകൾ. ഇത്തരുണത്തിൽ രണ്ടെഴുത്തുകാരെ കൂടി ഓർത്ത് പോകുന്നു — കോവിലനേയും നന്ദനാരേയും. ഇവരുടെ പട്ടാളക്കഥകൾ മലയാളസാഹിത്യത്തിന് തീർച്ചയായും ഒരു മുതൽക്കൂട്ടാണ്. കോവിലന്റെ പട്ടാളക്കഥകളെക്കുറിച്ച് ശ്രീ. പി. എ. വാരിയർ പറ

യുന്നതു് ശ്രദ്ധിയ്ക്കുക "ചെത്തി കൂർപ്പിച്ചു്, കൂർപ്പിച്ചു് മൂർച്ചപ്പെടുത്തിയ വല്ലാത്ത ഒരു ശൈലിയാണു് കോവിലന്റേതു് ..... കോവിലന്റെ പട്ടാളക്കഥകൾ മററു ഭാഷകളിലേക്കു് തർജ്ജിമ ചെയ്തു് ഇന്ത്യയിലെ ഓരോ പട്ടാളക്കാരന്റെ കൈയ്യിലും എത്തിക്കണം."

പഴയതലമുറയിലാണു് ജനിച്ചതെങ്കിലും പുതിയ തലമുറയുടെ പ്രത്യേകതകളും ഉൾക്കൊള്ളാൻ കഴിഞ്ഞ മലയാളത്തിലെ വളരെ അപൂർവ്വം ചില നോവലിസ്റ്റുകളിലൊരാളാണു് ഉറൂബു്. അദ്ദേഹത്തിന്റെ പുതിയനോവലുകളായ 'സുന്ദരികളും സുന്ദരന്മാരും' 'അണിയറ' തുടങ്ങിയവ ഇതിനു് തെളിവാണു്. 'ഉമ്മാച്ചു'വിലൂടെയും 'മിണ്ടാപ്പെണ്ണി'ലൂടെയും സഹൃദയരുടെ ശ്രദ്ധയാകർഷിച്ച ഉറൂബു്, 'സുന്ദരികളും സുന്ദരന്മാ'രിലും കൂടി ആധുനിക മലയാള നോവലിസ്റ്റുകളുടെ മുൻപന്തിയിൽത്തന്നെ ഇരിപ്പുറപ്പിച്ചിരിക്കുന്നു. അടുത്തകാലത്തു് മലയാളത്തിലുണ്ടായ ഏററവും നല്ല ഏതാനും നോവലുകളിലൊന്നാണു് 'സുന്ദരികളും സുന്ദരന്മാരും'. ആളിക്കത്തുന്ന വികാരങ്ങളെ നിയന്ത്രിക്കാൻ പ്രയാസപ്പെടുന്ന ശാന്തയും, വിശ്വനാഥനിൽ, സ്വത്വം നഷ്ടപ്പെട്ട ഗോപിക്കുറുപ്പിനെ വീണ്ടും ദർശിക്കുന്ന ലക്ഷ്മിയമ്മയും എല്ലാം ഉജ്ജ്വല കഥാപാത്രങ്ങളാണു്.

അതൃപ്തിയുടെയും, നിരാശയുടെയും കഥകളാണു് രാജലക്ഷ്മിക്കു് പറയാനുണ്ടായിരുന്നതു്. നിറമുള്ള നിഴലുകളെ പിൻതുടർന്നു്, എവിടെ എത്തിച്ചേരരുതെന്നു് ആഗ്രഹിച്ചുവോ, അവിടെത്തന്നെ എത്തിച്ചേർന്ന നിർഭാഗ്യവതികളുടെ കഥ. വെളിച്ചം കാണാനുള്ള തിടുക്കത്തിൽ ഇരുട്ടിനെത്തന്നെ വാരിപ്പുണരുന്ന മണിയും ('ഒരു വഴിയും കുറെ നിഴലുകളും') 'ഞാനെന്നഭാവ'ത്തിലെ നായികയും.

ആധുനിക നോവൽ പ്രസ്ഥാനത്തിനു് കനത്ത സംഭാവനകൾ നൽകിയവരുടെ പട്ടിക ഇനിയും നീണ്ടു് നീണ്ടു് പോകുന്നു. അയ്യനേത്തിന്റെ 'മനുഷ്യാ നീ മണ്ണാകുന്നു,' ജി. വിവേകാനന്ദന്റെ 'കള്ളു്', സി. രാധാകൃഷ്ണന്റെ 'നിഴൽപ്പാടുകൾ', ഇ. വാസുവിന്റെ 'ചുവപ്പു് നാട' മലയാറ്റൂർ രാമകൃഷ്ണന്റെ 'വേരുകൾ', വിലാസിനിയുടെ 'നിറമുള്ള നിഴലുകൾ' തുടങ്ങിയവ മലയാള നോവൽ പ്രസ്ഥാനത്തിന്റെ വളർച്ചയെയല്ലേ കാണിക്കുന്നതു്?

ചന്തുമേനോനും, സി. വിയ്ക്കും ശേഷം ഒരു നല്ല മലയാള നോവലിസ്റ്റു് ഉണ്ടായിട്ടില്ല എന്നു് പറയുന്നവരുണ്ടു്. തകഴി, ബഷീർ, ദേവു് തുടങ്ങിയവരോടുകൂടി മലയാളനോവലിന്റെ വളർച്ച നിലച്ചു എന്നു് പറയുന്നവരുണ്ടു്. ഇന്നത്തെ നിരൂപകരിൽ ഭൂരിപക്ഷവും ഇതിലേതെങ്കിലും ഒരു വിഭാഗത്തിൽ പെടുന്നു. വാസ്തവത്തിൽ ഈ നിരൂപകർ ഒന്നുകിൽ കാണുന്നില്ല അല്ലെങ്കിൽ കണ്ണടച്ചു ഇരുട്ടാക്കുന്നു. പുതിയ തലമുറയെ അംഗീകരിക്കാൻ തലമൂത്ത നിരൂപകർക്കു് മടിയുണ്ടു്. അവർ നോവൽ പ്രസ്ഥാനത്തിന്റെ നായകസ്ഥാനത്തിരുത്തിയിരുന്ന തകഴി, ദേവു് പ്രഭൃതികളുടെ സ്വാധീനം നഷ്ടപ്പെട്ടുകഴിഞ്ഞു. നഷ്ടപ്പെട്ട ഈ സ്ഥാനങ്ങൾ പിടിച്ചെടുക്കാനുള്ള പരിശ്രമം പാച്ചിലിന്റെ ഫലമല്ലേ തകഴിയുടെ 'ആകാശം'? 'ചെമ്മീനി'ന്റേയും 'രണ്ടിടങ്ങഴി'യുടേയും കർത്താവിന്റെ ഈ നോവലിനെ 'പ്രതികാരത്തിന്റെ ദുർഗ്ഗന്ധം വമിക്കുന്ന' എന്നാണു് ശ്രീ. എം. ആർ. ചന്ദ്രശേഖരൻ വിശേഷിപ്പിച്ചതു്. (എം. ടി.യുടെ 'മഞ്ഞി'ന്റെ ഒരു മറിച്ചടിയാണത്രെ ഈ നോവൽ). "തകഴിയെപ്പോലുള്ളവർ മററുള്ളവരുടെ നിഴലുകളാവാൻ മെനക്കെടരുതെന്ന" ശ്രീ. ചന്ദ്രശേഖരന്റെ ഉപദേശവും ശ്രദ്ധേയമാണു്.

മലയാള നോവലിനെപ്പററിപ്പറയുമ്പോൾ ഇവിടെയുള്ള ചില 'സാഹിത്യക്കച്ചവട'ക്കാരെ പററി പരാമർശിക്കാതെ തരമില്ല. ഒരൊററ പ്ലോട്ടിൽ അഞ്ചും, ആറും നോവലുകൾ ഒരൊററ ഇരിപ്പിന്നെഴുതിക്കളയും ഈ അല്പജ്ഞർ. മുട്ടത്തു്വർക്കി, കാനം, പടിയത്തു് ഇങ്ങിനെ പോകുന്നു ഇവരുടെ പട്ടിക. പ്രസിദ്ധീകരിക്കാൻ കാശുവാരികൾക്കു് അഞ്ചെണ്ണം കിട്ടുന്നവാരികളും വായിക്കാൻ 'സ്വപ്നം കാണുന്ന മട്രിക്കുട്ടി' മാരും ഇവിടെ ഉള്ള കാലത്തോളം മാർക്കററു് നഷ്ടപ്പെടുമെന്നു് ഇവർക്കു് ഭയപ്പെടേണ്ടതില്ല. വളർച്ചയിൽനിന്നും വളർച്ചയിലേക്കു് കുതിക്കുന്ന മലയാള നോവൽ പ്രസ്ഥാനത്തിന്റെ വഴിവക്കിലിരുന്നു് കരിഞ്ചന്ത നടത്തുന്ന ഇത്തരക്കാരെ ആട്ടിയോടിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

# വിദ്യാഭ്യാസത്തിന് ഒരു മുഖവുര

( കടവത്തൂര് അഹമ്മദ് )

ആശയവിപുലതയും സാരസമ്പൂർണ്ണതയുമുൾക്കൊള്ളുന്ന ഒരു പദമാണ് വിദ്യാഭ്യാസം. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും അതു സ്വാധീനം ചെലുത്തുന്നു. വിദ്യാഭ്യാസത്തിന്റെ പൂർവ്വകാലചരിത്രത്തിന് എത്ര പഴക്കമുണ്ടെന്നറിയേണമെങ്കിൽ മാനവചരിത്രത്തെക്കുറിച്ചുള്ള വിദശപഠനം ആവശ്യമാണ്. മനുഷ്യനിൽ ആത്മീയവും ഭൗതികവുമായ സംസ്കരണാസക്തി ആദികാലംമുതൽക്കേ കുടികൊണ്ടിരുന്നുവെന്നതു ഒരു യാഥാർത്ഥ്യമാണ്. അതിന്റെ സൃഷ്ടിപരമായ ബഹിർപ്രകടനമാണ് വിദ്യാഭ്യാസമുൾക്കൊണ്ടിരുന്നതു്, അഥവാ ഉൾക്കൊള്ളേണ്ടതു്.

മറ്റു കാര്യങ്ങളിലെന്നപോലെ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യത്തെക്കുറിച്ചുള്ള അഭിപ്രായവൈരുദ്ധ്യങ്ങൾ വിഷയത്തെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ് ചെയ്യുന്നതു്. പണ്ഡിതനും പാമരനും അതൊരു ചിന്താവിഷയമായി സ്വീകരിക്കുന്നു; തൊഴിലാളികളും മുതലാളികളും അതിനെപ്പറ്റി പലതും പറയാനുണ്ടു്. അദ്ധ്യാപകനും അദ്ധ്യേതാവും തങ്ങളുടേതായ വീക്ഷണഗതികൾ സമർത്ഥമായവതരിപ്പിക്കുന്നു. പ്രസംഗസ്റ്റേജുകളും പത്രപ്പേജുകളും അനല്പമായ പ്രാധാന്യമാണതിനു നൽകുന്നതു്. സമൂഹത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യവും സമൂഹം അതിനു നൽകുന്ന ഉൽകൃഷ്ടപദവിയുമാണ് യഥാർത്ഥത്തിൽ വിദ്യാഭ്യാസത്തിനുനേരെയുള്ള ഈ വൈരുദ്ധ്യാത്മകവീക്ഷണഗതി വിളിച്ചറിയിക്കുന്നതു്.

വിദ്യാഭ്യാസമിന്നർഹിക്കുന്ന നിലയും വിലയും മുമ്പുകാലത്തേതിൽ കവിഞ്ഞതാണ്. ആത്മീയമോ ഭൗതികമോ ആയ ഏതു വീക്ഷണകോണിലൂടെയായാലും ശരി, മറ്റെന്തിനേക്കാളും സ്ഥാനം നൽകപ്പെടുന്നുണ്ടതിന്. വിദ്യാഭ്യാസത്തിന് അതിന്റെ ഉത്തുംഗമായ സ്ഥാനം നേടിക്കൊടുക്കുന്നതിനിടയിൽ അഭിനവമനുഷ്യൻ സ്ഥാപിത താൽപര്യങ്ങളെപ്പോലും മാനിക്കുന്നില്ലെന്നതാണ് വാസ്തവം. ജീവിതക്കമ്പോളത്തിൽ അതിനുള്ള വില അനുദിനം വർദ്ധിച്ചുവരികയാണ്. വിജ്ഞാനത്തിന്റെ പൂന്തേൻ നുകരുവാൻ വേണ്ടി സാമ്പത്തികവും മാനസികവുമായ ഉല്ലാസങ്ങളെ മനുഷ്യൻ അവഗണിക്കുകയാണ്. അതിന്റെ ഫലമായി വിജ്ഞാനദാഹികളുടെ നീണ്ട നീണ്ട ക്യൂവുകളാണ് എങ്ങുമെങ്ങും കാണുന്നതു്.

വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ആശാസ്യമായ ഒരു വശമാണിതു്. എന്നാൽ അനാശാസ്യവും ശ്രദ്ധേയവുമായ ഒരു മറുവശവും കൂടിയതിനുണ്ടോ എന്നതാണ് അടുത്ത ചിന്താവിഷയം. കാര്യമന്വേഷിക്കുകയാണെങ്കിൽ ആധുനികവിദ്യാഭ്യാസത്തിൽ അക്ഷന്തവ്യമായ ചില സവിശേഷതകൾ കുടികൊള്ളുന്നുണ്ടെന്നതാണ് വാസ്തവം. മനുഷ്യനിൽ മഹത്തരമായ സാംസ്കാരിക നവോത്ഥാനങ്ങൾ സൃഷ്ടിക്കാൻ ഇന്നത്തെ വിദ്യാഭ്യാസസംവിധാനം സഹായകമാണോ! വിദ്യാഭ്യാസമെന്ന മൗലികാശയം വിഭാവന ചെയ്യുന്ന ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാൻ അതു പര്യാപ്തമാണോ?

ബി. എ. പാസ്സായ ഒരാൾ ജോലിയന്വേഷിച്ചു ഒരു ഫാക്ടറി മാനേജരെ സമീപിക്കുന്നുവെന്ന് വിചാരിക്കുക. മാനേജരോടയാൾ ഇങ്ങിനെ പറയുന്നു. “ഞാൻ ബി. എ. പാസ്സായിട്ടുണ്ടു്. നിങ്ങളുടെ കീഴിൽ ഒരു ജോലിചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.” മാനേജർ: “നിങ്ങൾ ബിരുദധാരിയാണെന്ന കാര്യം ഞാൻ അംഗീകരിക്കുന്നു. നിങ്ങളുടെ കഴിവുകളെ ആദരിക്കുകയും ചെയ്യുന്നു. സത്യസന്ധനും നീതിമാനുമായ ജോലിക്കാരനാണ് എനിക്കാവശ്യം. നിങ്ങളുടെ ജോലിയിൽ നിങ്ങൾ സത്യസന്ധനും നീതിമാനുമായിരിക്കുമെന്ന് ഞാനെങ്ങിനെ വിശ്വസിക്കും?” ഈദൃശമായൊരു പ്രതികരണമാണ് അദ്ദേഹത്തിലുദയം

ചെയ്യതെന്നു് സങ്കൽപിക്കുക. പതിനഞ്ചുകൊല്ലം കൊണ്ടു് താൻ കെട്ടിപ്പടുത്ത അദ്ധ്വാനസൌധം തകർന്നിടിഞ്ഞുവീഴുന്ന ഭീകരശബ്ദം നമ്മുടെ ബിരുദധാരിയുടെ കർണ്ണപുടങ്ങളിൽ അലതല്ലുമെന്നതിൽ സംശയമില്ല. ഈ ഉദാഹരണത്തിൽ അപ്രസക്തിയുടെ നിഴലാട്ടം ദർശിക്കുന്നവരുണ്ടാകാം. വർത്തമാനകാലത്തിൽ ഇത്തരം സവിശേഷതകൾ പുതുമയർഹിക്കുന്നുവെങ്കിലും ഭാവികാലം ഇതിനൊരു വിലങ്ങുതടിയാവാൻ സാദ്ധ്യതയില്ല. ആയൊരു വിശ്വാസത്തെ ദൃഢീകരിക്കുകയാണു് വിദ്യാഭ്യാസരംഗത്തുള്ള ദുഷ്പ്രവണതകൾ.

സമൂഹത്തിൽ ഇന്നു കാണുന്ന അധർമ്മത്തിന്റെ അഴിഞ്ഞാട്ടത്തിനുള്ള കാരണഭാരം ഏറെറടുക്കുവാൻ ഇന്നത്തെ 'ആത്മാവില്ലാത്ത വിദ്യാഭ്യാസം' ഉത്തരവാദിയാണെന്നു പറയുന്നതിൽ യാതൊരസാംഗത്യവുമില്ല. മാനവരാശിയുടെ അലക്ഷ്യയാത്രയെ അതെവിടെ എത്തിക്കുമെന്നകാര്യം അചിന്ത്യമാണു്. ഇതിനുള്ള പ്രധാനകാരണം വിദ്യാഭ്യാസത്തിനു് അതിന്റെ ആരാധകൻ നൽകുന്ന ലക്ഷ്യങ്ങളിലുള്ള വൈരുദ്ധ്യമാണു്. വിദ്യാസമ്പന്നനായൊരു മനുഷ്യനെ പലരും പലവിധത്തിലാണു് വിശേഷിപ്പിക്കുന്നതു്. ഒരാൾ അദ്ദേഹത്തെ ഭൌതികതത്വത്തിന്റെ കാവൽഭടനായി കണക്കാക്കുമ്പോൾ മറെറാരാൾ രാഷ്ട്രത്തിന്റെ ഉത്തമപൌരനായി കണക്കാക്കുന്നു. വേറൊരാൾ അയാളെ 'സാമ്പത്തികജീവി'യായി പുകഴ്ത്തുമ്പോൾ അടുത്ത ആൾ മറെറാന്നു പറയും. കൂട്ടത്തിൽ വിദ്യാസമ്പന്നനെ ആത്മീയതയുടെ പ്രതീകമെന്നു വിളിച്ചുപോയെങ്കിൽ അയാളുടെ നേരെ ഒരു കുരിശുയുദ്ധംതന്നെ ആരംഭിക്കുകയായി. ഇതാണു് സമൂഹത്തിലെ ഇന്നത്തെ നില. ഇത്തരമൊരു സ്ഥിതിവിശേഷമാണു് വിദ്യാഭ്യാസത്തെ സങ്കീർണ്ണമാക്കുന്നതു്.

വിദ്യാഭ്യാസലോകത്തു് പല സിദ്ധാന്തങ്ങളും രംഗപ്രവേശം ചെയ്യുന്നുണ്ടെങ്കിലും പ്രധാനമായി രണ്ടെണ്ണമാണുള്ളതു്; ജനകീയവും സോഷ്യലിസ്റ്റും. അമേരിക്കയിൽ ഒന്നാമത്തേതും റഷ്യയിൽ രണ്ടാമത്തേതുമാണു് നടപ്പിലുള്ളതു്. സോഷ്യലിസ്റ്റു ചിന്താഗതിക്കാരെ മാനിക്കുമ്പോൾ സമൂഹത്തിലെ ചിന്താരഹിതസേവകനാണു് വിദ്യാസമ്പന്നൻ. മറെറാരു ഭാഷയിൽ പറഞ്ഞാൽ ഭൌതികതത്വത്തിന്റെ പതാകാവാഹകൻ എന്നർത്ഥം. ജനായത്ത വ്യവസ്ഥിതിയിൽ വിദ്യാഭ്യാസത്തിനു വൈപുല്യമേറിയ ലക്ഷ്യമാണുള്ളതു്; രാഷ്ട്രത്തിന്റെ ഉത്തമപൌരന്മാരെ സൃഷ്ടിച്ചെടുക്കുക. സോഷ്യലിസ്റ്റുരാഷ്ട്രത്തിൽ വിദ്യാസമ്പന്നനായ മനുഷ്യൻ സാമ്പത്തികജീവിയായി തരംതാഴാൻ സാദ്ധ്യതയുണ്ടെങ്കിൽ, ജനായത്തസിദ്ധാന്തത്തിൽ അതുണ്ടാവില്ല. മനുഷ്യനിൽ സ്വതന്ത്രചിന്തയും സമത്വബോധവും ദൃഢമൂലമാകുകയേയുള്ളൂ. പക്ഷേ, അതിനുള്ള സാഹചര്യം ഉണ്ടാവുകയില്ലെന്നതാണു് യാഥാർത്ഥ്യം. ഭരണക്കസേരകളിൽ മാറിമാറിയിരിക്കുന്ന ഭരണാധികാരികളിൽ വിവിധങ്ങളായ മസ്തിഷ്ക്കങ്ങളായിരിക്കും പ്രവർത്തിക്കുക. ഭരണകക്ഷിയുടെ തലച്ചോറുകളിൽ കുമിഞ്ഞുകൂടുന്ന പുതിയ പുതിയ ആശയങ്ങൾ ഭരണസംവിധാനത്തെ മാററിമറിക്കും. ഇന്നത്തെ വിദ്യാർത്ഥികൾക്കുള്ള സിലബസ്സ് നാളെ കുപ്പത്തൊട്ടിയുടെ ഉള്ളറയിലായിരിക്കും ചെന്നുവീഴുക. അനുദിനമെന്നപോലെയുള്ള ഈദൃശമാററങ്ങൾ ഒരദ്ധ്യേതാവിനെ എത്രമാത്രം വിഷമിപ്പിക്കുമെന്നാലോചിച്ചു നോക്കുക. ജനാധിപത്യ രാഷ്ട്രത്തിലെ വിദ്യാഭ്യാസസംവിധാനത്തിന്റെ ഏററവും വലിയ പോരായ്മയാണിതു്.

നിഷ്പക്ഷമതിയായ ചിന്താശീലനിൽ ഒരു ചോദ്യചിഹ്നമവശേഷിക്കുന്നു: വിദ്യാഭ്യാസത്തിന്റെ യഥാർത്ഥലക്ഷ്യവും വിഭാവനയുമെന്തായിരിക്കും?

മനുഷ്യശരീരത്തിലെ ഒരവയവത്തെ പ്രത്യേകമായി പോഷിപ്പിക്കുവാൻ മനുഷ്യനു സാദ്ധ്യമല്ലെങ്കിൽ അതേ പ്രകൃതിനിയമം വിദ്യാഭ്യാസത്തിനും ബാധകമാണു്. മനുഷ്യനിൽ ശാരീരികവും മാനസികവുമായ സംസ്കരണാസക്തി വളർത്തുകയാണു് വിദ്യാഭ്യാസത്തിന്റെ മൌലികമായ ഉദ്ദേശം. പ്രകൃതിയിലെ നൈമിഷികജീവിയെന്ന നിലയിൽനിന്നു് The Crown of creation (സൃഷ്ടിജാലങ്ങളുടെ കിരീടം) എന്ന ഉന്നതപദവിയിലേക്കു് മനുഷ്യനെയുയർത്താൻ അതു മാത്രമെ സഹായകമാകുകയുള്ളൂ. ഉന്നതദാർശനികനായിരുന്ന അല്ലാമാ ഇഖ്ബാൽ വിദ്യാഭ്യാസത്തെ വിശേഷിപ്പിച്ചതിങ്ങിനെയാണു്: "ഉൽകൃഷ്ടസ്വഭാവം പുലർത്തുന്ന ഉത്തമകലാസൃഷ്ടി." അതിനു മൂന്നു ഗുണ

ങ്ങൾ വളർന്നുവരണമെന്നു ഇക്ബാൽ അഭിപ്രായപ്പെടുന്നു. ധൈര്യം, സഹിഷ്ണുത, എന്നിവയാണവയിലെ രണ്ടു ഗുണങ്ങൾ. മൂന്നാമത്തെ ഗുണത്തെ ഒരു സാങ്കേതികപദത്തിലൂടെ അദ്ദേഹം ഇങ്ങനെ പരിചയപ്പെടുത്തുന്നു: ഇഹപരലോകങ്ങളിൽനിന്നു ലഭിച്ചേക്കാവുന്ന പാരിതോഷികങ്ങളെ തിരസ്കരിക്കാനുള്ള മനോഗതി. ഈ പ്രത്യേക ഗുണം മനുഷ്യനിൽ വളരുന്നതോടുകൂടി മനുഷ്യഹൃദയത്തിൽ സംതൃപ്തിയും സ്വപ്രത്യയസ്ഥൈര്യവും സ്ഥാനംപിടിക്കുന്നു. അന്യരുടെ ദാക്ഷിണ്യങ്ങൾ ഏറ്റുവാങ്ങുന്നതിലും നല്ലതു സ്വന്തം ചുടുരക്തം ചുടുനീരാക്കുന്നതാണെന്നു വിശ്വാസത്തിനവൻ അടിമപ്പെടുന്നു.

The crowded hour of glorions life
Is worth an age without a name.

കൃത്യാന്തരബഹുലമായ ഒരു മണിക്കൂർ നേരത്തെ ധന്യജീവിതം അപ്രശസ്തമായ ഒരു യുഗത്തേക്കാൾ വിലപ്പെട്ടതാണെന്ന ആംഗ്ലേയകവിയുടെ സന്ദേശം അലസതയുടെ നിമിഷങ്ങൾ എണ്ണിക്കഴിക്കുന്ന മനുഷ്യന് സമരപ്രസക്തമായ ജീവിതം നയിക്കാൻ പ്രേരകമാണ്. ഭാവനാസമ്പന്നരായ കലാകാരന്മാരുടെ ഇത്തരം വീക്ഷണഗതികൾ മനസ്സിലാക്കാൻ വിദ്യാഭ്യാസത്തിലൂടെയല്ലാതെ മനുഷ്യനെങ്ങിനെ സാധിക്കും?

ആദ്ധ്യാത്മിക പ്രസ്ഥാനത്തിന്റെ പ്രചാരത്തിലേർപ്പെട്ടിട്ടുള്ള ഒരു വിദേശപണ്ഡിതനായ ജോൺസ്പിയേർസ് പറയുന്നതു കാണുക: "ആദ്ധ്യാത്മികസംസ്കാരം ഇന്ത്യ കൈവിട്ടുപോയിരിക്കുന്നു. ഇന്ത്യയുടെ പ്രാക്തനസംസ്കാരത്തെ ഉയർത്തിയെടുക്കാനല്ല ഇന്നും ശ്രമിക്കുന്നത്, മറിച്ച് ആദ്ധ്യാത്മിക സംസ്കാരത്തെ കൈവിട്ടുകൊണ്ട് ഭൌതിക നേട്ടങ്ങൾക്കു പരക്കംപായുകയാണ് ആധുനികേന്ത്യ!"

ഇന്ത്യയുടെ മാത്രം സ്ഥിതിയല്ല ഇത്. ലോകത്തിന്റെ മുഴുവൻ സ്ഥിതിയും ഇതുതന്നെയാണ്. ഭൌതികമാത്രമായ കാര്യങ്ങളിലേ നമുക്കു ശ്രദ്ധയുള്ളു. ശാരീരികസുഖം വർദ്ധിപ്പിക്കാൻ നാം ശ്രമിക്കുമ്പോൾ മാനസികമായ ഉന്നമനത്തിനുവേണ്ടി നാം പണിപ്പെടുന്നില്ല. മെക്കാളെ പ്രഭു വിഭാവനംചെയ്ത, ധാർമ്മികമൂല്യങ്ങൾ (Moral Values)ക്കും സാന്മാർഗ്ഗിക സദാചാരങ്ങൾ (Taboos)ക്കും വിലയില്ലാത്ത വിദ്യാഭ്യാസസംവിധാനത്തെ കെട്ടിപ്പുണർന്നതിന്റെ പ്രത്യാഘാതങ്ങൾ നാമിന്നനുഭവിക്കുകയാണ്. മേൽസൂചിപ്പിച്ചപോലെ വിജ്ഞാനദാഹിയായ ഒരാൾക്ക് ആധുനികയുഗത്തിൽ ഏതെങ്കിലും ബിരുദം സമ്പാദിക്കുന്നതിനിടയിൽ സത്യംപറയണമെന്നും നീതിപാലിക്കണമെന്നും ന്യായദീക്ഷ കൈക്കൊള്ളണമെന്നും പഠിക്കാൻ എവിടെയാണവസരമുള്ളത്? പ്രഫസർമാരെയും ലക്ചറർമാരെയും ആദരിക്കണമെന്നും അവരെ കൂക്കിവിളിക്കുകയോ പരിഹസിക്കുകയോ ചെയ്യുന്നത് അക്ഷന്തവ്യമായ അപരാധമാണെന്നും പറഞ്ഞുകൊടുക്കാനാരുണ്ട്? ഇന്നലെവരെയും തന്റെ അദ്ധ്യാപകനെ കൂക്കിപ്പഠിച്ച വിദ്യാർത്ഥി, നാളെ അദ്ധ്യാപകനായിവരുന്നപക്ഷം തന്റെ വിദ്യാർത്ഥികളോടയാൾ എങ്ങിനെ പെരുമാറുമെന്നതു ഒരു ചിന്താവിഷയമാണ്. കേവലമായ ചരിത്രവും സാഹിത്യവും ശാസ്ത്രവും സാങ്കേതിക വിജ്ഞാനവും കൊണ്ട് ലക്ഷ്യം സാക്ഷാത്കരിച്ചെന്നഹങ്കരിക്കുകയാണ് ആധുനിക വിദ്യാർത്ഥി. നമ്മുടെ വിദ്യാഭ്യാസത്തിന്റെ പരാജയകാരണം തൊഴിൽപരിശീലനത്തിന്റെ അഭാവമാണെന്ന് പറയാറുണ്ട്. പക്ഷെ അതു മാത്രമാണ് കാരണമെന്നു വിശ്വസിക്കുന്നതു ഭോഷത്വമാണ് ഇന്നത്തെ കുഴപ്പങ്ങളിൽ തൊഴിലാളികളും പിന്നിലല്ലെന്നാണ് അനുഭവം വിളിച്ചറിയിക്കുന്നത്. മനുഷ്യനെ മനുഷ്യത്വത്തിന്റെ ഉന്നതപദവിയിലുറപ്പിച്ചുനിർത്തുന്ന ചില സവിശേഷതകളുണ്ട്. അവയാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. അദ്ധ്യാപകനും അദ്ധ്യേതാവിനും തൊഴിലാളിക്കും മുതലാളിക്കും അത്യാവശ്യമാണ്. അവയുടെ അദ്ധ്യാപനം വിദ്യാഭ്യാസത്തിലൂടെ സാധിക്കാത്ത കാലത്തോളം അന്തരീക്ഷം തെളിയാൻ പോകുന്നില്ല. വിദ്യാർത്ഥികളുള്ള ബസ്സിൽ കയറാൻ സാധാരണക്കാരൻ ഭയപ്പെടുന്നു. തങ്ങളുടെ വ്യവസായമേഖലകളിൽ ബിരുദധാരികളെ സൽക്കരിച്ചിരുത്താൻ പണക്കാർ മുന്നോട്ടുവരുന്നില്ല. എന്താണിതിന് കാരണം? അതെ, അവർ ശാസ്ത്രീയവും യുക്തിയുക്തവുമായ മാർഗ്ഗത്തിലൂടെ തങ്ങളെ വഞ്ചിക്കുമെന്നാണ് മറ്റുള്ളവർ അവരെക്കുറിച്ച് ദൂരദർശനം ചെയ്യുന്നത്. എത്ര വലിയ ബിരുദം സമ്പാദിച്ചിട്ടും അവൻ വിദ്യാസമ്പന്നൻ

(Educated man) ആണെന്നു സമൂഹം വിലമതിക്കുന്നില്ല. 'സംസ്കാരത്തിന്റെ പ്രതീക'ങ്ങളായ ഇന്നത്തെ വിദ്യാർത്ഥികളുടെ 'സാംസ്കാരിക പ്രവർത്തനങ്ങൾ' കൌതുകപൂർവ്വം വീക്ഷിക്കുന്ന അസംസ്കൃതനെന്ന് വിശേഷിപ്പിക്കപ്പെടുന്ന—വിദ്യാലയത്തിന്റെ പടിവാതിൽ കയറിയിരിക്കില്ല—സാധാരണക്കാരൻ നെടുവീർപ്പിടുകയാണ്. ആധുനികവിദ്യാഭ്യാസത്തിന്റെ ദയനീയമായ പരാജയത്തിന്റെ മൂകസാക്ഷിയാണീ സ്ഥിതിവിശേഷം. ഒരു യൂനിവേഴ്സിററിയിൽനിന്ന് ബിരുദം നേടിയ ആൾ സമൂഹത്തിന് ഉത്തരമാതൃകയായിരിക്കണം. അയാൾക്കു സമുദായത്തോടും സമുദായത്തിനയാളോടും ചില ബാദ്ധ്യതകളുണ്ട്. അയാളുടെ നൈമിഷികമായ ചലനങ്ങൾപോലും അനുകരണീയങ്ങളായിരിക്കണം. യൂനിവേഴ്സിററികളുടെയും ബിരുദധാരികളുടെയും ആധിക്യം ഇന്നൊരു പ്രശ്നമായി മാറിയിരിക്കുന്നു. എന്നിട്ടും സമൂഹം അനുദിനമെന്നോണം അധർമ്മത്തിന്റെ പടുകുഴിയിലേക്ക് തള്ളപ്പെടുകയാണു ചെയ്യുന്നത്. എത്രമാത്രം ദയനീയമായ ഒരു വിരോധാഭാസമാണിത്? ആധുനികവിദ്യാഭ്യാസത്തിൽ ശ്രദ്ധേയമായ പരിവർത്തനങ്ങൾ വരുത്തുകയെന്നതു കാലത്തിന്റെ പരിഗണനീയമായ ആവശ്യമാണ്. വിദ്യാഭ്യാസത്തെ ഒരു ചിന്താവിഷയമായി സ്വീകരിച്ചവർ വിഷയത്തിന്റെ മറുവശത്തെക്കുറിച്ചും ചിന്തിച്ചുതുടങ്ങിയിട്ടുണ്ട്. അതിന്റെ മന്ദമായ ചലനങ്ങൾ നാട്ടിന്റെ മുക്കുമൂലകളിൽ ദർശനീയമാകുന്നുണ്ട്. ഭൌതികവിദ്യാഭ്യാസത്തിൽ ആദ്ധ്യാത്മികാദ്ധ്യാപനവും കൂടി ഉൾപ്പെടുത്തേണമെന്നു പലരും അഭിപ്രായപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഭൌതികവും സാംസ്കാരികവുമായ ചുററുപാടുകളിലൂടെ തന്റെ കഴിവുകളെ വളർത്തുവാനും വ്യക്തിത്വത്തെ വികസ്വരമാക്കുവാനും ഒരാൾക്കു വിദ്യാഭ്യാസത്തിലൂടെ സാധിക്കണം. അതിന്റെ മുന്നോടിയെന്നോണം മനുഷ്യഹൃദയത്തിൽ ആത്മീയതയുടെ തെളിനീരൊഴുകണം. അതോടൊപ്പം ധാർമ്മികമൂല്യങ്ങളും സാന്മാർഗ്ഗികബോധവും അവനിൽ വളർന്നുല്ലസിക്കണം. യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ പൂമൊട്ടുകൾ അവിടെ മാത്രമേ വിടരുകയുള്ളു. അതിനെക്കുറിച്ച് ചിന്തിക്കാനും ശ്രദ്ധിക്കാനും ഉൽബുദ്ധരായ ജനത മുന്നോട്ടു വരുന്നുണ്ടെങ്കിൽ സമുദായത്തെ സംബന്ധിച്ചേടത്തോളം ആശാകിരണങ്ങളാണവ. അതിന്റെ മന്ദമായ അലകൾ സമുദായസാഗരത്തിലൂടെ മുന്നോട്ടുനീങ്ങുന്നുണ്ടെങ്കിൽ, രാഷ്ട്രത്തിന്റെ ശോഭനമായ പുരോഗതിയിലേക്കുള്ള നാഴികക്കല്ലുകളായിരിക്കും അവ.